ജൂൺ 2019

# ക്രൈസ്തവ കാഹളം

## കൃപ നിറയുന്ന കുടുംബങ്ങൾ





കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, അറിയപ്പെടാത്തവളെങ്കിലും ഏകസത്യദൈവത്തെയും അവൻ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നവളായും, മരിക്കുന്നവരെപ്പോലെയായിരുന്നെങ്കിലും ജീവിക്കുന്നവളായും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

# വിരമിക്കുന്നു





പത്തനംതിട്ട രൂപതാദ്ധ്യക്ഷ സ്ഥാനത്തുനിന്ന് അഭിവന്ദ്യ **യൂഹാനോൻ മാർ ക്രിസോസ്റ്റം** പിതാവും മുവാറ്റുപുഴ രൂപതാദ്ധ്യക്ഷ സ്ഥാനത്തുനിന്ന് അഭിവന്ദ്യ **എബ്രഹാം മാർ യൂലിയോസ്** പിതാവും സ്ഥാനം ഒഴിയുന്നു.

# സ്ഥാനാരോഹണം





പത്തനംതിട്ട രൂപതാ മെത്രാപ്പോലീത്തയായി അഭിവന്ദ്യ **സാമുവൽ മാർ ഐറേനിയോസ്** പിതാവ് 2019 ജൂൺ 8നും മൂവാറ്റുപുഴ രൂപതാ മെത്രാപ്പോലീത്തയായി അഭിവന്ദ്യ **യൂഹാനോൻ മാർ തെയഡോഷ്യസ്** പിതാവ് 2019 ജൂൺ 12നും ചുമതല ഏറ്റെടുക്കുന്നു.




വാല്യം 80
ലക്കം 6

# ഉള്ളടക്കം





7 പിതൃമൊഴി




6 എഡിറ്റോറിയൽ

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ
പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള കോർ എപ്പിസ്കോപ്പാ
എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി
ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com
പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു
ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം
സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത് - 9446703056
മാർക്കറ്റിംഗ് & അഡ്വർടൈസ്മെന്റ്
റവ. ഫാ. ആന്റണി മരിയഭവൻ
കവർ & ലേഔട്ട്
Fingraph - 9387811920
ഫോട്ടോഗ്രാഫ്സ്
തോമസ് മാത്യു നെല്ലുവേലിൽ
പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം-4
വിലാസം
ക്രൈസ്തവ കാഹളം
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്, പട്ടം, തിരുവനന്തപുരം-4





10 കൃപ നിറയുന്ന കുടുംബങ്ങൾ






15 കുടുംബങ്ങൾ ദൈവഭക്തിയുടെ വിളനിലങ്ങൾ






18 സഭാ അസംബ്ലിയിലൂടെ കുടുംബങ്ങൾ നവജീവനിലേക്ക്

20 തിരഞ്ഞെടുപ്പിന്റെ ബാക്കിപത്രം

22 അതുല്യദാനം,
നിരന്തര സഹകരണം

26 ഗ്വാഡലൂപ്പേ മാതാവ്
(Our Lady of Guadalupe, Mexico)

30 മോത്തു പ്രോപ്രിയോ
"Vos estis lux mundi"

33 മഗ്ദലേന

34 വിശുദ്ധനായ താപസ ശ്രേഷ്ഠ,
സമാധാനത്താലെ പോകുക...

37 സ്നേഹ സ്മരണിക
സിസ്റ്റർ ഫ്രാൻസീനാ ഡി.എം.

38 അരുത്;
താരതമ്യം ചെയ്യരുത്




# കുടുംബങ്ങൾ നവജീവനിലേക്ക്

മനുഷ്യസമൂഹത്തെ നിലനിർത്തുവാൻ ദൈവം വിഭാവന ചെയ്ത ഏറ്റവും ഉത്തമമായ മാർഗ്ഗമായിരുന്നു കുടുംബങ്ങൾ. സ്ത്രീയും പുരുഷനും ഏകരായിരിക്കുന്നത് നന്നല്ല എന്ന ദൈവീക ആലോചനയിലാണ് അവരെ ഒരുമിച്ചു ചേർക്കുന്ന കുടുംബങ്ങൾ രൂപമെടുക്കുന്നത്. തുടർന്ന് മനുഷ്യചരിത്രത്തിൽ കുടുംബങ്ങളിൽ മക്കളെ നൽകി, ഭൗതിക സമ്പത്ത് നൽകി ഇടപെടുകയും കുടുംബങ്ങളെ തന്നോട് ചേർത്തു നിർത്തുകയും ചെയ്യുന്ന ദൈവത്തെ നാം കാണുന്നു. തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം തന്നോട് അവിശ്വസ്തത പുലർത്തിയപ്പോൾ ദൈവം അവരെ ബോധ്യപ്പെടുത്തുവാൻ ഉപയോഗിച്ച ഏറ്റവും നല്ല ഉദാഹരണം കുടുംബബന്ധങ്ങളിലെ വിശ്വസ്തത ആയിരുന്നു. കുടുംബബന്ധങ്ങളുടെ വിശുദ്ധി ദൈവം അത്രമാത്രം വില കല്പിച്ചിട്ടുള്ള ഒന്നായിരുന്നു. പഴയനിയമത്തിൽ നിന്നും പുതിയ നിയമത്തിലേക്ക് വരുമ്പോൾ ഒരു കുടുംബത്തിൽ മനുഷ്യനായി പിറക്കുകയും ജീവിക്കുകയും ചെയ്യുന്ന കർത്താവിനെ നാം കണ്ടുമുട്ടുന്നുണ്ട്. കുടുംബങ്ങളിൽ പ്രവേശിക്കുകയും അവരോടൊപ്പം ഭക്ഷണത്തിന് ഇരിക്കുകയും അവരെ പഠിപ്പിക്കുകയും ഒപ്പം പ്രാർത്ഥിക്കുകയും ചെയ്യുന്ന കർത്താവ് സുവിശേഷങ്ങളിൽ നമുക്ക് സുപരിചിതനാണ്. ജീവൻ നഷ്ടപ്പെട്ട കുടുംബങ്ങളെ നവജീവനിലേക്കും രക്ഷയിലേക്കും മടക്കിക്കൊണ്ടുവരുന്ന കർത്താവ് തന്റെ ദൗത്യ നിർവഹണത്തിന്റെ പ്രധാന ഏടുകളിൽ കുടുംബത്തെ പ്രതിഷ്ഠിച്ചു. "ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു" എന്ന് കർത്താവ് സക്കേവൂസിന്റെ ഭവനത്തിൽ പ്രഖ്യാപിക്കുമ്പോൾ വ്യക്തമാകുന്നത് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന ഭാവങ്ങൾ രൂപമെടുക്കേണ്ടത് കുടുംബങ്ങളിലാണ് എന്നാണ്.

കുടുംബങ്ങളെ ബലഹീനമാക്കുന്ന പുതു പുത്തൻ പ്രവണതകൾ കുറച്ചുനാളായി മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും നുഴഞ്ഞു കയറിയിട്ടുണ്ട്. നവീന ജീവിതശൈലികളും തൊഴിൽ മേഖലകളും ധനസമ്പാദന രീതികളും കുടുംബങ്ങളെ ശിഥിലമാക്കുന്ന പുത്തൻ പ്രവണതകൾക്ക് ആക്കം കൂട്ടി. കുടുംബ ജീവിതത്തെ വെല്ലുവിളിക്കുന്ന വൈരുദ്ധ്യങ്ങളെ രാഷ്ട്രങ്ങൾ നൈയാമികമായി സാധുത നൽകി പ്രോത്സാഹിപ്പിക്കുന്ന അപകടകരമായ സ്ഥിതി വിശേഷം ഇന്ന് ശക്തമാണ്. ലോകത്തിലെ അനേക രാജ്യങ്ങൾ നൈമിഷികമായ സുഖങ്ങളുടെയും വീണ്ടുവിചാരമില്ലാത്ത അവകാശവാദങ്ങളുടെയും മുന്നിൽ മുട്ടുമടക്കി കുടുംബങ്ങളെ തകർക്കുന്ന നിയമനിർമാണത്തിന് മുന്നിട്ടിറങ്ങിയപ്പോൾ കൊടുക്കേണ്ടി വന്ന വില വളരെ വലുതാണ്. കുടുംബങ്ങൾ ആ നാടുകളിൽ അന്യമായി. മക്കൾ- മാതാപിതാക്കൾ എന്ന സങ്കല്പം തകർന്നടിഞ്ഞു. വീടുകൾ കാലിയായി. അവശേഷിക്കുന്നത് വൃദ്ധർ മാത്രം. അവിടേക്ക് അഭയാർത്ഥികളും കുടിയേറ്റക്കാരും കടന്നുകയറി. ഒപ്പം നടന്നത് ഒരു സാംസ്കാരിക അധിനിവേശം കൂടിയായിരുന്നു. ആ രാജ്യങ്ങളെല്ലാം തന്നെ ഭൗതിക സാഹചര്യങ്ങളിൽ മുന്നിൽ നിൽക്കുമ്പോഴും തകർന്നടിഞ്ഞ സാമൂഹികപശ്ചാത്തലത്താൽ വീർപ്പുമുട്ടുകയാണ്.

മാധ്യമങ്ങളും ഇന്നത്തെ സമൂഹത്തിൽ കുടുംബങ്ങളെ ശിഥിലമാക്കുന്ന പ്രവണതകളെ പാലും തേനും നൽകി പ്രോത്സാഹിപ്പിച്ചു. ഒരു സമയത്ത് വൈകുന്നേരങ്ങളിൽ ഭവനങ്ങളിലേക്ക് ക്ഷണിക്കാതെ അതിഥികളായി കടന്നുവന്ന സീരിയലുകളും അതിൻറെ സന്ദേശങ്ങളും കുടുംബ ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തി. ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുന്നതിനു പകരം എല്ലാവരും ഒരുമിച്ചിരുന്ന് സീരിയലുകൾ കണ്ട് കണ്ണുനീർവാർത്തു. ഭാവനയിൽ പൊട്ടി വിരിഞ്ഞ ആ കഥയും കഥാപാത്രങ്ങളും യാഥാർത്ഥ്യം ആണെന്ന് തെറ്റിദ്ധരിച്ച് ആവരണങ്ങളായി കുടുംബങ്ങളും വ്യക്തികളും എടുത്തു ധരിച്ചു. തുടർന്ന് ചാനലുകൾ പ്രോത്സാഹിപ്പിച്ച വഴിവിട്ട ചർച്ചകൾ, സംവാദങ്ങൾ, തുടങ്ങിയവ കുടുംബജീവിതത്തിനെതിരായ വൈരുദ്ധ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നവയായി മാറി. കുടുംബങ്ങൾ തകർന്നാലും തങ്ങളുടെ റേറ്റിംങ്ങിന് അപ്പുറത്ത് ഒന്നിലും അവർക്ക് താൽപര്യമില്ല.

ഈ പശ്ചാത്തലത്തിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭാ കൃപനിറയുന്ന കുടുംബങ്ങൾ എന്ന വിഷയവുമായി അതിന്റെ ദ്വിതീയ അസംബ്ലിക്ക് ഒരുക്കങ്ങൾ നടത്തുന്നത്. ഈ അസംബ്ലിയും അതിനോടനുബന്ധമായും തുടർന്ന് നടക്കുന്നതുമായ ചർച്ചകളും വിചിന്തനങ്ങളും നമ്മുടെ കുടുംബങ്ങളെ നവജീവനിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല.



bovasmathew@gmail.com
9447661943

ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ,




# കൃപ നിറഞ്ഞൊഴുകുന്ന കുടുംബങ്ങൾ

“ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്” (യോഹ 10:10). ഈ കർത്തൃ വചനം ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും ഘടകങ്ങളെയും സ്വാധീനിക്കുന്നതിനെയാണ് സൗഭാഗ്യജീവിതം എന്ന് നാം വിളിക്കുന്നത്. ഇത് വ്യക്തികളെയും കുടുംബങ്ങളെയും സമൂഹങ്ങളെയും കുറിച്ച് സ്വർഗ്ഗത്തിനുള്ള പദ്ധതിയാണ്. ദൈവപദ്ധതി നമ്മുടെ നാശത്തിനായിട്ടല്ലല്ലോ; മറിച്ച് നമ്മുടെ രക്ഷയ്ക്കായിട്ടല്ലേ? ‘കൃപനിറയുന്ന കുടുംബങ്ങൾ’ എന്ന വിഷയം മലങ്കര സുറിയാനി കത്തോലിക്കാ സഭ, പ്രാർത്ഥനയ്ക്കും വിചിന്തനത്തിനും സമർപ്പണത്തിനുമായി, സഭാ അസംബ്ലിയിലൂടെ സ്വീകരിക്കുകയാണ്. 2011-ലെ സഭാ അസംബ്ലിയിൽ നാം തെരഞ്ഞെടുത്തത് ‘സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ’ എന്നതായിരുന്നു. നമ്മുടെ സഭയിലെ അടിസ്ഥാന ചിന്തയായി കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം സ്വീകരിച്ച പ്രസ്തുത വിഷയം സഭയുടെ എല്ലാ തലങ്ങളെയും യഥാർത്ഥത്തിൽ സ്വാധീനിച്ചു കഴിഞ്ഞു. അതിന്റെ അനുരണനങ്ങൾ ഇന്ന് സഭയിൽ ഗുണപരമായ വളർച്ച ഉളവാക്കുവെന്നതിൽ നമുക്ക് സന്തോഷിക്കാം, ദൈവത്തെ സ്തുതിക്കാം. സ്വഭാവത്താലെ, സഭ പ്രക്ഷിതയാണ് എന്ന തിരുസഭാ പ്രബോധനം ഗാർഹിക സഭയോട് ചേർത്ത് പ്രാർത്ഥിക്കുമ്പോൾ, ക്രിസ്തീയ ജീവിതമുള്ള കുടുംബങ്ങൾ ഇന്നിന്റെ ആവശ്യമെന്നത് നമുക്ക് ബോദ്ധ്യപ്പെടും. ജീവന്റെ സമൃദ്ധി കർത്താവിന്റെ ദാനവും അവിടുത്തെ വാഗ്ദാനവുമാണ്. സഭയുടെ എല്ലാ ശുശ്രൂഷകളെയും ശുശ്രൂഷകരെയും സത്താപരമായി സ്വാധീനിക്കുന്ന ഘടകം കുടുംബമാണ്; അതും കൃപനിറയുന്ന കുടുംബങ്ങൾ!

ക്രിസ്തീയ ശൈലികളും സമീപനങ്ങളും നടപടികളും ജീവിതക്രമങ്ങളും രൂപപ്പെട്ട് പ്രാവർത്തികമാകുന്നത് പ്രാർത്ഥനയുടെയും പ്രബോധനത്തിന്റെയും അവ ജീവിക്കുവാനുള്ള സമർപ്പണത്തിന്റെയും ഫലമായിട്ടാണ്. ലോകം മുഴുവൻ നിലനിൽപ്പിന്റെ പോരാട്ടത്തിലാണ്; ഒപ്പം ജീവിതത്തെ നിലനിർത്തുന്ന ഘടകങ്ങളും. രാഷ്ട്രത്തിന്റെയും സഭയുടെയും അടിസ്ഥാന ഘടകമായ കുടംബം ഇന്ന് സമ്മർദ്ധങ്ങളുടെ നടുവിലാണ് എന്ന വേദനിപ്പിക്കുന്ന യാഥാർത്ഥ്യം നാം മറക്കരുത്. ഈ ഓർമ്മയിലാണ് നമ്മുടെ പരിശുദ്ധ സുന്നഹദോസ് സഭയുടെ അടുത്ത അസംബ്ലിയുടെ ചിന്താ വിഷയമായി ‘കുടുംബം’ തെരഞ്ഞെടുത്തത്. നമ്മുടെ കുടുംബങ്ങൾ പ്രചോദനമാകണമെങ്കിൽ

അത് കൃപയാൽ നിറയണം, യേശു കർത്താവ് കുടുംബത്തിന്റെ രക്ഷകനായി ഭവിക്കണം. ഈ ഗൗരവതരമായ വിഷയം സഭാ അസംബ്ലിയിലൂടെ, അതിന്റെ പ്രാദേശിക ആവിഷ്ക്കാരമായ ഭദ്രാസന, ജില്ല, ഇടവക തലങ്ങളിൽ പ്രാർത്ഥനനയ്ക്കും വിചിന്തനത്തിനുമായി സമർപ്പിക്കുകയാണ്. കുടുംബത്തെക്കുറിച്ചുള്ള അടിസ്ഥാന സങ്കൽപ്പങ്ങളെ വെല്ലുവിളിക്കുകയും അതിനെ തകർക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന സംഘടിത ശ്രമങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്. വിവാഹവും കുടുംബവും കുഞ്ഞുങ്ങളും ഗർഭഛിദ്രങ്ങളും ദയാവധവും പ്രോ ലൈഫ് പ്രവർത്തനങ്ങളുമെല്ലാം നമ്മുടെ വിചിന്തനത്തിന്റെ ഭാഗമാക്കേണ്ടതുണ്ട്. കൃപയുള്ള, കൃപനിറഞ്ഞു കവിഞ്ഞൊഴുകുന്ന കുടുംബങ്ങൾ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

സമൂഹത്തിന്റെയും സഭയുടെയും അടിസ്ഥാന ഘടകമായ കുടുംബം നിലനിന്നതും വളർന്നതും അത് ദൈവ പദ്ധതിയായതിനാലാണ്. കുടുംബങ്ങളുടെ സംരക്ഷണത്തിന് നമ്മുടെ പൂർവ്വികർ ഏറ്റെടുത്തിട്ടുള്ള ത്യാഗത്തെ നാം നന്ദിയോടെ ഓർക്കണം. കുടുംബം സജീവമാകുവാൻ അവർ തെരഞ്ഞെടുത്ത ആത്മീയതയെ നാം അഭിനന്ദിക്കണം, അത് സ്വാംശീകരിക്കണം. എത്ര മനോഹരമായി കുടുംബത്തെ അവർ അണിയിച്ചൊരുക്കി, തലമുറകളിലേക്ക് കൈമാറി നൽകി. ഇന്നും നമ്മുടെ കുടുംബങ്ങൾ നിലനിൽക്കുന്നതിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഒന്ന് പൂർവ്വികരുടെ ദൈവാശ്രയബോധവും കുടുംബ വിചാരവുമാണ്. കുടുംബം സംരക്ഷിക്കപ്പെടുന്നത് തെരഞ്ഞെടുപ്പിലൂടെയാണ് തീർച്ച! ഏത് തരം കുടുംബമാണ് ഞങ്ങൾക്ക് വേണ്ടതെന്നുള്ള മാതാപിതാക്കളുടെ തെരഞ്ഞെടുപ്പു തന്നെ! ഞങ്ങളുടെ കുടുംബത്തിന്റെ അടിസ്ഥാന ബന്ധം ആരോട്? എന്തിനോട്? ആർക്കാണ് ഞങ്ങൾ കുടുംബത്തിന്റെ വിലയിരുത്തൽ സർട്ടിഫിക്കറ്റ് (audit report) കൊടുക്കേണ്ടത്? ഞങ്ങളുടെ കുടുംബം എങ്ങനെ ആകണം? എങ്ങനെ അറിയപ്പെടണം? ഇവയെല്ലാ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാന ചോദ്യങ്ങളാണ്. കുടുംബം! അതേ ഒരു തെരഞ്ഞെടുപ്പിന്റെ ഫലമാണത്!

ജീവിതത്തിൽ ആവശ്യമായതെല്ലാം ബോധപൂർവ്വം നാം തെരഞ്ഞെടുക്കുന്നുണ്ടല്ലോ. പഠനം, ഉപരിപഠനം, ജോലി, വീട്, മറ്റു ഘടകങ്ങൾ എല്ലാം നാം തെരഞ്ഞെടുക്കുകയാണ്. നമ്മുടെ കുടുംബം അഥവാ തലമുറ എങ്ങനെയിരിക്കണമെന്നത് നാം തെരഞ്ഞെടുക്കുക തന്നെ വേണം. ദൈവബന്ധമുള്ള കുടുംബമാണോ നമുക്ക് വേണ്ടത്? തെരഞ്ഞെടുക്കണം! കാരണം; ഇതിന് വിപരീതമായതും വെല്ലുവിളിക്കുന്നതുമായ അനേകം മോഡലുകൾ ഇന്ന് സമൂഹത്തിലുണ്ട്. അതിനാൽ കുടുംബത്തെ നാം തെരഞ്ഞെടുക്കണം, സ്വീകരിക്കണം!

Socialization- സാമൂഹ്യവൽക്കരണം- അതിന്റെ വർദ്ധമാനമായ തലത്തിൽ നിൽക്കുമ്പോഴും കുടുംബ ബന്ധങ്ങൾ യാന്ത്രികമാകുന്ന ദയനീയ ചിത്രം നമ്മുടെ കൺമുന്നിലുണ്ട്. സ്വാർത്ഥത വളരെയേറെ പിടിമുറുക്കിയിരിക്കുന്ന ഒരു പശ്ചാത്തലം നമ്മുടെ കുടുംബങ്ങളുടെ മുകളിൽ കാർമേഘമായി നിലകൊള്ളുന്നു. വിശാല കുടുംബ ബന്ധങ്ങൾ നമ്മുടെ അണുകുടുംബങ്ങൾക്ക് തിരിച്ചറിയാൻ കഴിയാതെ പോകുന്ന കാഴ്ച എത്ര ദു:ഖകരമാണ്! നമ്മുടെ വീട്ടിൽ വളരുന്ന മക്കൾക്ക് അവരുടെ അപ്പനും അമ്മയ്ക്കും അപ്പുറത്തുള്ള കുടുംബ ബന്ധങ്ങൾ ചൂണ്ടിക്കാണിക്കാനും പരിചയപ്പെടുത്താനും കുടുംബാംഗങ്ങൾ ഇല്ലാതെ പോകുന്നു എന്നതാണ് സത്യം. അതുകൊണ്ടു തന്നെ നമ്മുടെ വിവാഹവും മാമോദീസായും ശവസംസ്കാരവും Event managers തട്ടിക്കൊണ്ടു പോകുന്നു. നമ്മുടെ കുട്ടികൾ, പഠനകാലത്ത് ഒരു പരിചയവും ഇല്ലാത്തവരുടെ വിരുന്നുകളിൽ വിളമ്പുകാരാകുന്നതിന് മടികാണിക്കുന്നില്ലാ. എന്നാൽ നമ്മുടെ കുടുംബങ്ങളിലെ വിശേഷങ്ങളിൽ ഇവരെ കാണാനില്ലല്ലോ. കുടുംബ മൂല്യങ്ങൾ, ബന്ധങ്ങളുടെ കരുത്തും വലിപ്പവും പുതിയ തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടാതെ ഇരിക്കുമ്പോൾ തലമുറയിലേക്കുള്ള കണ്ണികൾ മുറിയുകയാണെന്ന സത്യം നാം തിരിച്ചറിയേണ്ടേ? സമയം അതിക്രമിച്ചു കഴിഞ്ഞു.

കുടുംബത്തിന്റെ ആത്മീയത നിലനിർത്തുമ്പോൾ മാത്രമാണ് കുടുംബത്തിന്റെ ഭദ്രത ഉറപ്പാകുന്നത്. ആത്മീയ മൂല്യങ്ങൾക്ക് വിലകൊടുക്കുന്നത് കുടുംബത്തെ ഉറപ്പിക്കലാണ്. പ്രാർത്ഥിക്കുന്ന കുടുംബങ്ങൾ എന്നേക്കും നിലനിൽക്കും എന്നുള്ള തിരുവചനം, പൂർവ്വീകരുടെ അനുഭവം നമ്മുടെ തലമുറക്ക് ഇന്ന് ആവശ്യമാകുന്നു. അതുകൊണ്ടു തന്നെ ദൈവിക കൃപ നിറഞ്ഞൊഴുകുന്ന കുടുംബങ്ങൾ അത് പ്രാർത്ഥനയിലാണ് ആരംഭിക്കുന്നത് എന്ന വലിയ യാഥാർത്ഥ്യം നാം മറക്കുന്നു. പരസ്പരം സ്നേഹത്തിന്റെയും കരുതലിന്റെയും ശുശ്രൂഷയിൽ വലിയ

പാഠങ്ങൾ നമ്മുടെ തലമുറ പഠിക്കുന്നത് കുടുംബങ്ങളിൽ നിന്നാണ്. സ്നേഹത്തിന്റെ പാഠങ്ങൾ കുടുംബങ്ങളിൽ നിന്ന് പഠിക്കുന്നില്ലെങ്കിൽ പിന്നെവിടെ നിന്നാണ് നമുക്കത് ലഭിക്കുക? പാഠപുസ്തകങ്ങളിൽ നിന്ന് നമുക്ക് അറിവ് ധാരാളം ലഭിക്കും. എന്നാൽ സ്നേഹത്തിന്റെയും പരിചരണത്തിന്റെയും കരുതലിന്റയും തലമുറകളുടെ ഇടയിൽ നിലനിൽക്കുന്ന ബന്ധങ്ങളുടെയും പാഠങ്ങളും അനുഭവങ്ങളും നമുക്ക് അത് ജീവിച്ച് പഠിക്കേണ്ടതും, ജീവിച്ച് അനുഭവിക്കേണ്ടതും, ജീവിച്ച് കൈമാറ്റം ചെയ്യപ്പെടേണ്ടതുമാണ്.

കുടുംബമെന്ന വലിയ ദൈവികദാനത്തിന്റെ ആരംഭം പറുദീസായിലാണ് ആരംഭിക്കുന്നത്. തന്റെ കൈകൾ കൊണ്ട് മണ്ണിൽ മെനഞ്ഞ മനുഷ്യരൂപത്തെ ദൈവം കുടുംബമെന്ന മഹാ സംവിധാത്തെക്കൂടി രൂപപ്പെടുത്തുകയായി. ദൈവത്തിന്റെ കരങ്ങളിലാണ് കുടുംബം ആദ്യമായി രൂപപ്പെട്ടത്. അതുകൊണ്ടു തന്നെ അതിന്റെ കൗദാശിക ഭാവം എത്രയോ വലിയ ഒരു സത്യമാണ് വിളിച്ചു പറയുന്നത്. ചില ധാരണകൾക്കും, ചില ഉടമ്പടികൾക്കും അപ്പുറത്ത് ദൈവത്തെ മുൻനിർത്തി മനുഷ്യൻ നടത്തുന്ന തീർത്ഥാടനമാണ് ഈ ലോകത്ത് കുടുംബ ജീവിതം. ആ സ്നേഹത്തിലും വിശ്വാസത്തിലുമാണ് നമുക്ക് മുന്നോട്ടു പോകേണ്ടത്. ദൈവസ്നേഹത്താൽ നിറയുന്ന കുടുംബങ്ങളും കുടുംബ ബന്ധങ്ങളുമാണ് നമുക്കിന്നാവശ്യം. അവിടെ വ്യക്തികളുടെ സ്വാർത്ഥതയുടെ സ്നേഹത്തിനും വൈകാരികതയ്ക്കും അപ്പുറത്ത് ഒരു ആത്മീയ തലമുണ്ടെന്ന് നാം മറന്നു പോകരുത്. നമ്മുടെ കുടുംബങ്ങൾ സഭയോടും സമൂഹത്തോടും അതിന്റെ നന്മയിലും വളർച്ചയിലും വിശ്വാസമർപ്പിച്ച് അതിനായി പരിശ്രമിക്കുകയും ദൈവിക സംവിധാനങ്ങളാൽ ദൈവിക കൃപ നിറഞ്ഞൊഴുകുന്ന ആത്മീയ കേന്ദ്രങ്ങളായി നിലനിൽക്കുവാൻ, പ്രായോഗികമായ അജപാലനപരമായ ധാരാളം സമീപനങ്ങളും പ്രബോധനങ്ങളും ഈ കാലഘട്ടത്തിൽ ഉരുത്തിരിയേണ്ടതായിട്ടുണ്ട്. നമ്മുടെ ആരാധനയിലും നമ്മുടെ പാരമ്പര്യങ്ങളിലും അടിസ്ഥാന ക്രിസ്തീയ മൂല്യങ്ങളിലും നിലനിന്നു കൊണ്ടു തന്നെ ഈ നിർദ്ദേശങ്ങൾ രൂപപ്പെടണം. നമ്മുടെ ഇടവകകളിലും സഭയുടെ മറ്റ് തലങ്ങളിലും അതിനാവശ്യമായ ചർച്ചകളും പഠനങ്ങളും തുടർന്നു വരുന്ന ദിവസങ്ങളിൽ നടക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ എല്ലാ ഊർജ്ജവും നാം സ്വീകരിക്കേണ്ടത് നമ്മുടെ സഭയുടെ അടിസ്ഥാനപരമായ വിശ്വാസ പ്രബോധനങ്ങളിൽ നിന്നും ദൈവവചനത്തിൽ നിന്നും സർവ്വോപരി നമുക്കായി മുറിക്കപ്പെട്ട കർത്താവിന്റെ തിരുശരീരരക്തങ്ങളിൽ നിന്നും അതിന്റെ സ്വീകരണത്തിൽ നിന്നുമാണ്. വി.കുർബാനയിൽ കേന്ദ്രീകരിക്കുന്ന കുടുംബജീവിതങ്ങൾ, കുടുംബ ബന്ധങ്ങൾ നമുക്ക് ഈ കാലഘട്ടത്തിൽ ഏറ്റം അനിവാര്യമാണ്, അത്യാവശ്യമാണ്. ഈ ഒരു യാഥാർത്ഥ്യം നമ്മുടെ എല്ലാ കുടുംബങ്ങളും കുടുംബങ്ങൾക്ക് നേതൃത്വം നൽകുന്ന മാതാപിതാക്കളും ആ നന്മ സ്വീകരിക്കുന്ന നമ്മുടെ കുഞ്ഞുങ്ങള് ആ നന്മ തലമുറകളിലേക്ക് പകർന്നു കൊടുക്കാൻ നമ്മുടെ മുതിർന്ന തലമുറയിൽപ്പെട്ടവരും ഒരുപോലെ കാണുമ്പോഴാണ് നാം ഈ ലക്ഷ്യത്തിൽ എത്തിച്ചേരുക. കൃപ നിറയുന്ന കുടുംബങ്ങൾ ഉയർന്ന സ്ഥാനത്ത് നിൽക്കട്ടെ! കൃപ നിറയുന്ന കുടുംബങ്ങളാൽ സഭയും ദേശവും കൂടുതൽ ഐശ്വര്യപൂർണ്ണമാകട്ടെ!.

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ്**

മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

കവർ സ്റ്റോറി

# കൃപ നിറയുന്ന കുടുംബങ്ങൾ



റവ. ഫാ. ജോസഫ് വള്ളിയാട്ട്




മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രണ്ടാം ജനറൽ അസംബ്ലി ചർച്ചക്കും പരിചിന്തനത്തിനുമായി “കൃപനിറയുന്ന കുടുംബങ്ങൾ” എന്ന വിഷയം സ്വീകരിച്ചിരിക്കുകയാണല്ലോ. ചർച്ചകൾക്ക് ആമുഖമായി നൽകപ്പെട്ട പഠനരേഖ തയ്യാറാക്കാൻ സഹകരിച്ച ഒരാൾ എന്ന നിലയിൽ ആ രേഖ വായനക്കാർക്കായി പരിചയപ്പെടുത്താനുള്ള ശ്രമമാണ് ഈ കുറിപ്പ്. പഠനരേഖ പുസ്തകരൂപത്തിൽ ലഭ്യമായിക്കഴിഞ്ഞിട്ടുള്ളതുകൊണ്ട് അതിന്റെ ഉള്ളടക്കത്തിന്റെ സംക്ഷിപ്തം അവതരിപ്പിക്കാൻ ശ്രമിക്കുന്നില്ല. പകരം അതിന്റെ പ്രാഥമികമായ ചില ആഭിമുഖ്യങ്ങൾ ശ്രദ്ധയിൽ പെടുത്താനാണ് ആഗ്രഹിക്കുന്നത്. ആമുഖമായിത്തന്നെ പറയാനുള്ളത് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന രേഖയുടെ സ്വഭാവത്തെക്കുറിച്ചാണ്. ഇത് ഒരു ഔപചാരിക പ്രബോധന രേഖയല്ല. ചർച്ചയ്ക്കുതകുന്ന ആശയങ്ങളുടെ സമാഹാരം മാത്രമാണ്. സഭാമക്കൾ ഒരുമിച്ചുള്ള അനവധി സംഭാഷണങ്ങൾക്ക് ഒടുവിൽ പരിശുദ്ധ സുനഹദോസ് സഭാതലവന്റെ അംഗീകാരത്തോടെ ഈ വിഷയത്തിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് ആധികാരിക പ്രബോധനം എന്ന നിലയിൽ നൽകാനുള്ളവ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

### 1. പൊതുസമീപനം

വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് കുടുംബത്തെ മനസ്സിലാക്കാനുള്ള ശ്രമമായിട്ടാണ് പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസ് ഈ രേഖ പുറത്തിറക്കിയിരിക്കുന്നത്. മനുഷ്യ സമൂഹത്തിന്റെ അനുദിന ജീവിതത്തിന്റെ എല്ലാ സങ്കീർണ്ണതകളോടും ചേർന്നുനിൽക്കുന്ന ഒരു വിഷയമാണ് കുടുംബം. അതുകൊണ്ടുതന്നെ കുടുംബം എന്ന വിഷയത്തെ സമീപിക്കാൻ അനവധി മാർഗങ്ങളുണ്ട്. വിശ്വാസം ആധാരമാക്കി കുടുംബത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ തന്നെ കുടുംബം, വിവാഹം എന്നീ സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ അനുദിന അനുഭവങ്ങളെയും പരിഗണിക്കേണ്ടതുണ്ട്. ഇന്നത്ത സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങളെ അവഗണിച്ചുകൊണ്ട് ദൈവശാസ്ത്ര സത്യങ്ങൾ മാത്രം പറഞ്ഞ് വിശ്വാസത്തിന്റെ വിശദീകരണം അവസാനിപ്പിക്കുന്നത് സമകാലീന സഭയുടെ ശൈലി അല്ല. പരി. ഫ്രാൻസിസ് മാർപ്പാപ്പായുടെ പ്രബോധനങ്ങളിൽ സാമൂഹ്യ യാഥാർത്ഥ്യങ്ങളെ വിശ്വാസവിഷയങ്ങളോട്

അടിക്കടി ബന്ധിപ്പിച്ച് വിശദീകരിക്കാൻ ശ്രമിക്കുന്ന ശൈലി കാണാം. ഇത്തരത്തിലൊരു രീതിയാണ് പഠനരേഖയിൽ സ്വീകരിച്ചിട്ടുള്ളത്.

വിശ്വാസത്തെ അധികരിച്ചുതന്നെ കുടുംബജീവിതത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ദൈവകല്പനകളെ മുൻ നിറുത്തിയോ, ധാർമികവിഷയങ്ങളെ മുൻനിറുത്തിയോ, കുടുംബത്തെ സംബന്ധിച്ച് പരമ്പരാഗത മൂല്യസങ്കല്പങ്ങളെ മുൻനിറുത്തിയോ (ദാമ്പത്യ വിശ്വസ്തത, മക്കൾക്കും മാതാപിതാക്കൾക്കും പരസ്പരമുള്ള കടമകൾ മുതലായവ) വിഷയങ്ങൾ ക്രമീകരിക്കാവുന്നതാണ്. എന്നാൽ വിശ്വാസം, സ്നേഹം, പ്രത്യാശ എന്നീ പുണ്യങ്ങളെ മുൻനിറുത്തിയുള്ള ഒരു വിഷയക്രമീകരണമാണ് ഈ രേഖയുടെ രൂപീകരണത്തിനു നേതൃത്വം നൽകിയ പിതാക്കന്മാർ സ്വീകരിച്ചത്. ഇത് ഏറ്റവും ഉചിതമായ ഒരു സമീപനമാണ്. ഉത്തരവാദിത്തങ്ങളുടെയും വിലക്കുകളുടെയും ഒരു സമാഹാരമായി നമ്മുടെ പ്രായോഗിക



സമീപനം മാറാതിരിക്കാൻ ഇത് സഹായിക്കുന്നു. തീർച്ചയായും കുടുംബവുമായി ബന്ധപ്പെട്ട ധാർമിക മൂല്യങ്ങളും, പ്രതിബദ്ധതകളും അതീവ പ്രാധാന്യമർഹിക്കുന്നവയാണ്. അവയ്ക്ക് ഉചിതമായ പ്രാധാന്യം നൽകിയിട്ടുമുണ്ട്. എന്നാൽ ഇവയോട് ചേർന്നും, ഇവയിലുപരിയായും, ക്രിസ്ത്യാനികൾക്ക് പൊതുവായി ലഭിച്ചിട്ടുള്ള വിശുദ്ധിയിലേക്കുള്ള വിളിയുടെ ഭാഗമായി കുടുംബജീവിതത്തെ മനസ്സിലാക്കുന്നതിനും, വിവാഹത്തിനുള്ളിൽ ലഭിക്കുന്ന ദൈവികമായ ശക്തിയും പ്രചോദനവും തിരിച്ചറിയുന്നതിനും പുണ്യങ്ങളെ അധികരിച്ചുള്ള വിഷയക്രമീകരണം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കുടുംബം ഇന്ന് അഭിമുഖീകരിക്കുന്ന അനവധി വെല്ലുവിളികളിൽ പ്രത്യാശയും ആനന്ദവും കൈവിടാതെ സ്ഥിരമായി മുന്നേറുന്നതിന് സഭാമക്കൾ ഒരുമിച്ചുള്ള പരിചിന്തനങ്ങൾ കാരണമാകട്ടെ.

## 2. വിഷയ ക്രമീകരണം

മാനുഷികമായ എല്ലാ പ്രതിസന്ധികൾക്കുമപ്പുറത്ത് ദൃഢതയുള്ള ആത്മബന്ധമായി വിവാഹത്തെ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നത് വിശ്വാസമാണ്. അതേസമയം വിശ്വാസം സ്വീകരിച്ച് പങ്കുവയ്ക്കുന്നതിൽ കുടുംബം എന്ന സംവിധാനം അതീവ ഗൗരവമേറിയ ഒരു പങ്ക് വഹിക്കുകയും ചെയ്യുന്നു. കുടുംബത്തെ വിശ്വാസം എന്ന പുണ്യവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുന്നതിന്, അതുകൊണ്ടുതന്നെ, രണ്ട് മാനങ്ങളുണ്ട് വിശ്വാസത്തിൽ സ്വീകരിക്കപ്പെടുന്ന ദാനമാണ് കുടുംബം; വിശ്വാസത്തിൽ വേരുറയ്ക്കുന്ന ഇടവുമാണ് കുടുംബം. വിശ്വാസത്തെ സംബന്ധിച്ച ഈ രണ്ട് പരിഗണനകൾ രണ്ട് അധ്യായങ്ങളായാണ് പഠനരേഖയിൽ ചേർത്തിട്ടുള്ളത്. ഈ രണ്ടധ്യായങ്ങൾക്കിടയിലാണ് സ്നേഹത്തെക്കുറിച്ചും പ്രത്യാശയുടെ ആവിഷ്കാരം തന്നെയായ ജീവനെക്കുറിച്ചും നാം ചിന്തിക്കുന്നത്. അതുകൊണ്ട് അഞ്ച് അധ്യായങ്ങളാണ് പഠനരേഖക്കുള്ളത്. 1) കുടുംബത്തെ സംബന്ധിച്ച സഭാ പ്രബോധനങ്ങളുടെ ഉറവിടങ്ങൾ വ്യക്തമാക്കുന്ന ആമുഖം. 2) കുടുംബം വിശ്വാസത്തിൽ സ്വീകരിക്കപ്പെടുന്ന ദാനവും രഹസ്യവും എന്നതിനെക്കുറിച്ച് 3) കുടുംബം സ്നേഹത്തിന്റെ ഭവനമാകുന്നു എന്നതിനെക്കുറിച്ച് 4) ജീവന്റെ പരിപാലനത്തിൽ കുടുംബത്തിന്റെ പങ്കിനെക്കുറിച്ച് 5) കുടുംബം വിശ്വാസം പരിപോഷിക്കപ്പെടുകയും പങ്കുവയ്ക്കപ്പെടുകയും ചെയ്യുന്ന ഇടം എന്നതിനെക്കുറിച്ച്.

## 3. അടിസ്ഥാന ആഭിമുഖ്യങ്ങൾ

### a) വിശ്വാസം:

വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിവാഹകൂദാശയെയും കുടുംബ ജീവിതത്തെയും മനസ്സിലാക്കാനുള്ള ശ്രമമാണ് ഈ രേഖയുടെ ഉള്ളടക്കം എന്ന് സൂചിപ്പിച്ചല്ലോ. കുടുംബം എന്ന സങ്കീർണ്ണയാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ ഒരു ക്രൈസ്തവനുണ്ടാകേണ്ട അത്യാവശ്യം വെളിച്ചം വിശ്വാസത്തിന്റേത് തന്നെയാണ്. ഒന്നാമതായി, വിവാഹം ഒരു കൂദാശയാണ്. ദൈവത്തിന്റെ വരപ്രസാദം ഉൾക്കൊള്ളുന്ന ദിവ്യദാനം. ദൈവികദാനങ്ങൾക്കുള്ള ഒരേയൊരു ശരിയായ മറുപടി വിശ്വാസത്തിന്റെ ആത്മസമർപ്പണമാണ്. രണ്ടാമതായി, കൂദാശ എന്ന നിലയിൽ വിവാഹം പ്രതിനിധീകരിക്കുന്ന ദൈവിക രഹസ്യം, മിശിഹായും സഭയും തമ്മിലുള്ള വിശുദ്ധവും രക്ഷാകരവുമായ സ്നേഹമാണ്. വി. പൗലോസ് ഇക്കാര്യം വ്യക്തമാക്കുന്നുണ്ട് (എഫേ. 5, 23-32).ദൈവികമായ ഈ സ്നേഹം യഥാർത്ഥത്തിൽ ഉൾക്കൊള്ളുന്നതിന് സജീവമായ വിശ്വാസം അത്യന്താപേക്ഷിതമാണ്.

വിശ്വാസത്തിന്റെ വെളിച്ചത്തിൽ ദാമ്പത്യ സ്നേഹത്തെ വീണ്ടും മനസ്സിലാക്കുന്നത് വിവാഹത്തെ സംബന്ധിച്ച കത്തോലിക്കാ സഭാ ദർശനം സ്വാംശീകരിക്കുന്നതിൽ പ്രധാനപ്പെട്ട കാര്യമാണ്. മാനുഷികമായ സ്നേഹത്തിന് അനവധി പരിമിതികൾ ഉണ്ട്. ദമ്പതികളുടെ സ്നേഹം എത്ര ശക്തമാണെങ്കിലും മനുഷ്യമനസ്സിന്റെ അനേകം



പരിമിതികളിൽ ഈ സ്നേഹത്തെ ദുർബലപ്പെടുത്താൻ തീർച്ചയായും സാധ്യതയുണ്ട്. പരിമിതികളെ മറികടക്കുകയും 'കറകളെയും കളങ്കങ്ങളെയും' കഴുകി വെടിപ്പാക്കുകയും ചെയ്യാൻ (എഫേ 5, 26) ശക്തമായ യേശുവിന്റെ സ്നേഹം ദമ്പതികൾ ഉൾക്കൊള്ളുമ്പോഴാണ് ദാമ്പത്യസ്നേഹം ക്രിസ്തീയമായ ശക്തി പ്രാപിക്കുന്നത്. ദമ്പതികളുടെ പരസ്പര സ്നേഹത്തിനു ക്രിസ്തു മധ്യസ്ഥനാകുമ്പോൾ എല്ലാ പരിമിതികളും മറന്ന് പരസ്പരം സ്നേഹിക്കുന്നതിന്, പങ്കാളിയുടെ കുറവുകളെ സ്വന്തം നിറവുകൊണ്ട് നികത്തുന്നതിന്, നന്മകളിൽ ശക്തിപകരുന്നതിന്, വീഴ്ചകൾ ക്ഷമിക്കുന്നതിന് പ്രചോദനവും ശക്തിയും കൂദാശാകൃപാവരത്തിലൂടെ ദമ്പതികൾക്ക് ലഭ്യമാകുന്നു. ഈ കൃപാവരത്തിലുള്ള അചഞ്ചലമായ വിശ്വാസം മൂലമാണ് വിവാഹത്തിന്റെ അവിഭക്തതയെ സംബന്ധിച്ച് കത്തോലിക്കാ സഭ എന്നും ദൃഢമായ മനോഭാവം സ്വീകരിച്ചിട്ടുള്ളത്. നിസാരമായ പിണക്കങ്ങൾ പോലും പർവതീകരിച്ച് വിവാഹ ബന്ധങ്ങൾ തകർച്ചയിലെത്തുന്ന പ്രവണത ധാരാളമുള്ള ഇക്കാലത്ത്, സഭയുടെ നിലപാട് കാർക്കശ്യമാണെന്ന തെറ്റിദ്ധാരണ ഉണ്ടാകുന്നുണ്ട്. പക്ഷെ നൽകപ്പെട്ട കൃപയോട് പരമാവധി ഉത്തരവാദിത്തം കാണിക്കാനാണ് യഥാർത്ഥത്തിൽ സഭ തന്റെ മക്കളോട് ആവശ്യപ്പെടുന്നത്. കർതൃകല്പനയോട് വിശ്വസ്തരായിരിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ പുതുക്കി നൽകാനല്ലാതെ, ഇക്കാര്യത്തിൽ പുതിയ പ്രബോധനം നൽകാൻ സഭയ്ക്ക് അധികാരമില്ല.

**b) സ്വാഭാവിക മൂല്യങ്ങളുടെ പ്രാധാന്യം.** മനുഷ്യപ്രകൃതിക്കും, അന്തസ്സിനും സ്വാഭാവികമായ മൂല്യങ്ങൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകുന്നതിന് ഈ പഠനരേഖ ശ്രമിക്കുന്നുണ്ട്. വിവാഹത്തെ സംബന്ധിച്ച് ഈ മൂല്യങ്ങളുടെ സ്വാധീനം വിവിധതലങ്ങളിൽ സങ്കീർണമായ പാരസ്പര്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഏറ്റവും പ്രധാനം വ്യക്തിസ്വാതന്ത്ര്യത്തെ സംബന്ധിച്ച അവബോധമാണ്. വിവാഹത്തിന്റെ മാനുഷിക ആധാരം ഒരു സ്ത്രീയും പുരുഷനും അറിവോടും സ്വാതന്ത്ര്യത്തോടും നൽകുന്ന പരസ്പര സമ്മതമാണ്. സ്വാതന്ത്ര്യം പക്വമായി പ്രകടിപ്പിക്കുന്നതിന് താൻ എന്താണ് തെരഞ്ഞെടുക്കുന്നതെന്നുള്ള അറിവ് ആവശ്യമാണ്. വിവാഹത്തിലേക്ക് പ്രവേശിക്കുന്നവർ പക്വമായ സ്വാതന്ത്ര്യത്തോടെ വിവാഹത്തിനുള്ള സമ്മതം അറിയിക്കണം എന്നത് വിട്ടുവീഴ്ചയില്ലാത്ത വ്യവസ്ഥയാണ്. ഇതില്ലാതെ സാധുവായ വിവാഹം നടക്കില്ല. പണം ജോലി മുതലായ സാമ്പത്തിക ഘടകങ്ങളെയോ, ജാതി കുടുംബമഹിമ മുതലായ സാമൂഹ്യ ഘടകങ്ങളെയോ പ്രതി യുവാക്കളെ സമ്മർദ്ധത്തിൻ കീഴിൽ ഇഷ്ടമില്ലാത്ത വിവാഹബന്ധങ്ങൾക്ക് നിർബന്ധിക്കുന്ന പരമ്പരാഗത രീതി ഇന്നും ഇടയ്ക്കിടെ തലപൊക്കുന്നുണ്ട്. പക്വമായ സമ്മതം അറിയിക്കാൻ, വൈകല്യം കൊണ്ടോ ആർജിതശീലങ്ങൾ കാരണമോ, യോഗ്യതയില്ലാത്ത ചെറുപ്പക്കാരെ, അവരുടെ പേരിൽ തീരുമാനങ്ങൾ എടുത്ത് വിവാഹജീവിതത്തിലേക്ക് കടത്തിവിടുന്ന ക്രൂരമായ രീതിയും കാണാം. വധൂവരന്മാർ പരസ്പരം മനസ്സിലാക്കാൻ ഇടം നൽകാതെ തിടുക്കത്തിൽ വിവാഹ ബന്ധങ്ങൾ ക്രമീകരിക്കുന്ന രീതിയും നിലനിൽക്കുന്നുണ്ട്. ഇത്തരം സാമൂഹ്യവൈകല്യങ്ങൾ ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്.

ഇതിനോട് വളരെയധികം ചേർന്നു നിൽക്കുന്ന ഒരു വിഷയമാണ് വ്യക്തിസമത്വം എന്നത്. പ്രത്യേകിച്ച് സ്ത്രീപുരുഷ സമത്വം എന്ന ആശയം മനസ്സിലാക്കുന്നതിൽ നമ്മുടെ സമൂഹം ഇന്നും വളരെ പിന്നിലാണ്. യൗവനത്തിന്റെ ആരംഭത്തിൽ തന്നെ കുടുംബാംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരാളെ വിവാഹം കഴിക്കാൻ പെൺകുട്ടികൾക്ക് മേൽ ഇന്നും സമ്മർദ്ധമുണ്ട്. വിവാഹത്തെ തുടർന്ന് പഠനം കരിയർ മുതലായവ നഷ്ടപ്പെടുത്താനുള്ള സമ്മർദ്ദവും കൂടുതൽ അനുഭവിക്കുന്നത് യുവതികളാണ്. കുഞ്ഞുങ്ങളെ പരിപാലിക്കുന്ന ഉത്തരവാദിത്തം സ്ത്രീകൾ കൂടുതൽ ഏറ്റെടുക്കേണ്ടിവരുമ്പോൾ സ്വന്തം അഭിരുചികളും ആഗ്രഹങ്ങളും ഉപേക്ഷിച്ച് വീട്ടമ്മയുടെ ഭാഗം അഭിനയിച്ചുതീർക്കാൻ പലപ്പോഴും അവർ നിർബന്ധിതരാകുന്നു. മദ്യപാനം മയക്കുമരുന്ന് ലൈംഗികവും ശാരീരികവുമായ അതിക്രമങ്ങൾ മുതലായവ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് മിക്കവാറും കുടുബത്തിനുള്ളിൽ ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളും പെൺകുട്ടികളുമാണ്. സ്ത്രീകളെ വ്യക്തികളെന്ന നിലയിൽ പുരുഷന്മാർക്ക് തുല്യരായി മാനിക്കാൻ ശീലിക്കേണ്ടതും, കുട്ടികൾക്കുമുതൽ വ്യക്തിബഹുമാനത്തിൽ ഊന്നിയ മാനവീയ വിദ്യാഭ്യാസം നൽകുന്നതും പുതിയകാലത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു.

മനുഷ്യപ്രകൃതിയുടെയും അന്തസ്സിന്റെയും വിഷയം വളരെ പ്രസക്തമാകുന്ന മറ്റൊരു മേഖലയാണ് ലൈംഗികത. സാമൂഹ്യമാധ്യമങ്ങൾ വഴിയായും മറ്റും ലൈംഗികതയെക്കുറിച്ച് തെറ്റായ ധാരണകൾ പരക്കുന്നത് ലൈംഗിക കുറ്റകൃത്യങ്ങൾക്കും സ്വകാര്യജീവിതത്തിൽ അനവധി വൈകൃതങ്ങൾ ഉണ്ടാകുന്നതിനും ഇടയാക്കിയിട്ടുണ്ട്. ഇത് തടയാൻ കുട്ടികൾക്കും ചെറുപ്പക്കാർക്കും പ്രായത്തിനു യോജിച്ച ലൈംഗിക വിദ്യാഭ്യാസം നൽകണം. ശരീരം ലൈംഗികത മുതലായ വിഷയങ്ങളെക്കുറിച്ച് അന്തസ്സോടെയും തുറവിയോടെയും പരസ്പരം സംസാരിക്കാവുന്നവിധത്തിൽ മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം പക്വതപ്രാപിക്കണം. ലൈംഗികതയെക്കുറിച്ച് അനാവശ്യമായ ഭയവും കുറ്റബോധവും ആവശ്യമില്ല. മനുഷ്യവംശത്തിന്റെ സന്തോഷത്തിനും നിലനില്പിനുമായി ദൈവം നൽകിയ വലിയൊരു ദാനമാണത്. ലൈംഗികമായ സ്നേഹം ദമ്പതികൾ തമ്മിലുള്ള പരസ്പര സമർപ്പണത്തെ ഏറ്റവും ആഴത്തിൽ ആവിഷ്കരിക്കുന്ന ഒന്നാണ്. ദാമ്പത്യത്തിനുള്ളിൽ അത് പവിത്രവും ദൈവദത്തവുമായ ചുമതലയുമാണ്. അതുകൊണ്ടുതന്നെ ദമ്പതികളുടെ ആധ്യാത്മികത ലൈംഗികമായ സമർപ്പണത്തിൽ കൂടി അധിഷ്ഠിതമായ ഒന്നാണ്. അതിനെ നിരാകരിക്കുന്നതോ നിരുൽസാഹപ്പെടുത്തുന്നതോ അല്ല. അതേ സമയം മനുഷ്യപ്രകൃതിക്കും ക്രിസ്തീയമായ സന്മാർഗത്തിനും യോജിച്ച വിധത്തിലായിരിക്കണം ഈ വിലയേറിയ ദാനം ഉപയോഗിക്കപ്പെടേണ്ടത്.

കുടുംബത്തിനുള്ളിലെ ലൈംഗിക വിനിമയം മനുഷ്യ പ്രകൃതിക്ക് വിരുദ്ധമാകുന്ന ഒരു പ്രധാന സാധ്യത കൃത്രിമമായ ജനന നിയന്ത്രണ ഉപാധികളുടെ ഉപയോഗമാണ്. ലൈംഗിക സ്നേഹത്തിന്റെ സ്വാഭാവികമായ പരിണതിയാണ് സന്താനപുഷ്ടി. കൃത്രിമ മാർഗങ്ങളുപയോഗിച്ച് സന്താനോല്പാദനം തടയുന്നത് പാപകരമായ സുഖേച്ഛയുടെ പ്രകാശനമാണ്. അതേ സമയം ആത്മനിയന്ത്രണത്തിലൂടെയും പ്രകൃതിതന്നെ അനുവദിച്ചിട്ടുള്ള മാർഗങ്ങൾ സ്വീകരിച്ചും കുടുംബത്തിന്റെ വലിപ്പം ക്രമീകരിക്കാൻ പരസ്പര സമ്മതത്തോടെ ദമ്പതികൾ എടുക്കുന്ന തീരുമാനങ്ങൾ പാപകരമല്ല.

കൃത്രിമ ജനന നിയന്ത്രണ ഉപാധികളോടുള്ള സഭയുടെ സമീപനം ലൈംഗികതയുടെ സ്വാഭാവിക പരിണതിയെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ല. അതിന് മനുഷ്യ ജീവനോടുള്ള പ്രതിബദ്ധതയുമായും ബന്ധമുണ്ട്. മനുഷ്യജീവൻ ഉത്ഭവിക്കുന്ന ഗർഭധാരണപ്രക്രിയ മുതൽ മരണം വരെ ജീവന്റെ സ്വാഭാവികമായ നിലനില്പിനു പ്രതികൂലമായ നിലപാടെടുക്കുന്നത് പാപകരമാണ്. കാരണം ഓരോ ജീവനും ദൈവത്തിന്റെ മഹനീയ ദാനമെന്ന നിലയിൽ അമൂല്യമാണ്-മനുഷ്യ യുക്തിയുടെ പരിമിതമായ ഉൾക്കാഴ്ചകൾവച്ച് അതിനു വിലയിടാനാവില്ല. ഗർഭഛിദ്രം, ആത്മഹത്യ, ആത്മഹത്യയുടെ തന്നെ മറ്റൊരുരൂപമായ ദയാവധം, മിക്കപ്പോഴും രാഷ്ട്രനിയമങ്ങളുടെ പിൻബലത്തോടെ നടക്കുന്ന നരഹത്യയായ വധശിക്ഷ മുതലായവ കൊല്ലരുത് എന്ന ദൈവകല്പനയുടെ നേരിട്ടുള്ള ലംഘനമാണ്. അതുപോലെ ജീവൻ നിലനിർത്താൻ പരസഹായം ആവശ്യമുള്ള സഹജീവികളെ മനഃപൂർവമായി അവഗണിക്കുന്ന, അർഹമായ സഹായം നിഷേധിക്കുന്ന ഏതുനിലപാടും ജീവന്റെ സംസ്കാരത്തിനുവിരുദ്ധമാണ്. ജീവനോടുള്ള ക്രൈസ്തവ പ്രതിബദ്ധത സാമൂഹ്യനീതി, പ്രകൃതിസംരക്ഷണം, പരദേശവാസികളോടുള്ള സമീപനം എന്നിങ്ങനെ മറ്റനേകം വിഷയങ്ങളിൽ ധീരവും ഔദാര്യപൂർണ്ണവുമായ ആത്മസമർപ്പണം ആവശ്യപ്പെടുന്നതാണ്. മിക്കപ്പോഴും ഇത്തരം വിഷയങ്ങളിൽ തീരുമാനമെടുക്കാൻ സാധിക്കുന്നത് കുടുംബങ്ങൾക്കാണ്.

### C) സ്നേഹം എന്ന അടിസ്ഥാന ശില:

സ്വാഭാവിക മൂല്യങ്ങളോടുള്ള കുടുംബങ്ങളിലെ പ്രതിബദ്ധത ദൈവികമായ ഉന്നതി പ്രാപിക്കുന്നത് സ്നേഹം എന്ന ദൈവികപുണ്യവുമായി അവ ചേർന്നുനിൽക്കുന്നതുകൊണ്ടാണ്. മിശിഹാ സഭയെ സ്നേഹിച്ചതുപോലെ ദിവ്യമായ സ്നേഹത്തിൽ പരസ്പരം ആത്മാർപ്പണം ചെയ്യാനുള്ള വിളിയാണ് ദാമ്പത്യം. ഈ സ്നേഹം ദമ്പതികളുടെ അനുദിനമുള്ള പരസ്പര വിനിമയങ്ങളിൽ, മക്കൾക്കായി അവർ നടത്തുന്ന ആത്മസമർപ്പണത്തിൽ, അബലരോടുള്ള സവിശേഷമായ കരുതലിൽ, സമൂഹനന്മക്കായുള്ള അവരുടെ ഉണർവിൽ ഒക്കെ വിവിധഭാവങ്ങൾ പ്രാപിക്കുന്നു. എങ്കിലും കേന്ദ്രസ്ഥാനത്തുള്ളത് രണ്ട് വ്യക്തികൾ തമ്മിലുള്ള പൂർണമായ പരസ്പര സമർപ്പണം തന്നെയാണ്.


ദമ്പതികൾ തമ്മിലുള്ള ലൈംഗിക പാരസ്പര്യമാണ് വിവാഹത്തിന്റെ സ്വാഭാവിക പൊതുആധാരം; അറിവോടെ നൽകുന്ന പരസ്പര സമ്മതം അതിന്റെ വ്യക്തിനിഷ്ഠമായ ആധാരമാണ്. രണ്ടുവ്യക്തികൾ ഈ പരസ്പര സമ്മതം നൽകുകയും ക്രിസ്തു തന്റെ ദിവ്യസാന്നിദ്ധ്യത്താൽ ആ സമ്മതത്തെ ഉറപ്പിക്കുകയും ചെയ്യുമ്പോൾ, പരിപൂർണമായ പരസ്പര സമർപ്പണമായി, എല്ലാ അർത്ഥത്തിലും പരസ്പരം വളർത്തുന്നതിനും, ബലപ്പെടുത്തുന്നതിനും, രക്ഷിക്കുന്നതിനും പര്യാപ്തമായ ബന്ധമായി അത് മാറുന്നു. ശാരീരികവും മാനസികവും ആത്മീയവുമായ സഹയാത്രയാണത്. ലൈംഗിക സ്നേഹം അതിന്റെ ഏറ്റവും സ്വകാര്യവും തീക്ഷ്ണവുമായ പ്രകാശനമാണ്. പരസ്പരം തുണയായിത്തീരുന്ന, ബലമായി തീരുന്ന പ്രായോഗിക ജീവിതത്തിന്റെ തുടർച്ചയായി ലൈംഗിക സ്നേഹം പ്രകാശിക്കപ്പെടുമ്പോഴാണ് അതിന്റെ യഥാർത്ഥമായ അർത്ഥം വെളിപ്പെടുന്നത്.

ദമ്പതികൾ തമ്മിലുള്ള സ്നേഹം ബാഹ്യരൂപം പ്രാപിക്കുന്നത് ഏറ്റവും പ്രധാനമായി ജീവനോടുള്ള കരുതൽ വഴിയായാണ്. പരസ്പരം ശുശ്രൂഷിക്കുന്നതിൽ, മക്കളെ ദൈവകരത്തിൽ നിന്ന് നന്ദിയോടെ സ്വീകരിച്ച് ഉത്തരവാദിത്തത്തോടെ വളർത്തുന്നതിൽ, വീണുപോയ കുടുംബാംഗങ്ങളെ പ്രത്യേകിച്ച് മുതിർന്നവരെയും സ്ഥിരരോഗികളെയും-താങ്ങിനടത്തുന്നതിൽ, മറ്റു സഹജീവികളോടുള്ള സഹവർത്തിത്തത്തിൽ ഒക്കെ ഈ സ്നേഹം പ്രതിഫലിക്കുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു. സ്വയം പ്രകാശിക്കുന്ന, ബഹുരൂപിയായ ഈ സ്നേഹ ജീവിതമാണ് കുടുംബത്തിന്റെ ജീവൻ..

### d) സാംസ്കാരിക വ്യതിയാനങ്ങളും വെല്ലുവിളികളും:

ആധുനിക സംസ്കാരത്തോടൊപ്പം ബലംകൊണ്ട ചില വ്യതിയാനങ്ങൾ കുടുംബത്തിന്റെ ആധാരമായ സ്നേഹത്തിന് വലിയ വെല്ലുവിളിയാകുന്നുണ്ട്. വ്യക്തിവാദം (ഇൻഡിവിജ്വലിസം) എന്ന ആധുനിക തത്വശാസ്ത്രം അതിന്റെ സൂക്ഷ്മരൂപങ്ങളിൽ സമൂഹത്തിന്റെ എല്ലാ തുറകളെയും ഇന്ന് ബാധിച്ചിട്ടുണ്ട്. മനുഷ്യവ്യക്തിയുടെ ആത്യന്തികമായ മൂല്യം മനസ്സിലാക്കുന്നതിന് ഈ ദർശനം നമ്മെ സഹായിക്കുന്നുണ്ടെങ്കിലും, അതിന്റെ ഉഗ്രരൂപങ്ങൾ തികഞ്ഞ സ്വാർത്ഥതയിലേക്കാണ് മനുഷ്യനെ തള്ളിയിടുന്നത്. സ്വന്തം ജയം അല്ലെങ്കിൽ സുഖം മാത്രം നോക്കി ജീവിത പങ്കാളികളെയും മക്കളെയും അതിനുള്ള ഉപകരണങ്ങളായി മാത്രം കരുതുന്നവർ, സ്വന്തം വിഷയങ്ങളിൽ ഒരു വിട്ടുവീഴ്ചക്കും തയ്യാറല്ലാത്തവർ, സ്വയം നഷ്ടം സഹിച്ച് ഒരു നന്മയും ആർക്കും ചെയ്യാനില്ലെന്ന് ഉറച്ചുവിശ്വസിക്കുന്നവർ-ഇങ്ങനെ സ്നേഹത്തിന്റെ സംസ്കാരത്തിനു വിരുദ്ധമായി നിൽക്കുന്ന ഒരുപാടു വ്യക്തിത്വങ്ങളെ കാണാം. ഇത്തരം മനോഭാവങ്ങൾ കുടുംബബന്ധങ്ങളെ കഠിനമായി ബാധിക്കുന്നുണ്ട്. വ്യാവസായിക വിപ്ലവത്തിനുശേഷം വ്യാപകമായ ഉപഭോക്തൃസംസ്കാരമാണ് മറ്റൊരു അപകടം. അവനവന്റെ സുഖം മാത്രം തേടുന്ന വ്യക്തിമഹത്വവാദങ്ങളെ അത് പരിപോഷിപ്പിക്കുന്നു. അപരന്റെ ആവശ്യങ്ങളിൽ നിന്ന് മുഖംതിരിക്കുന്ന സമ്പത്തിന്റെ ദുരുപയോഗത്തിലേക്കും, ധൂർത്തിലേക്കും, അമിതമായ പ്രകൃതി ചൂഷണത്തിലേക്കും അത് മനുഷ്യനെ തള്ളിയിടുന്നു. മക്കളെ ഈ സാംസ്കാരിക വ്യതിയാനത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ആകാത്ത മാതാപിതാക്കൾ അവരെ സ്വാർത്ഥരാക്കി വളർത്തുന്നു. വിവാഹച്ചടങ്ങുകൾ, ഭവന നിർമ്മാണം എന്നിങ്ങനെ കുടുംബവുമായി ബന്ധപ്പെട്ട അനവധിവിഷയങ്ങളിൽ ഈ തിന്മയുടെ നേരിട്ടുള്ള അതിപ്രസരമുണ്ട്. നേരിട്ടല്ലാതെ കുടുംബത്തിലെ സ്നേഹജീവിതത്തെ കൺസ്യൂമറിസം വെല്ലുവിളിക്കുന്നുമുണ്ട്-ഉദാഹരണത്തിന് മറ്റെന്തും ബലികഴിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള ഓട്ടം കുടുംബങ്ങളിലെ സ്നേഹസാന്നിധ്യങ്ങൾ ഇല്ലാതാക്കുന്നു.

വിനിമയമാർഗങ്ങളിലെ പുരോഗതി ആധുനിക സംസ്കാരം ആർജിച്ച സകലതിന്റെയും ആധാരമായി നിൽക്കുന്ന ഒന്നാണ്. അതിന്റെ നന്മകൾ അംഗീകരിക്കുമ്പോൾ തന്നെ വ്യക്തിബന്ധങ്ങളിൽ വലിയ പരാജയങ്ങളിലേക്ക് നയിക്കുന്ന ഒന്നായി വിനിമയ മാർഗങ്ങളുടെ തെറ്റായ ഉപയോഗം മാറിയിട്ടുണ്ടെന്ന് സമ്മതിച്ചേ പറ്റൂ. വിദൂര പ്രണയബന്ധങ്ങളും, അനാവശ്യ സൗഹൃദങ്ങളും ദാമ്പത്യത്തിന്റെ വൈകാരിക ഐക്യം തകർക്കുന്നു. സാമൂഹ്യ മാധ്യമങ്ങളോടും സെൽഫോണിനോടും ഉള്ള ആശ്രിതത്വം കുടുംബത്തിലെ സ്വാഭാവികവിനിമയങ്ങളിൽ ഉള്ള താല്പര്യം ഇല്ലാതാക്കുന്നു. സ്വകാര്യമായി കരുതേണ്ട പലതും സൗഹൃദവലയങ്ങളിൽ ചർച്ചയാകുന്നത് ദമ്പതികളുടെ അന്തസ്സിനെ ബാധിക്കുന്നു. ആധുനിക വിനിമയ മാധ്യമങ്ങളിലൂടെ പകരുന്ന തെറ്റായ ലൈംഗിക താല്പര്യങ്ങൾ കുടുംബമെന്ന സങ്കല്പത്തിന്റെ തന്നെ അടിവേരറുക്കുന്നിടത്തോളം വളർന്നിരിക്കുന്നു. മനുഷ്യപുരോഗതിയിൽ നിന്ന് മുഖം തിരിക്കാതെ തന്നെ അനവധി നന്മകളുള്ള ഈ മേഖലയെ വ്യക്തികളുടെയും കുടുംബത്തിന്റെയും



വളർച്ചക്ക് എങ്ങനെ ഉപയുക്തമാക്കാം എന്ന് നാം ചിന്തിക്കണം.

പരസ്പരം വിലകൊടുക്കുന്ന, ആവശ്യങ്ങളിൽ യഥാർത്ഥമായ സാന്നിധ്യവും കരുതലും ആയി മാറുന്ന വ്യക്തിപരമായ സഹവർത്തിത്തത്തിന്റെ, സ്നേഹത്തിന്റെ സംസ്കാരം നാം തിരികെ പിടിക്കേണ്ടതുണ്ട്.

### e) ആരാധന, നിത്യജീവൻ, വിളി:

സ്വാഭാവിക ജീവന്റെ ഉറവിടം മാത്രമല്ല കുടുംബം; ഒരു കൂദാശ എന്ന നിലയിൽ അത് നിത്യജീവനിലേക്ക് മനുഷ്യനെ ക്ഷണിക്കുന്ന ദൈവികവ്യവസ്ഥിതിയാണ്. കുടുംബത്തിലെ യഥാർത്ഥമായ ആത്മസമർപ്പണം അനുദിന ബലിയും ആരാധനയുമാണ്; ദൈവരാജ്യ മൂല്യങ്ങൾ അനുസരിച്ചുള്ള ജീവിതം പ്രവാചകത്വപരമാണ്-അത് മനുഷ്യരെ ദൈവത്തോട് അടുപ്പിക്കുന്നു; അതേസമയം അത് ദൈവതിരുമനസ്സിനുള്ള യോഗ്യമായ അനുസരണവും മനുഷ്യജീവിതത്തിന്റെ സ്വാഭാവികമായ ക്രമത്തോടുള്ള പ്രതിബന്ധതയുമാണ്-അത് ദൈവത്തിന്റെ രാജത്വം പ്രഖ്യാപിക്കുന്നു. സഭയുടെ പൗരോഹിത്യ പരവും പ്രവാചകപരവും രാജത്വപരവുമായ വിളികൾക്ക് പ്രത്യക്ഷരൂപം നൽകുന്ന കുടുംബങ്ങൾ ഗാർഹിക ദേവാലയങ്ങളാണ്. അവയിലാണ് കൂദാശകൾ മാംസംധരിക്കുന്നത്, അവയിലാണ് വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പങ്കുവയ്ക്കപ്പെടുന്നത്, അവയിലാണ് ആത്മീയതകൾ രൂപം കൊള്ളുന്നതും പരിപോഷിപ്പിക്കപ്പെടുന്നതും.

സജീവവും അനുദിനവുമായ ആരാധന, സഭയുടെ ആരാധനാജീവിതത്തിലുള്ള ക്രിയാത്മകമായ പങ്കാളിത്തം, ഭവനങ്ങളുടെ ക്രിസ്തീയമായ ക്രമീകരണം എന്നിവ, ആത്മീയ വളർച്ചയിലുള്ള സജീവമായ ശ്രദ്ധ മുതലായവ ലോകത്തിലെ അനേകം വെല്ലുവിളികളിൽ കുടുംബങ്ങൾക്ക് കെട്ടുറപ്പും ശക്തിയും നൽകാനുള്ള ഏറ്റവും പ്രധാനമായ വഴിയാണ്. ദൈവത്തെ ആരാധിക്കുന്നവരായി ജീവിക്കുകന്നാം പ്രമാണം മുന്നോട്ട് വയ്ക്കുന്ന ഈ ദർശനം മുറുകെപ്പിടിക്കുമ്പോഴാണ് അനുബന്ധമായി ദൈവജനത്തിനു വാഗ്ദാനം ചെയ്തിട്ടുള്ള മറ്റു നന്മകൾ നമുക്ക് ആർജിക്കാനാകുന്നത്.

ദൈവജനം ദൈവസ്വരം ശ്രദ്ധിക്കുമ്പോഴാണ് നല്ല ദൈവവിളികൾ ഉണ്ടാകുന്നത്. ഉത്തമ കുടുംബങ്ങൾ ഉത്തമ സമർപ്പിതരെ സൃഷ്ടിക്കുന്നു. കുടുംബജീവിതങ്ങളുടെ മാറ്റുകൂട്ടുന്നത് സഭയിലെ സമർപ്പിത ജീവിത മേഖലകളെ നവീകരിക്കുന്ന ആന്തരിക ശക്തികൂടിയായി തീർച്ചയായും മാറും.

### 4. ഉപസംഹാരം

അവസാനമായും പറയാനുള്ളത് കൃപ നിറയുന്ന കുടുംബങ്ങൾ എന്ന പ്രസിദ്ധീകരണത്തിന്റെ സ്വഭാവത്തെക്കുറിച്ചാണ്. മുൻപ് പറഞ്ഞ അടിസ്ഥാന ആഭിമുഖ്യങ്ങളെ മുൻനിറുത്തി അനേകം വിഷയങ്ങൾ ഈ രേഖ കൈകാര്യം ചെയ്യുന്നുണ്ട്. സഭയുടെ പ്രബോധനങ്ങളെ ഓർമിപ്പിക്കുന്ന അവസരങ്ങളിൽ അല്ലാതെ ഇതിൽ അവതരിപ്പിക്കുന്ന കാഴ്ച്ചപ്പാടുകൾ ആധികാരിക പ്രബോധനമോ തീരുമാനമോ അല്ല. ചർച്ചകൾക്ക് സഹായമാകത്തക്ക വിധത്തിൽ സഭാദർശനത്തിന്റെ വെളിച്ചത്തിൽ സ്വീകാര്യമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക മാത്രമാണ് ഈ രേഖ ചെയ്യുന്നത്. ഇതിന്റെ വെളിച്ചത്തിൽ ചർച്ചകളും പഠനവും നടത്തുകയും ദൈവാത്മാവിന്റെ പ്രചോദനത്തിൽ നമ്മുടെ സഭയിലെ കുടുംബങ്ങളെ നവീകരിക്കുന്നതിനും ബലപ്പെടുത്തുന്നതിനും ഉതകുന്ന തീരുമാനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്ന ഒരു ബൃഹദ് പദ്ധതിയുടെ പ്രാരംഭചിന്തകൾ മാത്രമാണിതിൽ. തുടർന്നുള്ള നാളുകളിൽ ദൈവാത്മാവിന്റെ സാന്നിധ്യത്തിൽ ഇവയെ ഫലമണിയിക്കുവാൻ നമുക്ക് സാധിക്കട്ടെ.

**കവർ സ്റ്റോറി**



റവ. ഡോ. പ്രഭീഷ് ജോർജ്ജ്

# കുടുംബങ്ങൾ ദൈവഭക്തിയുടെ വിളനിലങ്ങൾ

## കുടുംബജീവിതത്തെക്കുറിച്ചുള്ള ദൈവദാസൻ മാർ ഈവാനിയോസിന്റെ ദർശനങ്ങൾ



അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക സാഹചര്യങ്ങൾ കുടുംബബന്ധങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ നാം പലപ്പോഴും ആശങ്കയോടെ വീക്ഷിക്കാറുണ്ട്. ഒരു കൂരക്കീഴിൽ ഒറ്റപ്പെട്ടതുരുത്തുകളായി വ്യക്തികൾ ജീവിക്കുമ്പോൾ കുടുംബ ബന്ധങ്ങളിലെ മൂല്യങ്ങളും മാറ്റങ്ങളും തമ്മിലുള്ള സംതുലിതാവസ്ഥയ്ക്ക് കോട്ടം സംഭവിക്കുന്നു. കുടുംബ ജീവിതത്തെക്കുറിച്ചുള്ള സങ്കല്പങ്ങളെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഈ തിരിച്ചറിവിലാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ കുടുംബങ്ങളിലെ കൗദാശിക മാനത്തെക്കുറിച്ച് ഗഹനമായി ആലോചിക്കുന്നത്. സഭയുടെ രണ്ടാമത്തെ അസംബ്ലി "കൃപനിറയുന്ന കുടുംബങ്ങൾ" എന്ന പ്രമേയം അടിസ്ഥാനമാക്കി പഠനങ്ങളും ആലോചനകളും ചർച്ചകളും ക്രമീകരിക്കുന്നത് ആകസ്മികമല്ല; മറിച്ച് ദൈവഹിതമായി നാം തിരിച്ചറിയുന്നു.

കുടുംബങ്ങളിലേയ്ക്കുള്ള ദൈവകൃപയുടെ പ്രവാഹം തടസ്സപ്പെടുത്തുന്ന അനേകം വെല്ലുവിളികൾക്കിടയിലാണ് ഈ വിഷയം മലങ്കര സുറിയാനി കത്തോലിക്കാ സഭ വിവിധ തലങ്ങളിൽ ചർച്ചചെയ്യുന്നത്. കുടിയേറ്റം, ഗാർഹികപീഢനങ്ങൾ, ബഹുഭാര്യാത്വം, മതാന്തരവിവാഹം, ഒന്നിച്ചു താമസിക്കൽ, വിവാഹതകർച്ച, വിവാഹമോചനവും പുനർവിവാഹവും, തകരുന്ന കുടുംബബന്ധങ്ങളിൽ തച്ചുടയ്ക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ ഭാവിയും ജീവിതവും, സ്വവർഗ വിവാഹങ്ങളുടെ സാധൂകരണം തുടങ്ങിയ സാമൂഹിക പ്രശ്നങ്ങളുയർത്തുന്ന വെല്ലുവിളികളാണ് ആഗോളസഭയിലെ കുടുംബങ്ങളെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകളുടെ പശ്ചാത്തലം. ഇത്തരം പ്രശ്നങ്ങൾ കുടുംബബന്ധങ്ങളെ ശിഥിലമാക്കുകയും കുടുംബത്തിന്റെ കൗദാശികമാനം നഷ്ടമാക്കുകയും ചെയ്യുന്നു എന്ന് സഭ ആശങ്കപ്പെടുന്നു. ശാസ്ത്രത്തിന്റെ പുരോഗതിയും സാങ്കേതിവിദ്യകളുടെ വളർച്ചയും കുടുംബ ബന്ധങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള വിള്ളലുകൾ വലുതാണ്. കുടുംബങ്ങളിൽ വ്യക്തികൾ ഒറ്റപ്പെട്ട ദ്വീപാകുമ്പോൾ കുടുംബജീവിതത്തിന്റെ മൂല്യങ്ങൾ തകരുകയാണ്.

മലങ്കര സുറിയാനി കത്തോലിക്കാസഭ കുടുംബങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നത് ആദ്യമായിട്ടല്ല. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യനാളുമുതലേ കുടുംബങ്ങളെ വിശ്വാസത്തിലും ദൈവകൃപയിലും ഊട്ടിയുറപ്പിക്കുന്നതിൽ ഭാഗ്യസ്മരണാർഹരായ നമ്മുടെ പിതാക്കന്മാർ കാണിച്ച ഔത്സുക്യമാണ് നാം ഇന്ന് കാണുന്ന സഭയുടെ ഭൗതീകവും ആദ്ധ്യാത്മികവുമായ വളർച്ചയ്ക്കു നിദാനം. ഈ ഒരു പശ്ചാത്തലത്തിൽ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവദാസൻ മാർ ഈവാനിയോസിന്റെ ദർശനങ്ങൾ കൃപനിറയുന്ന കുടുംബങ്ങൾ എന്ന സഭാ അസംബ്ലിയുടെ പശ്ചാത്തലത്തിൽ നാം വിശകലനം ചെയ്യുകയാണ്.

### നവീകരിക്കപ്പെടേണ്ട കുടുംബബന്ധങ്ങൾ

പി. റ്റി. ഗീവർഗീസെന്ന മലങ്കരയിലെ പണ്ഡിതശ്രേഷ്ഠൻ തന്റെ സഭാശുശ്രൂഷ ആരംഭിക്കുന്നത് കുടുംബങ്ങളുടെ നവീകരണപ്രവർത്തനത്തോടെയാണ്. മദ്രാസിലെ ഉന്നത പഠനത്തെത്തുടർന്ന് കോട്ടയം എം.ഡി. സെമിനാരി കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിറഞ്ഞു

നിന്നത് മലങ്കരയിലെ കുടുംബങ്ങളെക്കുറിച്ചുള്ള ചിന്തകളാണ്. അതുകൊണ്ടാണ് സെമിനാരിയുടെ മതിലുകൾക്കപ്പുറത്ത് കൂദാശാശെമ്മാശന്റെ പ്രസംഗചാതുരി ദൈവാലയങ്ങളിൽ മുഴങ്ങിക്കേട്ടത്. കൂദാശകളെക്കുറിച്ച് പ്രസംഗിച്ച് കുടുംബങ്ങളെ നവീകരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ ലക്ഷ്യം. കൂദാശാധിഷ്ഠിതമായ ജീവിത നവീകരണം അതായിരുന്നു സഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനായി അദ്ദേഹം കണ്ട സ്വപ്നം

ദൈവകൃപയുടെ നീർച്ചാലുകളായ കൂദാശകളിലെ പങ്കാളിത്തം വ്യക്തികളെ മാത്രമല്ല കുടുംബങ്ങളേയും കൃപാനിറവിൽ നിലനിർത്തുന്നു. അതുകൊണ്ട്, യോഗ്യതാപൂർവമായ കൂദാശാ സ്വീകരണത്തിലൂടെ വ്യക്തിജീവിതത്തെയും കുടുംബജീവിതത്തെയും നവീകരിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. "ഭക്തിയോടെയിരിക്കുകയെന്നു വച്ചാൽ മനുഷ്യനും ദൈവവുമായുള്ള സംസർഗത്തിന്റെ ഫലമായി മനുഷ്യൻ ദൈവത്തിലും ദൈവം മനുഷ്യനിലും വസിക്കുകയത്രെ" (കൂദാശാശെമ്മാന്റെ പ്രസംഗം). മനുഷ്യൻ ദൈവവുമായി ഉണ്ടാക്കുന്ന സംസർഗമാണ് കൃപയുടെ ചാലകശക്തിയായി നിലകൊള്ളുന്നത്. അതായത്, കൗദാശിക സംസർഗത്തിലൂടെയാണ് കുടുംബങ്ങളിലേയ്ക്ക് ദൈവകൃപ കടന്നു വരുന്നതെന്ന ആഴമായ ബോധ്യത്തോടെ ആ പിതാവ് തന്റെ ജനങ്ങളെ പഠിപ്പിച്ചു. ദൈവസംസർഗത്തെ ഉപേക്ഷിച്ച് കുടുംബജീവിതത്തിന്റെ വിശുദ്ധിയും ഭദ്രതയും അവഗണിക്കുന്ന ആധുനിക സമൂഹത്തിൽ അദ്ദേഹത്തിന്റെ ചിന്തകൾ വെല്ലുവിളികളാണ്.

കുടുംബജീവിതം വ്യക്തികൾ തമ്മിലുള്ള ബന്ധമായിട്ടോ കരാറായിട്ടോ ചുരുക്കാൻ സാധ്യമല്ല. മറിച്ച് വിവാഹബന്ധം ദൈവവുമായിട്ടുള്ള ഒരു ഉടമ്പടിയും കുടുംബങ്ങൾ ദൈവസംസർഗത്തിന്റെ വേദികളുമായി മാറണം. ഉടമ്പടിയിൽ നിന്നുള്ള പിൻമാറ്റം ഈ സംസർഗത്തിൽ നിന്നുള്ള വേർപാടായി നാം മനസിലാക്കണം.

### കുടുംബ നവീകരണം സമർപ്പിതരിലൂടെ

കോട്ടയത്തുനിന്നു സെറാംപൂരിലൂടെ പെരുന്നാട്ടിലെത്തിച്ചേർന്ന ഫാ. റ്റി. ഗീവർഗീസിന്റെ സഭാസ്നേഹത്തെക്കുറിച്ച് നാം ധാരാളം കേട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ പൗരോഹിത്യയാത്രയിൽ ഏറെ ആകുലപ്പെട്ടത് മലങ്കരയിലെ കുടുംബങ്ങളെക്കുറിച്ചായിരുന്നു. സ്ത്രീ-പുരുഷ വ്യത്യാസംകൂടാതെ മലങ്കര മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് വേദികൾ തുറന്നപ്പോഴും മലങ്കരയിലെ സന്യാസജീവിതത്തിന് ഊടും പാവും നൽകിയപ്പോഴും ദൈവീക കുടുംബങ്ങളായിരുന്നു അദ്ദേഹത്തിന്റെ മനസിൽ നിറഞ്ഞു നിന്നിരുന്നത്. അദ്ദേഹം വിഭാവനം ചെയ്ത 'ബഥനി' സന്യാസികൾക്കുപാർക്കാനുള്ള സ്ഥലം മാത്രമായിരുന്നില്ല, മറിച്ച് സാധാരണക്കാരായ കുടുംബസ്ഥർക്കുള്ള അഭയകേന്ദ്രം കൂടിയായിരുന്നു.

പരിശീലനം സിദ്ധിച്ച സമർപ്പിതരിലൂടെ സുവിശേഷവെളിച്ചം കുടുംബങ്ങളുടെ ഉള്ളറകളിലേയ്ക്കെത്തിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. "സുവിശേഷ പ്രചരണാർത്ഥം സന്യാസിമാരുടെ പ്രവേശനവും സഹകരണവും നിവൃത്തിയില്ലാത്തിടത്ത് സന്യാസിനികൾക്ക് സൗകര്യമുണ്ടായിരിക്കുമെന്നുള്ളതിനാൽ മാത്രമല്ല, ഒരു ഗൃഹത്തിന്റേയും വിശുദ്ധ സഭയുടേയും ഉള്ളറയിൽ ദൈവത്തിനുള്ള സ്ഥാനം സ്ത്രീകളുടെ മനോഗതിയിടെ ആനുകൂല്യമനുസരിച്ചാകയാൽ, തങ്ങളെത്തന്നെ ദൈവത്തിനായി നൽകിയിട്ടുള്ള കന്യാസ്ത്രീകൾ ഉണ്ടായിരിക്കുന്നത് മലങ്കരസഭയുടെ പുരോഗതിക്ക് അത്യാവശ്യമാണെന്നും നാം വിചാരിച്ചു." (ഗിരിദീപം 67 -68). സന്യാസ-സന്യാസിനീ ജീവിതം പോലും കുടുംബങ്ങളുടെ നവീകരണത്തിനുള്ള മാർഗങ്ങളായിട്ടാണ് ആ സന്യാസവര്യൻ നോക്കി കണ്ടത്. അതായത് ഒരു അപ്പസ്തോലിക സഭയുടെ വിശുദ്ധീകരണം, നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കുടുംബങ്ങളിലൂടെ സാധ്യമാകുമെന്ന് മാർ ഈവാനിയോസ് പിതാവ് ഉറച്ചു വിശ്വസിച്ചു. അദ്ദേഹം വിഭാവനം ചെയ്ത തൃതീയാശ്രമം ഈ പശ്ചാത്തലത്തിൽ വേണം നാം മനസിലാക്കാൻ.

### കുടുംബങ്ങൾ ദൈവഭക്തിയുടെ കളരികൾ

കുടുംബങ്ങളുടെ സമഗ്ര പുരോഗതിക്ക് മാർ ഈവാനിയോസ് പിതാവ് മുന്നോട്ടുവയ്ക്കുന്ന സുപ്രധാനമായ മാർഗമാണ് ദൈവഭക്തി. ഇന്ന് നാം ജീവിക്കുന്ന കാലഘട്ടത്തിൽ ദൈവഭക്തി കുടുംബങ്ങളിൽ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ദൈവഭക്തി ഇല്ലാത്ത കുടുംബങ്ങളിൽ ദൈവം വസിക്കുന്നില്ല. ദൈവവിചാരമില്ലാത്ത ഒരു തലമുറ കുടുംബങ്ങളിൽ വളരുമ്പോൾ ദൈവകൃപയുടെ പ്രവാഹം തടസ്സപ്പെടുകയാണ്. ദൈവീക കൃപാവരത്തെ നിഷേധിക്കാനോ അവഗണിക്കാനോ ഉള്ള പ്രവണത ആധുനിക സമൂഹത്തിൽ കൂടിക്കൂടി വരികയാണെന്ന് നാം ഈ അവസരത്തിൽ തിരിച്ചറിയുകയാണ്.

സഭയെ നശിപ്പിക്കാനുള്ള പിശാചിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് കുടുംബങ്ങളിലാണെന്ന് ഈ ജാഗരൂകനായ അജപാലകൻ നമ്മെ ഓർമപ്പെടുത്തുന്നു. "വളരെ ഉയരമുള്ള ഭദ്രാസന ദൈവാലയങ്ങളും അതിമനോഹരങ്ങളായ സന്യാസ മന്ദിരങ്ങളും മറ്റും ചെറിയ ചെറിയ ചെറ്റപ്പുരകളിന്മേലാണ് നിലകൊള്ളുന്നതെന്ന് ഒരു ചിന്തകൻ പറഞ്ഞിരിക്കുന്നു. ഇവ നിലംപതിക്കുന്നപക്ഷം മേൽപ്പറഞ്ഞ ബ്രഹ്മാണ്ഡഗോപുരങ്ങൾ നാശകൂപത്തിൽ മറയുകതന്നെ ചെയ്യും. കുടിലുകളിൽ ദൈവഭക്തി ഇല്ലെങ്കിൽ ദൈവാലയങ്ങൾ വിജനങ്ങളായിത്തീർന്ന് നശിക്കും. അതിനാൽ ഇന്ന് ശത്രുക്കൾക്ക് ഈ മഹാമന്ദിരങ്ങൾ വിട്ടുകൊടുത്താലും പ്രസ്തുത ചെറുകുടിലുകൾ നമ്മുടെ കൈവശമുണ്ടെങ്കിൽ നമുക്ക് ഒരു ചേതവും വരുവാനില്ല എന്ന് അദ്ദേഹം തന്നെ അഭിപ്രായപ്പെടുന്നു. അതെ, കുടുംബമാണ് ക്രിസ്തീയ ജീവിതത്തിന്റെ ഇരിപ്പിടം" (ഇടയലേഖനം 18 ഏപ്രിൽ 1942). വിശ്വാസം ജീവിക്കുക മാത്രമല്ല അതു സംരക്ഷിക്കപ്പെടേണ്ടതും കുടുംബങ്ങളിലാണെന്ന് നാം തിരിച്ചറിയണം. കുടുംബങ്ങളിൽ നാം നടത്തുന്ന താൽകാലിക അഡ്ജസ്റ്റുമെന്റുകൾ വിശ്വാസ കൂട്ടായ്മകളായ കുടുംബങ്ങളെ തകർക്കുന്ന പ്രവണതകളാണെന്ന് നാം മുൻകൂട്ടി തിരിച്ചറിയണം.

### കുടുംബം ഒരു പ്രാർത്ഥനാ സങ്കേതം

ഒന്നിച്ചു പ്രാർത്ഥിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്ന കുടുംബം ഒന്നിച്ചു വസിക്കും എന്ന് നാം പറയുന്നു. ഇവിടെ പ്രാർത്ഥനയുടെ പ്രാധാന്യം – പ്രത്യേകിച്ച് കുടുംബാംഗങ്ങൾ



ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുന്ന സാഹചര്യം - എത്രമാത്രം വിലപ്പെട്ടതാണെന്ന് പിതാവ് നമ്മെ നിരന്തരം ഓർമിപ്പിക്കുന്നു. "യഥാർത്ഥമായ കത്തോലിക്കാ ജീവിതം കുടുംബങ്ങളിൽ പരിലസിക്കുകയും കത്തോലിക്കാ കുടുംബം ചൈതന്യംകൊണ്ട് സമ്പുഷ്ടമായിത്തീരുകയും ചെയ്യണമെങ്കിൽ കുടുംബാംഗങ്ങൾ ഒന്നുചേർന്ന് യാമപ്രാർത്ഥനകൾ ഭക്തിപൂർവം നിർവഹിക്കണം" (ഇടയലേഖനം 18 ഏപ്രിൽ 1942). ദൈവഭക്തി നഷ്ടപ്പെട്ട കുടുംബങ്ങൾ നിലകൊള്ളുന്ന യൂറോപ്പിലെ സഭയുടെ തകർച്ച നാം കാണുമ്പോൾ പിതാവ് നൽകുന്ന മുന്നറിയിപ്പിന്റെ ഗൗരവം നാം കാണാതെ പോകരുത്. അതിനാൽ "കുടുംബാംഗങ്ങൾ ഒരുമിച്ചു ചേർന്നു പ്രാർത്ഥിക്കുന്നത് വിശിഷ്ടമായ ഒരു നടപടിയാണ്. വ്യക്തിപരമായ പ്രാർത്ഥനയെക്കാൾ കൂട്ടായ പ്രാർത്ഥനയ്ക്ക് വളരെ ശക്തികൂടും" (ഇടയലേഖനം 18 ഏപ്രിൽ 1942).

പ്രാർത്ഥനയിൽ ബലപ്പെട്ട കുടുംബങ്ങളാണ് സഭയുടെ ശക്തി. ഇത്തരം കുടുംബങ്ങളിലാണ് കുഞ്ഞുങ്ങൾ ദൈവഭക്തിയിൽ വളരുന്നതും അവർക്ക് ദൈവസ്വരത്തോട് പ്രത്യുത്തരിക്കാൻ സാധിക്കുന്നതും. കുടുംബബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതും അതിനെ ദൈവീകമായി നിലനിർത്തുന്നതും കുടുംബങ്ങളിൽ പല യാമങ്ങളിൽ ഉയരുന്ന പ്രാർത്ഥനയാണെന്ന സത്യം നാം വിസ്മരിക്കരുത്. രണ്ടാം വത്തിക്കാൻ സുന്നഹദോസ് കുടുംബങ്ങളെ ഗാർഹിക സഭയായി പ്രതിഷ്ഠിക്കുമ്പോൾ ഭവനങ്ങൾ പ്രാർത്ഥനയുടേയും ആത്മബലിയുടേയും സങ്കേതം ആകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയാണ്.

**കുടുംബങ്ങളിലെ അജപാലന ശുശ്രൂഷ**

കുടുംബങ്ങൾ അജപാലന ശുശ്രൂഷയുടെ സവിശേഷ ശ്രദ്ധപതിയേണ്ട സ്ഥലമാണെന്ന് കുടുംബജീവിതത്തെക്കുറിച്ച് 2014-ൽ റോമിൽ നടന്ന അസാധാരണ സുന്നഹദോസിൽ സഭ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നു. കുടുംബങ്ങളെക്കുറിച്ചുള്ള മാർ ഈവാനിയോസ് പിതാവിന്റെ അജപാലനദർശനം വിശാലമാണ്. അത് മലങ്കര സഭയുടെ അതിരുകൾക്കും ജാതിവ്യവസ്ഥയുടെ ബന്ധനങ്ങൾക്കും അപ്പുറത്തേയ്ക്ക് വ്യാപിപ്പിക്കാൻ പിതാവിനു സാധിച്ചു എന്നുള്ളതും പ്രസ്തവ്യാർഹമാണ്. ദൈവാനുഭവത്തിന്റെ വിശാലാനുഭവം പ്രധാനം ചെയ്യാൻ കുടുംബബന്ധങ്ങൾക്ക് കഴിയുമെന്ന് ആ പിതാവ് വിശ്വസിച്ചിരുന്നു.

സാധാരണക്കാരന്റേയും പാവപ്പെട്ടവന്റേയും താണജാതിക്കാരന്റേയും ഭവനങ്ങളിലേയ്ക്ക് കടന്നു ചെല്ലാനും അവർക്ക് ജീവിതദർശനം നൽകാനും പിതാവിനു സാധിച്ചു എന്നത് ചരിത്രമാണ്.

എല്ലാവർക്കുവേണ്ടി പള്ളിക്കൂടങ്ങൾ പണിതുയർത്തിയപ്പോഴും സകലർക്കും ഒരുപോലെ കടന്നുവരാവുന്ന ബഥനി പള്ളികൾ പണിതുയർത്തിയപ്പോഴും കുടുംബങ്ങൾക്കായി പിതാവ് വിഭാവനം ചെയ്ത അജപാലന ദർശനം ഇന്നും മാതൃകായോഗ്യമാണ്. "കുടുംബങ്ങളെ ദൈവഭക്തിയിൽ വളർത്തുവാൻ ഓരോ ഇടവകയേയും സഹായിക്കുമാറ് തിരുകുടുംബസമാജവും, പരസ്പര ശുശ്രൂഷാസമാജവും, വിവാഹിതരല്ലാത്ത ആൺകുട്ടികളെ ഉദ്ദേശിച്ച് മാർ യൂഹോനോൻ സമാജവും വിവാഹിതരല്ലാത്ത പെൺകുട്ടികൾക്കായി മർത്തമറിയം സമാജവും സൺഡേസ്കൂളിനു പുറമേ നടത്തപ്പെടുന്നതാണ്" (ഗിരിദീപം 155). സഭയിലെ വിവിധ ഭക്തസംഘടനകൾ ആത്യന്തികമായി ലക്ഷ്യം വയ്ക്കേണ്ടത് കുടുംബങ്ങളെ ദൈവകൃപയിൽ ഉറപ്പിക്കാനായിരിക്കണം.

കുടുംബശുശ്രൂഷ പിതാവിന്റെ ആചാര്യശുശ്രൂഷയിലെ ഒരു വലിയ ചിന്ത ആയിരുന്നു. വ്യക്തികളെ പ്രബുദ്ധരാക്കി കുടുംബങ്ങളെ പുരോഗതിയിലേയ്ക്ക് നയിക്കണമെന്ന് പിതാവ് ആഗ്രഹിച്ചതുകൊണ്ടാണ് വിദ്യാഭ്യാസ ശുശ്രൂഷയ്ക്ക് പ്രാധാന്യം നൽകിയുള്ള അജപാലദർശനം രൂപപ്പെടുത്തിയത്. പള്ളിക്കൊപ്പം പള്ളിക്കൂടം എന്ന ദർശനം പ്രാവർത്തികമാക്കാൻ അദ്ദേഹം അക്ഷീണം യത്നിച്ചു. അതേസമയം ഈ ബൗദ്ധിക അറിവ് മനുഷ്യനെ ദൈവ-മനുഷ്യബന്ധത്തിലേയ്ക്ക് വളർത്താൻ പര്യാപ്തമാകണം. ദൈവഭക്തിയിൽ രൂഢമല്ലാത്ത വിജ്ഞാനം മനുഷ്യനെ നശിപ്പിക്കും എന്ന് തിരിച്ചറിഞ്ഞ പിതാവ് കുടുംബങ്ങളിൽ ദൈവഭക്തി വർദ്ധിപ്പിക്കണമെന്ന് നമ്മെ നിരന്തരം നമ്മെ ഉദ്ബോധിപ്പിച്ചു. "ഭക്തിപൂർവം നിരന്തരമായി നടത്തുന്ന കുടുംബപ്രാർത്ഥനമൂലം കുടുംബം, ദൃഢമായ വിശ്വാസത്താലും എരിയുന്ന സ്നേഹത്താലും ഈശോയുടെ ദിവ്യഹൃദയത്തോട് ബന്ധിക്കപ്പെടും."

ഇക്കാര്യത്തിൽ പിതാവിന്റെ സവിശേഷമായ ശ്രദ്ധപതിഞ്ഞ ഒരു മേഖലയാണ് സ്ത്രീകളുടെ പുനരുദ്ധാരണം. സ്ത്രീശാക്തീകരണത്തെക്കുറിച്ച് വാചാലമായി സംസാരിക്കുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകളുടെ ഉന്നമനത്തിലൂടെ കുടുംബങ്ങളുടെ പുരോഗതി വിഭാവനം ചെയ്ത പിതാവിന്റെ ദർശനം ആ കാലഘട്ടത്തിലെ മലങ്കരസഭയിൽ മാത്രമല്ല, കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിലും വിപ്ലവാത്മകമായിരുന്നു എന്നത് ചരിത്രസത്യമാണ്. കുടുംബത്തിലെ സ്ത്രീകളുടെ ആത്മീയവും ബൗദ്ധികവുമായ ഉന്നതി കുടുംബങ്ങളുടെ നവീകരണത്തിനും വിശുദ്ധീകരണത്തിനും അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിഞ്ഞ ആ സാമൂഹിക പരിഷ്കർത്താവിന്റെ ചിന്തകൾ നമുക്ക് കാലഘട്ടത്തിന്റെ പ്രവചനമായി സ്വീകരിക്കാം.

## കുടുംബപ്രാർത്ഥന

കുടുംബങ്ങൾ ലോകമോഹങ്ങളാകുന്ന പിശാചുക്കളോട് നിരന്തര യുദ്ധത്തിലാണ്. അതിലുപരിയായി സ്വാർത്ഥത കുടുംബാംഗങ്ങളെ പരസ്പരം ശത്രുക്കളാക്കുന്നു. "ഈ ആദ്ധ്യാത്മിക ശത്രുക്കളുടെ കെണിയിലകപ്പെടാതിരിപ്പാൻ ലോകത്തെ ജയിച്ചവനും പിശാചിന്റെ തല തകർത്തവനും പ്രബലനും ആശ്രിതവത്സലനുമായ മ്ശിഹാരാജന്റെ കൊടിക്കീഴിൽനിന്നുകൊണ്ട് കുടുംബങ്ങൾ യുദ്ധം ചെയ്യണം." ഒരു ആത്മീയ സമരത്തിലാണ് ഇന്ന് കുടുംബങ്ങൾ. കുടുംബങ്ങളിലെ യാമപ്രാർത്ഥനകൾ ഇത്തരം ആത്മീയ സമരത്തിന്റെ സമയമാണ്. പിശാചിന്റെ കുടിലതന്ത്രങ്ങളെ അതിജീവിക്കാൻ നാം ജാഗരൂകരായിരിക്കണം. ഈ യുദ്ധത്തിൽ നമ്മുടെ ആയുധം കുടുംബാംഗങ്ങൾ ഒന്നിച്ചു നടത്തുന്ന പ്രാർത്ഥനയാണ്. "അനുഗ്രഹവിശേഷങ്ങൾ പ്രാപിക്കുന്നതിന് കുടുംബപ്രാർത്ഥന അത്യാവശ്യമത്രെ." അതുകൊണ്ട് സൗകര്യമുണ്ടെങ്കിൽ നടത്തേണ്ടതല്ല, മറിച്ച് പ്രാർത്ഥനയുടെ സൗകര്യത്തിനായി വീട്ടിലെ മറ്റുകാര്യങ്ങൾ നാം ക്രമീകരിച്ച് നടത്തേണ്ടതാണ് കുടുംബപ്രാർത്ഥന.

## കുടുംബം ദൈവത്തിന്റെ ഭവനം


ദൈവം വസിക്കുന്ന ഭവനമായിട്ടാണ് കുടുംബത്തെ മാർ ഈവാനിയോസ് പിതാവ് നോക്കി കണ്ടത്. "മനുഷ്യ ഹൃദയങ്ങളിലും ഭവനങ്ങളിലും ഭരണം നടത്തുന്നതിന് ക്രിസ്തുവിന് സ്വാഭാവികമായ അവകാശമുണ്ട്" (ഇടയലേഖനം 18 ഏപ്രിൽ 1942). കുടുംബങ്ങളിൽ ക്രിസ്തു രാജാവായി വാഴണം. "എത്രയോപേർ ക്രിസ്തുവിനെ നിരാകരിക്കുന്നു. എത്ര കുടുംബാംഗങ്ങളാണ് അദ്ദേഹത്തെ സ്മരിക്കുക പോലും ചെയ്യാത്തത്. ക്രിസ്തുവിനെ രാജ്യത്തു നിന്നു നിഷ്കാസനം ചെയ്യുവാൻ എത്രയോപേർ ശ്രമിക്കുന്നു" (ഇടയലേഖനം 1938 സെപ്തംബർ 29). ക്രിസ്തുവില്ലാത്ത കുടുംബങ്ങളെക്കുറിച്ചുള്ള ആകുലത ഈ വാക്കുകളിൽ നിറഞ്ഞു നിൽക്കുന്നു. കർത്താവിന്റെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ട കുടുംബങ്ങൾ അനുഗ്രഹീതമാണ്.

## സമാപനം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങളുടെ പ്രസക്തി ഇന്നും നഷ്ടപ്പെട്ടിട്ടില്ല. മലങ്കരസഭാ മക്കളായ നമുക്ക് പിതാവിന്റെ വാക്കുകളെ പിൻചെല്ലാം. സഭയുടെ നിർമ്മിതിൽ നാം പങ്കാളികളാകുന്നത് അനുഗ്രഹീതമായ കുടുംബങ്ങളെ പടുത്തുയർത്തിക്കൊണ്ടാണ്. ആധുനിക കാലഘട്ടത്തിൽ കുടുംബങ്ങളെ തകർക്കുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ദൈവഭക്തിയിൽ കുടുംബബന്ധങ്ങളെ ഉറപ്പിക്കാം. അങ്ങനെ ദൈവം രാജാവായി വാഴുന്ന ഭൂമിയിലെ സ്വർഗരാജ്യത്തിന്റെ പതിപ്പായി നമ്മുടെ കുടുംബങ്ങൾ പരിശോഭിക്കട്ടെ. കൃപനിറയുന്ന കുടുംബങ്ങളെ പടുത്തുയർത്താനുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശ്രമങ്ങൾക്ക് അടിസ്ഥാന ദർശനവും പ്രചോദനാത്മകമായ ചിന്തയുമാണ് മാർ ഈവാനിയോസ് പിതാവിന്റെ കുടുംബദർശനം.

കവർ സ്റ്റോറി

# സഭാ അസംബ്ലിയിലൂടെ കുടുംബങ്ങൾ നവജീവനിലേക്ക്



റവ. ഫാ. ഗീവർഗ്ഗീസ് വലിയചാങ്ങവീട്ടിൽ



## ദ്വിദീയ അസംബ്ലിക്കുള്ള പശ്ചാത്തലം

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു സ്വയം ഭരണ സ്വയാധികാര സഭയായി ആഗോള കത്തോലിക്കാ സഭയിൽ ഉയർത്തപ്പെട്ടിട്ട് 15 വർഷം പൂർത്തിയാകുന്ന പശ്ചാത്തലത്തിലാണ് രണ്ടാമത് സഭാ അസംബ്ലി നടക്കുന്നത്. സുവിശേഷകയായ മലങ്കര കത്തോലിക്കാ സഭയെന്ന വിഷയത്തിന്റെ പഠനവും, വിചിന്തനവും നൽകിയ ദിശാബോധം സഭയുടെ സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തിൽ എത്തി നിൽക്കുന്നു. നസ്രത്തിലെ തിരുകുംടുംബത്തെപ്പോലെ കുടുംബങ്ങൾ ദൈവകൃപയുടെ നിറവിൽ ദൈവാരാധനയുടെയും, ദൈവസ്നേഹത്തിന്റെയും, സഹോദരസ്നേഹത്തിന്റെയും വിശുദ്ധാലയങ്ങളാകാൻ സഭ ആഗ്രഹിക്കുന്നതാണ് ഈ വിഷയം അസംബ്ലിക്കുള്ള പൊതു വിഷയമായി തിരഞ്ഞെടുക്കാൻ കാരണം.

## പഠനവിഷയത്തിനു പിന്നിലെ ദർശനം

ത്രിയേക ദൈവത്തിന്റെ സാദൃശ്യത്തിൽ ജീവന്റെയും സ്നേഹത്തിന്റെയും സമൃദ്ധിയിൽ രൂപപ്പെട്ട് നിലനിൽക്കുന്ന ദൈവിക പദ്ധതിയായ കുടുംബത്തെക്കുറിച്ചുള്ള ക്രൈസ്തവ ദർശനം ദൈവവചനത്തിലും സഭാ പ്രബോധനങ്ങളിലും അധിഷ്ടിതമാണ്.

## പഠന വിഷയങ്ങളിൽ പ്രസക്തി

ആധുനിക കാലഘട്ടത്തിൽ കുടുംബജീവിത്തെ തകർക്കുന്ന പ്രവണതകൾ വർദ്ധിക്കുന്നു. കുടുംബത്തിന്റെ പവിത്രത നഷ്ടപ്പെടുത്തി സമൂഹത്തിന്റെ നിലനിൽപ്പിനു ഭീഷണിയുയർത്തുന്നു. കുടുംബബന്ധങ്ങളുടെ ആഴവും അടുപ്പവും നഷ്ടമാകുന്നതുവഴി മനുഷ്യജീവന് മുറിവേൽക്കുന്നു. വിശ്വാസ തീഷ്ണതയും സന്മാർഗ്ഗബോധവും സുദൃഢമായ കുടുംബബന്ധങ്ങളുടെ ഇഴയടുപ്പത്തിൽ മാത്രമേ വളരുകയുള്ളു. സാമൂഹ്യ ജീവിതത്തിലും സഭാത്മക ജീവിതത്തിലും നമുക്കുള്ള വ്യത്യസ്ത ഉത്തരവാദിത്തങ്ങൾ നാം നിർവഹിക്കുന്നത്. കുടുംബത്തിലെ അംഗമായി നിന്നുകൊണ്ടാണ് ജീവൻ പരിപോഷിപ്പിച്ച് തലമുറകളെ രൂപീകരിക്കുന്നതിന് കുടുംബം ആവശ്യമാണ്.

ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പുരോഗതിയിൽ കുടുംബത്തിന്റെ പരിപാവനതയും അവിഭാജ്യതയും അഭംഗുരം കാത്തുസൂക്ഷിക്കണം. നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ കുടുംബ ജീവിതത്തിന്റെ നന്മയാണ് നാമിന്ന് അനുഭവിക്കുന്നത്. അങ്ങനെയെങ്കിൽ വരും തലമുറയുടെ രൂപവും ഭാവവും നൽകുന്നവരാണ് ഇന്ന് ജീവിക്കുന്നവർ അവിടെയുള്ള കുടുംബത്തിന്റെ ദൃഢതയും സുരക്ഷിതത്വവും ഇന്നിവിടെ ഉറപ്പാക്കുന്നു.

### ഇന്നത്തെ സാഹചര്യം : വെല്ലുവിളികൾ പ്രശ്നങ്ങൾ

സാമൂഹ്യ - രാഷ്ട്രീയ ജീവിത ക്രമത്തിൽ ദൈവവിശ്വാസവും, മതാത്മക ജീവിതവും ഏറെ പ്രശ്ന കലുഷിതമാണ് നിയമ നിർമ്മാണത്തിലൂടെ ബോധപൂർവ്വം സഭയെയും സഭാ ശുശ്രൂഷകളെയും ഇല്ലാതാക്കി സഭയ്ക്കുള്ളിൽ തന്നെ വിഭാഗീയതയും ഭിന്നതയും സൃഷ്ടിച്ച് സഭയെ ദുർബലമാക്കാൻ ശ്രമിക്കുന്നു. നിരീശ്വരവാദചിന്തയും, ഭൗതികമായും അതിപ്രസരണവും മൂലം സംഭവിച്ച മൂല്യാപചയം കുടുംബങ്ങളെ ദോഷമായി ബാധിച്ചിരിക്കുന്നു. കുടുംബങ്ങളിലെ തകർച്ച സഭയേയും ദൈവവിശ്വാസത്തെയും നിഷ്പ്രദമാക്കുന്നു. കുടുംബത്തിന്റെ ഭദ്രത ഇല്ലാതാക്കുന്ന മറ്റ് കാരണങ്ങൾ.

1. തൊഴിൽ തേടിയുള്ള കുടിയേറ്റം സ്ഥിരമായ വേർപിരിയലിനു കാരണമാകുന്നു.
2. വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റായ കാഴ്ചപ്പാടുകൾ കുടുംബത്തിന്റെ ദൃഢത നഷ്ടപ്പെടുത്തുന്നു.
3. സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ചുള്ള തെറ്റായ സമീപനങ്ങൾ കുടുംബങ്ങളിൽ വിള്ളൽ ഉണ്ടാക്കുന്നു.
4. സാമ്പത്തിക നേട്ടത്തിനായുള്ള വ്യഗ്രതയും അതിനായി തിരഞ്ഞെടുക്കുന്ന തെറ്റായ വഴികളും.
5. മദ്യപാനം, പുകവലി, ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം കുടുംബങ്ങൾ തകർന്നടിയുന്നു.
6. സെൽഫോൺ അടിമത്തം അവയുടെ ദുരുപയോഗം തുടങ്ങിയവയാൽ ബന്ധങ്ങളുടെ പവിത്രത നഷ്ടപ്പെടുന്നു.
7. വിവാഹം കുടുംബം എന്നിവയെക്കുറിച്ച് മാറിവരുന്ന കാഴ്ചപ്പാടുകൾ.
8. ജോലിക്കും പഠനത്തിനുമായി നഗരങ്ങളിലേക്ക് പോകുന്ന കുടുംബങ്ങൾ.
9. വാർദ്ധ്യകൃത്തിൽ ഉപേഷിക്കപ്പെടുന്ന മാതാപിതാക്കൾ.
10. പല ക്രൈസ്തവ വിഭാഗത്തിൽപ്പെടുന്നവർ ഒരേ വീട്ടിൽ.
11. ക്രൈസ്തവരും അക്രൈസ്തവരും ഒരേ വീട്ടിൽ താമസിക്കുന്നു.
12. ജീവിതശൈലി രോഗങ്ങൾ, വാന്ധ്യത മൂലവും ഉണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങൾ.
13. കുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്കുള്ള മാറ്റം സൃഷ്ടിച്ച അരക്ഷിതാവസ്ഥ.
14. വിവാഹം ഏകവും വിശുദ്ധവും അവിഭാജ്യവുമാണെന്നുള്ള സഭാദർശനത്തെ അറിയാത്തത്.

ദൈവാരാധനയുടെ വിശുദ്ധ ഇടങ്ങൾ ആകേണ്ട കുടുംബങ്ങൾ നിഗൂഢതകളുടെയും, പരസ്പര വിദ്വേഷത്തിന്റെയും കലഹത്തിന്റെയും, മത്സരങ്ങളുടെയും ഇടങ്ങളാകുന്നു. വർദ്ധിച്ചു വരുന്ന വിവാഹ മോചനം കുട്ടികളുടെ വളർച്ചയെയും പരിശീലനത്തെയും, സ്വഭാവരൂപീകരണത്തെയും അസാദ്ധ്യമാക്കുന്നു.

### എന്താണ് അസംബ്ലിയുടെ ലക്ഷ്യങ്ങൾ

സഭ ആധുനിക ലോകത്തിൽ എന്നുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖയും വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പ്രസിദ്ധീകരിച്ച "കുടുംബം എന്ന കൂട്ടായ്മ" എന്ന അപ്പോസ്തോലിക ആഹ്വാനവും "സ്നേഹത്തിന്റെ സന്തോഷം" എന്ന പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ അപ്പോസ്തോലിക ആഹ്വാനവും അടിസ്ഥാനമാക്കി കുടുംബത്തെ ദൈവവിളിയും ദാനവുമായി പ്രമാണ രേഖ വിശകലന വിധേയമാക്കുന്നു.

"വിശ്വാസത്തിൽ ദൈവകൃപ സ്വീകരിക്കുന്ന, സ്നേഹത്തിലും ജീവനിലേക്ക് തുറക്കുന്ന, പ്രത്യാശയിലും അതിനെ വളർത്തുന്ന, സഹജർക്കും സന്തതികൾക്കുമായി അതിനനെ പങ്കുവയ്ക്കുന്ന ഇടമായി ക്രിസ്തീയ കുടുംബങ്ങളെ മനസ്സിലാക്കാനുള്ള ശ്രമമാണ് പഠനരേഖ ലക്ഷ്യമിടുന്നത്"(പഠന രേഖ ദൈ)

### മറ്റ് ലക്ഷ്യങ്ങൾ

1. ഗാർഹിക സഭ എന്ന നിലയിൽ നമ്മുടെ കുടുംബങ്ങളെ ദൈവാരാധനയുടെ വിശുദ്ധ ആലയങ്ങളാക്കണം.
2. കുടുംബാങ്ങൾ കർത്താവിന്റെ പ്രമാണങ്ങൾ കുറ്റമറ്റ വിധം പാലിക്കുന്നവരും നീതിനിഷ്ഠരുമാകണം.
3. വിശ്വാസം ജീവിച്ചു കൈമാറുന്ന, സുവിശേഷാധിഷ്ഠിത ജീവിതം നയിക്കുന്ന ഇടങ്ങളാക്കണം കുടുംബങ്ങൾ.
4. ജീവനെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്തം അഭംഗുരം കുടുംബങ്ങളിൽ ഉറപ്പാക്കണം.
5. ഭാവി തലമുറയുടെ ഭദ്രത അതിന്റെ സമഗ്രതയിൽനിലനിർത്താൻ ഇന്നത്തെ തലമുറയിലെ കുടുംബങ്ങളെ ദൈവത്തെയും മനുഷ്യനെയും പ്രകൃതിയെയും സ്നേഹിക്കുവാൻ പരിശീലിപ്പിക്കണം.

### അസംബ്ലിയുടെ ദൗത്യങ്ങൾ

മേൽപ്പറഞ്ഞ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് രണ്ടാം അസംബ്ലിയിൽ "കൃപ നിറയുന്ന കുടുംബങ്ങൾ" എന്ന വിഷയത്തിലധിഷ്ഠിതമായ ദൗത്യ നിർവചനങ്ങൾ പഠനരേഖ വിവരിക്കുന്നത്.

സഭയെ ലോകവുമായും പൊതു സമൂഹവുമായും ബന്ധിപ്പിക്കുന്ന കണ്ണിയെന്ന നിലയിൽ കുടുംബങ്ങളെക്കുറിച്ച് വിശുദ്ധ വേദപുസ്തകത്തിന്റെയും സഭാപ്രബോധനങ്ങളുടെയും അടിസ്ഥാനത്തിൽ കുടുംബങ്ങളെക്കുറിച്ചുള്ള സഭയുടെ ദർശനം ഇതിൽ വ്യക്തമാക്കുന്നു. വി. ബൈബിൾ വിവരിക്കുന്ന കുടുംബങ്ങളെ ആനുകാലിക സഭാ പ്രബോധനങ്ങളിലൂടെ ഇന്നത്തെ തലമുറയ്ക്ക് മനസ്സിലാകും വിധം വിവരിക്കുന്ന നപഠനരേഖ കൂടുതൽ വിശകലനത്തിനും പഠനത്തിനും ഉപയോഗിക്കണം. രണ്ട് ഭാഗങ്ങളിലായി തയ്യാറാക്കിയിട്ടുള്ള പഠനരേഖയുടെ ആദ്യഭാഗത്തിൽ അഞ്ച് അദ്ധ്യായങ്ങളുണ്ട്. കുടുംബത്തെക്കുറിച്ചുള്ള ക്രിസ്തീയ കാഴ്ചപ്പാട് ഇതിൽ വിവരിക്കുന്നു. വിവാഹ കൂദാശയിലൂടെ ആരംഭിക്കുന്ന കുടുംബം സ്നേഹത്തിന്റെ ഭവനവും, ജീവന്റെ ഉറവിടവും, വിശ്വാസത്തിന്റെ വിളനിലവുമായി അവതരിപ്പിക്കുന്നു.

ഉത്തമ ക്രിസ്തീയ കുടുംബങ്ങളുടെ രൂപീകരണത്തിനും കുടുംബങ്ങളുടെ അദ്ധ്യാത്മിക വളർച്ചയ്ക്ക് ആവശ്യമായ പ്രായോഗികനിർദ്ദേശങ്ങൾ പഠനരേഖയുടെ രണ്ടാം ഭാഗത്ത് നൽകുന്നു.

1. നവകച്ചവട സംസ്കാരത്തിന്റെ സ്വാധീനം വിവാഹ കൂദാശയുടെ ആഘോഷത്തിന്റെ ആദ്ധ്യാത്മികതയെ ഇല്ലാതാക്കുന്ന സാഹചര്യത്തെക്കുറിച്ച് പഠനരേഖ സൂചന നൽകുന്നു.
2. നവ കുടുംബങ്ങളുടെ പരിപാലനത്തിൽ ഭവനം നിർമ്മിക്കുമ്പോൾ നാം പാലിക്കേണ്ട കാര്യങ്ങളും നിർദ്ദേശിക്കുന്നു.
3. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യം എടുത്തു പറയുന്നു.
3. കുടുംബ ബന്ധങ്ങളുടെ പാവനത നഷ്ടപ്പെടുത്തുന്ന കുടുംബത്തിന്റെ അടിത്തറ തകർക്കുന്ന ഉപഭോഗ സംസ്കാരത്തിന്റെ മൂല്യങ്ങളെക്കുറിച്ച് കുടുംബങ്ങൾക്ക് അവബോധം നൽകണം.

ക്രിസ്തീയ ഭവനങ്ങൾ ദൈവകൃപയുടെ നിറവിൽ സുവിശേഷമായി മാറണം. അതിനാവശ്യമായ ചിന്തകളും പ്രായോഗിക സമീപന മാർഗ്ഗങ്ങളും നൽകുകയാണ് പഠനരേഖ. സുവിശേഷമാകുന്ന കുടുംബങ്ങൾക്കേ ലോകത്തിന് യഥാർത്ഥ ആനന്ദം നൽകാനാകു. കുടുംബങ്ങൾ സുവിശേഷമാകുമ്പോൾ:

ദൈവസ്നേഹം ജീവിക്കുന്ന ഇടങ്ങളാകും.
ദൈവവചനം പ്രഘോഷിക്കുന്ന വേദിയാകും.
ദൈവകാരുണ്യം പങ്കുവയ്ക്കുന്ന ഭവനങ്ങളാകും.

സഭയുടെ രണ്ടാം അസംബ്ലി വിളിച്ചുകൂട്ടുമ്പോൾ കൃപ നിറയുന്ന കുടുംബങ്ങൾ എന്ന വിഷയം സഭ മുഴുവനും പരിചിന്തനം നടത്തി കുടുംബങ്ങളെ നവമായ ആദ്ധ്യാത്മിക ചൈതന്യത്താൽ നിറയ്ക്കാൻ നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

ആനുകാലികം



# തിരഞ്ഞെടുപ്പിന്റെ ബാക്കിപത്രം



ബോബി ഏബ്രഹാം

2019 ലോക്സഭാ തിരഞ്ഞെടുപ്പു ഫലം പുറത്തുവന്നിരിക്കുന്നു. ബി.ജെ.പി നേതൃത്വത്തിലുള്ള എൻ.ഡി.എ വൻ ഭൂരിപക്ഷത്തോടെ അധികാരത്തിൽ മടങ്ങിയെത്തിയിരിക്കുന്നു. തീർച്ചയായും സ്വപ്നതുല്യമായ വിജയമാണ് ലഭിച്ചിരിക്കുന്നത്. വലിയ പോരാട്ടം കാഴ്ചവച്ച കോൺഗ്രസ് പക്ഷേ ഫലപ്രഖ്യാപനം വന്നപ്പോൾ ഏറെ പിന്നിലായിപ്പോയി. ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളെ വിശ്വസിക്കാമെങ്കിൽ ഈ തിരഞ്ഞെടുപ്പ് വലിയൊരു പാഠമാണ്. വലിയ ഭരണപരാജയങ്ങൾക്കിടയിലും ഒരു സർക്കാർ വമ്പൻ ഭൂരിപക്ഷത്തോടെ എങ്ങനെ മടങ്ങിയെത്തി? ഉത്തരം കണ്ടെത്തുന്നതിലായിരിക്കും ഇനി രാജ്യത്തിന്റെ ഭാവി.

### എന്താണ് മോദി ചെയ്തത്

ബി.ജെ.പി എന്ന രാഷ്ട്രീയ കക്ഷി 2014–ൽ അധികാരമേറുമ്പോൾ അത് അപ്രതീക്ഷിതമായിരുന്നില്ല. തുടർച്ചയായി രണ്ടുതവണ ഭരിച്ച യുപിഎ സർക്കാരിൽ നിന്ന് ഒരു മാറ്റം ജനങ്ങൾ ആഗ്രഹിച്ചിരുന്നു. എന്നാൽ അധികാരമേറിയ നാൾ മുതൽ ഇന്ത്യയെന്നാൽ ഹിന്ദുരാജ്യം എന്ന പ്രതീതി കൊണ്ടുവരാനായിരുന്നു മോദി സർക്കാരിന്റെ ശ്രമം. അതിന്റെ മറവിൽ നോട്ട് നിരോധനം പോലെയുള്ള മണ്ടൻ തീരുമാനങ്ങൾ നടപ്പാക്കുകയും ചെയ്തു. എന്നാൽ ഇതിനെല്ലാം മറയായി അതിതീവ്ര ദേശീയത വളർത്താൻ മോദിയും സംഘവും ശ്രമിച്ചുകൊണ്ടേയിരുന്നു. അതിതീവ്ര ദേശീയതയ്ക്കുള്ളിൽ മറ്റെല്ലാം മറയ്ക്കുക എന്നതായിരുന്നു തന്ത്രം. ആ ദേശീയത വളർത്തണമെങ്കിൽ ഒരു സാങ്കൽപിക ശത്രു എങ്കിലും വേണം. എന്നാൽ ഇവിടെ പാക്കിസ്ഥാൻ എന്ന സ്ഥിരം ശത്രു അപ്പുറത്തുള്ളപ്പോൾ അതിനു വലിയ പ്രയാസമൊന്നും ഉണ്ടായില്ല. മാത്രമല്ല, രാജ്യത്തെ ന്യൂനപക്ഷങ്ങളെയും സംശയ നിഴലിൽ നിർത്തുക എന്ന തന്ത്രവും ഫലപ്രദമായി പയറ്റി. സംഘപരിവാറിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച ഈ തന്ത്രത്തെ മറികടക്കാൻ പ്രതിപക്ഷത്തിനായില്ല എന്നതാണ് പ്രധാന പരാജയം. വിഭജനകാലത്തെ മുറിവുകൾ ഉണങ്ങാത്ത ഉത്തരേന്ത്യയിൽ ഇന്നും അതിതീവ്ര ദേശീയതയ്ക്ക് വലിയ സ്ഥാനമുണ്ട്. അതറിയണമെങ്കിൽ വാഗാ അതിർത്തിയിൽ എന്നും വൈകിട്ട് നടക്കുന്ന പരേഡ് കണ്ടാൽ മതി. അവിടെ യഥാർഥത്തിൽ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള യുദ്ധമാണോ നടക്കുന്നതെന്നു തോന്നിപ്പോകും. അവിടെ എത്തുന്നവരെല്ലാം തന്നെ ആർപ്പുവിളിച്ചും മുദ്രാവാക്യം ഉയർത്തിയും ആ ആവേശത്തിൽ പങ്കുചേരും. നമ്മൾ പെട്ടെന്ന് വേറൊരു അവസ്ഥയിലേക്ക് എടുത്തെറിയപ്പെട്ടതുപോലെയാകും. അതിനു കാരണവുമുണ്ട്. വിഭജനത്തിന്റെ നോവുകൾ പേറുന്നവർ അങ്ങനെയായില്ലെങ്കിലേ അത്ഭുതമുള്ളു. ആ മായോലോകത്തെ എങ്ങനെ വോട്ടാക്കി മാറ്റാം എന്ന് കൃത്യമായി അറിയാവുന്നവരാണ് നരേന്ദ്ര മോദിയും അമിത് ഷായും. ഹിന്ദി ഹൃദയ ഭൂമിയിൽ മുഴുവൻ ആ മാനസികാവസ്ഥ സൃഷ്ടിക്കുന്നതിൽ അവർ വിജയിച്ചു. ഒപ്പം തങ്ങളെ എതിർക്കുന്നവർക്കെല്ലാം ദേശവിരുദ്ധ പട്ടം ചാർത്തിക്കൊടുക്കുകയും ചെയ്തു. അതിതീവ്രമായി ഇന്ത്യയെ വർഗീയമായി വിഭജിക്കുകയും ചെയ്തു. അതിനെ മറികടക്കാൻ ഫലപ്രദമായ മറുതന്ത്രങ്ങൾ ആവിഷ്കരിക്കാൻ പ്രതിപക്ഷത്തിനു കഴിഞ്ഞുമില്ല.

### പ്രതിപക്ഷം

കോൺഗ്രസിന്റെ പ്രതാപകാലത്ത് പ്രതിപക്ഷത്തിന്റെ അവസ്ഥ എന്തായിരുന്നോ അതിലും മോശമായ അവസ്ഥയിലാണ് കോൺഗ്രസ് ഉൾപ്പെടെയുള്ള രാഷ്ട്രീയ കക്ഷികൾ. ബി.ജെ.പി എന്ന രാഷ്ട്രീയ കക്ഷി ദുർബലമായ കാലത്തും ആർ.എസ്.എസ് ഉൾപ്പെടെയുള്ള സംഘപരിവാർ സംഘടനകൾ ശക്തമായിരുന്നു. ഏതു തലത്തിലും പ്രവർത്തിക്കാൻ തയ്യാറായ സന്നദ്ധ പ്രവർത്തകരും അവർക്കുണ്ടായിരന്നു. എന്നാൽ ഏറെക്കാലം രാജ്യം ഭരിച്ച കോൺഗ്രസിന്റെ സംഘടനാ സംവിധാനം അമ്പേ പരാജയപ്പെട്ട സ്ഥിതിയാണ് കുറേക്കാലമായുള്ളത്. താഴേത്തട്ടിൽ നിന്നു പ്രവർത്തനത്തിലൂടെ മിടുക്കർക്ക് കടന്നുവരാനുള്ള അവസരം നിഷേധിക്കപ്പെട്ടത് കോൺഗ്രസിന്റെ സംഘടനാ സംവിധാനത്തിനേൽപിച്ച പരുക്ക് ചെറുതല്ല. അതിനു പുറമേയാണ് കോൺഗ്രസിൽ നിന്നു കാലാകാലങ്ങളിലുണ്ടായ കൊഴിഞ്ഞുപോക്ക്. മമതയും, ജഗൻ മോഹനും, ശരദ് പവാറും ഒക്കെ അങ്ങനെ പോയവരാണ്. ബിജെപിയിൽ

ഇന്നുള്ള എംപിമാരിൽ വലിയ പങ്കും കോൺഗ്രസിന്റെ പ്രതാപകാലത്ത് കോൺ ഗ്രസിനൊപ്പമായിരുന്നവരാണ്. കോൺഗ്രസിന് സംഘടനാപരമായി ഉണ്ടായ ഈ ദൗർ ബല്യത്തെ ചൂഷണം ചെയ്താണ് ഉത്തരേ ന്ത്യയിലെ പ്രാദേശിക കക്ഷികൾ വളർന്നത്.

ഉത്തർപ്രദേശിൽ മാത്രം ഒതുങ്ങുന്ന സമാജ് വാദി പാർട്ടിയും യുപിക്കു പുറത്തേക്കു വളരാൻ ശ്രമിക്കുന്ന മായാവതിയും ഒക്കെ കോൺഗ്രസിന്റെ വോട്ട് ബാങ്ക് തുരന്ന് സ്വന്തം നില ഭദ്രമാക്കാൻ ശ്രമിച്ചവരാണ്. പ്രാദേശിക കക്ഷികൾ എന്നതിനപ്പുറം ദേശീയ കാഴ്ച പ്പാടോടെ നീങ്ങാൻ ഇവർക്കാർക്കും കഴിഞ്ഞില്ല. സ്വന്തമായി കുറേ എംപിമാരെ സൃഷ്ടിച്ച് അതിന്റെ ബലത്തിൽ പ്രധാനമന്ത്രി യാകാനായിരുന്നു മായാവതിയും മമതയും ഒക്കെ ശ്രമിച്ചത്. 77-ലെ ജനതാ പരീക്ഷണവും പരാജയപ്പെട്ടത് 89-ലെ കോൺഗ്രസ് ഇതര സർക്കാർ പരീക്ഷണവും ഒക്കെ പരാജയ പ്പെട്ടത് ഇത്തരം പ്രധാനമന്ത്രിപദ മോഹികൾ കാരണമായിരുന്നെന്ന സത്യം എല്ലാവരും മറന്നുപോയി. ദുർബലമാണെങ്കിലും രാജ്യം മുഴുവൻ വേരുകളുള്ള കോൺഗ്രസിന് പ്രധാനമന്ത്രിപദം വിട്ടുകൊടുത്ത് മറ്റുള്ളവർ ഒപ്പം അണിചേർന്നിരുന്നെങ്കിൽ സ്ഥിതി മറ്റൊന്നായേനേ എന്നു കരുതുന്നവർ ഏറെയാണ്. ഒരു വശത്ത് രാജ്യം ശക്തമായി നിലനിൽക്കാൻ ഞങ്ങൾ വേണമെന്നു പറയുന്ന സംഘപരിവാറിന്റെ അതി തീവ്ര ദേശീയതയെ നേരിടണമെങ്കിൽ ശക്തമായ പ്രതിപക്ഷമായി ജനങ്ങളുടെ മുന്നിൽ നിൽക്കണമെന്ന കാര്യം കിരീട മോഹത്തിൽ എല്ലാവരും മറന്നുപോയി.

അങ്ങനെ വരുമ്പോൾ ഇപ്പോഴത്തെ പരാജയത്തിന് ഒന്നും രണ്ടും മൂന്നും നാലും പ്രതികളായി കാണേ ത് മായാവതി, മമത ബാനർജി, അഖിലേഷ് യാദവ്, അരവിന്ദ് കേജ്രിവാൾ എന്നിവരെയാണ്. കാരണം അവരാണ് വിട്ടുവീഴ്ചകൾക്കു തയ്യാറായ കോൺഗ്രസിനെ പിന്നിൽ നിന്നു കുത്തിയത്. യുപിയിൽ എസ്പി - ബിഎസ്പി സഖ്യ ത്തിനൊപ്പം കോൺഗ്രസിനെക്കൂടി ചേർത്തി രുന്നെങ്കിൽ എന്ന് ഇപ്പോൾ അവർ ആലോചിക്കുന്നുണ്ടാവും. ഡൽഹിയിൽ ഒന്നിച്ചുനിന്നിരുന്നെങ്കിൽ എന്ന് എഎപി ഇപ്പോൾ ആലോചിക്കുന്നുണ്ടാവും. ബംഗാ ളിൽ മമത അങ്ങനെ ചിന്തിക്കുന്നുണ്ടോ ആവോ? കാരണം മമത സ്വയം ഒരു പ്രസ്ഥാനമായി മാറിപ്പോയല്ലോ.

### മോദി അമിത്ഷാ

ശരിയായി ചിന്തിക്കുന്നവർക്കറിയാം കഴിഞ്ഞ അഞ്ചുവർഷം വാചകമടിയല്ലാതെ കാര്യമായി ഒന്നും രാജ്യത്ത് നടന്നിട്ടില്ലെന്ന്. പക്ഷേ അതിനെ സമർഥമായി ഒളിച്ചു വയ്ക്കാനും സ്വന്തം അജണ്ടകൾ നടപ്പാ ക്കാനും മോദി-അമിത് ഷാ കൂട്ടുകെട്ടിനു കഴിഞ്ഞു. ചിന്തിക്കാവുന്നതിനുമപ്പുറം സാമ്പത്തിക ശേഷി ബി.ജെ.പി എന്ന രാഷ്ട്രീയ കക്ഷി ആർജിച്ചുകഴിഞ്ഞിട്ടുണ്ട്. ജനപ്രതി നിധികളെ എങ്ങനെ കൂടെനിർത്തണമെന്ന് അവർക്കറിയാമെന്നതിന് ഗോവയും മേഘാ ലയയും തെളിവാണ്. അവരെ സംബന്ധിച്ചിട ത്തോളം ലക്ഷ്യം മാത്രമാണ് പ്രധാനം. മാർഗം പ്രശ്നമേയല്ല. രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് നിയമസഭാ തിരഞ്ഞെടുപ്പു കളിൽ ഏറ്റ പരാജയം അവർക്കു ചിന്തി ക്കാവുന്നതിനപ്പുറമായിരുന്നു. ഒരുപക്ഷേ ആ സമയം മുതൽ പ്രതിപക്ഷം ഒറ്റക്കെട്ടായി നിന്നിരുന്നെങ്കിൽ മോദി ബുദ്ധിമുട്ടിലായേനേ. എന്നാൽ സൂചനകൾ മനസ്സിലാക്കുന്നതിൽ പ്രതിപക്ഷം പരാജയപ്പെട്ടു. എന്നാൽ മോദി അതു മനസ്സിലാക്കുകയും ചെയ്തു. റഫാൽ അഴിമതി ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ജനവികാരം എതിരായി വളരുന്നുവെന്ന് മനസ്സിലായ ഉടൻ അതിനെ ചെറുക്കാനായി വീണ്ടും മോദി ആ പഴയ ആയുധം തന്നെ തിരിച്ചെടുത്തു. പുൽവാമ ആക്രമണം വീണുകിട്ടിയ കച്ചിത്തുരുമ്പായി. അതിനെ ത്തുടർന്ന് പാക്കിസ്ഥാനിലെ ബാലാക്കോട്ടിൽ നടത്തിയ ആക്രമണത്തിലൂടെ ദേശീയ വികാരം ഉണർത്താനും മോദിക്കു കഴിഞ്ഞു. ഒരുതരം മായാലോകത്തെത്തിയ ഉത്തരേന്ത്യൻ ജനത മോദിക്കുപിന്നിൽ അണിനിരക്കുകയും ചെയ്തു. ഇതാവണം ഇത്തവണ സംഭവിച്ചത്.

ഇതിനു മുമ്പ് ഒരു പ്രധാനമന്ത്രിയും ചെയ്യാത്തതുപോലെ ജനങ്ങളെ രണ്ടായി കാണാനും അതു പ്രചരിപ്പിക്കാനും മോദി ശ്രമിക്കുകയും ചെയ്തു. രാഹുൽ ഗാന്ധി ഹിന്ദുക്കളെ ഭയന്ന് ന്യൂനപക്ഷ സ്വാധീന മേഖലയായ വയനാട്ടിലേക്ക് ഒളിച്ചോടിയെന്ന് ഒരു പ്രധാനമന്ത്രി പറയുന്നത് കേൾക്കേ ണ്ടിവന്നു. കൃത്യമായ ഉദ്ദേശ്യത്തോടെ നടത്തിയ ആ പ്രതികരണവും വിജയം കണ്ടു എന്നുവേണം കരുതാൻ. ചുരുക്കത്തിൽ മോദി ഇന്ത്യയേ രണ്ടായി വഭജിച്ചുകഴിഞ്ഞു. ന്യൂനപക്ഷമെന്നും ഭൂരിപക്ഷമെന്നും. ഇനിയുള്ള കാലം ആ ഭിന്നത കൂടുതൽ ശക്തമാകും എന്നതാണ് ഏറ്റവും വലിയ ദുരന്തം.

മാത്രമല്ല എല്ലാ ഭരണഘടനാ സ്ഥാപന ങ്ങളെയും വരുതിക്കു നിർത്താനും കഴിഞ്ഞു. എതിർസ്വരം വന്നാൽ എങ്ങനെയൊക്കെ അടിച്ചമർത്താം എന്നതിന്റെ വലിയ പാഠമാണ് അവർ പകർന്നുതന്നത്. ബിജെപിയുടെ സഖ്യകക്ഷിയെപ്പോലെയാണ് തിരഞ്ഞെടുപ്പ് കമ്മിഷൻ പെരുമാറിയതെന്ന ആരോപണം പ്രതിപക്ഷം ഉയർത്തുകയുണ്ടായി. പ്രതി പക്ഷം മുന്നോട്ടുവച്ച ആവശ്യങ്ങളൊന്നും തന്നെ പരിഗണിക്കാൻ കമ്മിഷൻ തയ്യാറായില്ല. പ്രധാനമന്ത്രി പെരുമാറ്റച്ചട്ടം ലംഘിച്ചെന്ന പരാതികളിലെല്ലാം ക്ലീൻ ചിറ്റ് നൽകാൻ മത്സരിച്ച കമ്മിഷൻ പ്രതിപക്ഷത്തോട് ആ ഔദാര്യം കാണിച്ചുമില്ല.

### ദക്ഷിണേന്ത്യൻ കോട്ട


മുമ്പു തന്നെ വിള്ളലുണ്ടാക്കി കടന്നു കയറിയ കർണാടക ഒഴിച്ച് ഒരു ദക്ഷിണേ ന്ത്യൻ സംസ്ഥാനത്തും ബി.ജെ.പിക്ക് കാര്യമായ നേട്ടമൊന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. തമിഴ്നാട് ബി.ജെ.പിയെ ചെറുത്തുനിന്നു. ആന്ധ്രയും തെലങ്കാനയും ബി.ജെ.പിക്കെതിരെ പിടിച്ചുനിന്നു. കേരള ത്തിൽ താമര വിരിയിക്കുമെന്നു പറഞ്ഞെ ങ്കിലും സാധിച്ചില്ല. ചുരുക്കത്തിൽ ഉത്തരേ ന്ത്യയിൽ നടത്തുന്ന നാടകങ്ങളിലൂടെ ദക്ഷിണേന്ത്യ പിടിക്കാൻ പറ്റില്ലെന്നു ബിജെപി തിരിച്ചറിയുന്നു. അപ്പോൾ പുത്തൻ സഖ്യങ്ങളി ലൂടെ മുന്നേറാനാവും ഇനിയുള്ള ശ്രമം. കേന്ദ്രത്തിൽ ശക്തമായ ഒരു പാർട്ടി എന്ന നിലയിൽ അവർക്കതിനാവുമെന്നുതന്നെ കരുതണം. സാമം, ദാനം, ഭേദം, ദണ്ഡം എല്ലാം പ്രയോഗിച്ചേക്കാം. ഇനിയുള്ള അങ്കം കാണേണ്ടതു തന്നെയാണ്.

### കേരളത്തിൽ സംഭവിച്ചത്

കേരളത്തിൽ യു.ഡി.എഫ് വൻവിജയം നേടും എന്ന് മുൻകൂട്ടികാണാത്തവർ ആരും ഇല്ല. എന്നാൽ പാലക്കാട്, ആറ്റിങ്ങൽ പോലെയുള്ള ഇടതുകോട്ടകൾ തകർന്നുവീഴും എന്ന് ആരും കരുതിയില്ല. ആലപ്പുഴ മാത്രം പിടിച്ചുനിന്നു. ഹരിപ്പാട് മണ്ഡലത്തിലെ അടിയൊഴുക്ക് മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നെങ്കിൽ ആലപ്പുഴയും സ്ഥിതി വ്യത്യസ്തമായേനേ. എന്താണ് കേരളത്തിൽ സംഭവിച്ചത്? ബി.ജെ.പിക്ക് എതിരായി ന്യൂനപക്ഷ വോട്ട് ഏകീകരണം ഉണ്ടായി എന്നത് ഒരു വസ്തുത. ഒരിക്കലും അതിതീവ്ര ദേശീയതയെ പ്രണയിക്കാത്ത വലിയൊരു ഹിന്ദു സമൂഹം ഇവിടെയുണ്ട്. അവരാരും വർഗീയതയുടെ പിന്നാലെ പോകുന്നവരല്ല. കേരളത്തിന്റെ മതസൗഹാർദ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നവരാണ് അവർ. ചിലരൊക്കെ മാറിച്ചിന്തിച്ചിരിക്കാമെങ്കിലും അവരിൽ ഭൂരിപക്ഷവും വർഗീയതയുടെ മതിൽ പൊളിച്ച് അകത്തുകയറേണ്ട എന്നു തീരുമാനിച്ചു എന്നു വേണം കരുതാൻ.

ഒപ്പം രണ്ടു കാര്യങ്ങളിൽ ഇടതു സർക്കാർ അമ്പേ പാളിപ്പോയതും ജനത്തെ വെറുപ്പിച്ചു. ആദ്യത്തേത് പ്രളയവും രണ്ടാമത്തേത് ശബരിമലയും. പ്രളയം സർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് ഉണ്ടായതാണെന്ന ആരോപണത്തിനൊപ്പം പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സർക്കാർ പാളിപ്പോ കുകയും ചെയ്തു. അതുപോലെ ശബരിമല. സുപ്രീംകോടതി വിധി നടപ്പാക്കുന്നതിൽ അവേശപൂർവം മുന്നിട്ടിറങ്ങുകയായിരുന്നു പിണറായി സർക്കാർ. ശബരിമല സ്ത്രീ പ്രവേശനത്തിനായി വാദിച്ചിരുന്ന ആർ.എസ്. എസ് കളം മാറ്റിച്ചവിട്ടുന്നതു കണ്ടിട്ടും മുഖ്യമന്ത്രി പിടിവാശി വിട്ടില്ല. ജാക്കറ്റ് ധരിപ്പിച്ചും ഹെൽമറ്റ് വച്ചും യുവതികളെ

ദൈവശാസ്ത്ര വിചിന്തനങ്ങൾ



# അതുല്യദാനം, നിരന്തര സഹകരണം



റവ. ഫാ. ജേക്കബ് ജോർജ്ജ് ചിറയത്ത്

ദൈവിക വെളിപാടിനോടുള്ള സ്വാഭാവിക പ്രതികരണമായി വിശ്വാസത്തെ സമീപിക്കുന്ന ഈ ലേഖനത്തിന്റെ ആരംഭത്തിൽ തന്നെ അതിനെ ദൈവത്തിന്റെ ഉദാത്തദാനമായി നാം അംഗീകരിക്കുന്നു, ഏറ്റു പറയുന്നു. ദൈവിക വെളിപാടിന്റെ പ്രസരണം സാധിതമാക്കുക മാത്രമല്ല, പിന്നെയോ അതിനെ ഉൾക്കൊള്ളുവാനും, സ്വീകരിക്കുവാനും, വിശ്വസ്ഥതയോടെ പിൻചെല്ലുവാനും മനുഷ്യഹൃദയങ്ങളെ അവിടുന്ന് ഒരുക്കുന്നു, നിരന്തരം, നിസ്തന്തരം.

## ശേഖരിക്കുന്ന ദൈവം, വിശ്വസിക്കുന്ന ജനത

സൃഷ്ടാവിന്റെ സംലഭ്യതയും സാമിപ്യവുമാണ് സൃഷ്ടപ്രപഞ്ചത്തെ മനോഹരവും ക്രമാനുഗതവുമാക്കുന്നത്. പ്രപഞ്ചത്തിന്റെ മനോഹാരിതയെ ധ്യാനിക്കുന്നവൻ സൃഷ്ടാവിന്റെ നന്മയുടെയും സ്നേഹത്തിന്റെയും ഉപാസകനായി മാറുന്നു. ഒരു സൃഷ്ടിയെന്ന നിലയിൽ തന്റെ സൃഷ്ടാവായ ദൈവത്തെ അറിയുക മനുഷ്യന്റെ സ്വാഭാവികതയാണ്. ആ സ്വാഭാവികത നിലനിർത്തി, അതിനെ ആഴത്തിൽ ബഹുമാനിച്ച് പൂർണ്ണതയിലേക്കുയർത്തുവാൻ ദൈവം മനുഷ്യനെ സഹായിക്കുന്നു.

ശേഖരിക്കുന്ന ദൈവം, വിശ്വസിക്കുന്ന ജനത, ഒരുപക്ഷേ രക്ഷാകര പദ്ധതിയിൽ നാം ദർശിക്കുന്ന അടിസ്ഥാന തന്തു തന്നെയാണ്. ഇസ്രയേലിന്റെ പുറപ്പാടിന്റെ അനുഭവത്തിൽ, അതിന്റെ ഒരു നിർണ്ണായകതയിൽ ഉരുവായ ഉടമ്പടിയിലും ദൃശ്യമാകുന്നതും ഇതുതന്നെയാണ്. തന്റെ മഹിമയും പ്രതാപവും വെടിഞ്ഞ് സീനായ് മലയിലിറങ്ങിവന്ന ദൈവം, മോശയെ തന്നിലേക്കുയർത്തി, അവന്റെ കൗദാശികതയിലൂടെ, ഇസ്രയേലുമായി ഉടമ്പടിയിലേർപ്പെടുന്നു. അങ്ങനെ താനവർക്കു പ്രിയപ്പെട്ട ദൈവവും, അവരവനു സ്വന്തം ജനതയുമാകുന്നു. മരുഭൂമിയിലെ യാത്രയിൽ പകൽ അവർക്കു മുകളിൽ അവരെ സംരക്ഷിക്കുന്ന മേഘമായും, രാത്രി അവർക്കു വെളിച്ചവും ഊഷ്മളതയും അരുളുന്ന അഗ്നിസ്തംഭമായും അവിടുന്നു തന്നെ തന്നെ പ്രതിഷ്ഠിക്കുന്നു. ജറുസലേമിനെക്കുറിച്ച് വിലപിക്കുമ്പോൾ കർത്താവ് മനോഹരമായ ഒരു അലങ്കാര പ്രയോഗം ഉപയോഗിക്കുന്നത് ഇത്തരുണത്തിൽ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. "പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ നിന്റെ സന്തതികളെ ഒരുമിച്ചു കൂട്ടുവാൻ ഞാൻ എത്രയോ പ്രാവിശ്യം ആഗ്രഹിച്ചു!" (മത്തായി 23:37).

രക്ഷണ്യ വ്യാപാരത്തിലുടനീളം നാം

---

മലകയറ്റാൻ പൊലീസ് നടത്തിയ ശ്രമങ്ങളും വിശ്വാസികളുടെ മനസ്സിൽ മുറിവുണ്ടാക്കി. പരമ്പരാഗതമായി ഇടതുപക്ഷത്ത് മാത്രം വോട്ട് ചെയ്തിരുന്ന വലിയൊരു വിഭാഗം ഇത്തവണ മാറിച്ചിന്തിച്ചു. പത്തനംതിട്ടയിൽ പോലും കഴിഞ്ഞതവണ നേടിയതിന്റെ ഇരട്ടിയിലേറേ വോട്ട് നേടാൻ ബി.ജെ.പിക്കു കഴിഞ്ഞത് അങ്ങനെയാണ്. എങ്കിലും സംസ്ഥാനം ഒന്നടങ്കം ബി.ജെ.പിയെ ചെറുക്കുകയും ഇടതു സർക്കാരിനെ പാഠം പഠിപ്പിക്കുകയും ചെയ്തു. അത്ര മാത്രമേ കേരളത്തിലെ തിരഞ്ഞെടുപ്പ് ഫലത്തെപ്പറ്റി പറയാനാവൂ.

## മേമ്പൊടി

അഴിമതി നടത്തി എന്നൊന്നും പറഞ്ഞ് ഇനിയാരും രംഗത്തുവരരുത്. അഴിമതി നടത്താത്തവരെയാണ് ഇന്നു ജനത്തിനു പുച്ഛം. 3300 കോടിയുടെ അഴിമതി ആരോപണം നേരിട്ടവരൊക്കെ ഇനി മുഖ്യമന്ത്രിയാകുന്നതു കാണാൻ പോവുകയാണ്. നേരത്തേ ഒരു കോടി എന്നു പറഞ്ഞാൽ വലിയ തുകയായിരുന്നു. ഇപ്പോൾ ശതകോടികൾ പോലും ഒന്നുമല്ല. മാത്രമല്ല, അഴിമതിയൊക്കെ മറച്ചുവയ്ക്കാൻ കുറച്ചു പഞ്ചസാര മുകളിൽ വിതറിയാൽ മതിയെന്നറിയാവുന്നവരാണ് പുതിയ രാഷ്ട്രീയക്കാർ. അവർക്കിതൊരു ബിസിനസ് ആണ്. അതു ഭംഗിയായി നടത്തിക്കോളും. ജനം അതു കണ്ടു കയ്യടിച്ച് അങ്ങിരുന്നാൽ മതി. ജുൻജുൻവാല എന്ന ഓഹരി ദല്ലാൾ പറഞ്ഞത് ഈ ജനാധിപത്യം വികസനത്തിനു വലിയ തടസ്സമാണെങ്കിലും അതു സഹിച്ചല്ലേ പറ്റൂ എന്നാണ്. അതാണ് പോയിന്റ്. ആധുനിക ഇന്ത്യൻ രാഷ്ട്രീയത്തിന്റെ അജണ്ട അതായിരിക്കും.

കണ്ടെത്തുന്ന ഇടയന്റെ രൂപവും പ്രമേയവും വരച്ചുകാട്ടുന്നതും മറ്റൊരു യാഥാർത്ഥ്യമല്ല. തങ്ങളെ ശേഖരിക്കുന്നതിൽ ഒരു നാളും പിന്തിരിയാത്ത ഇടയനെ സങ്കീർത്തകൻ ഇപ്രകാരം പാടി സ്തുതിച്ചു. "യഹോവ എന്റെ ഇടയനാകുന്നു. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല" (സങ്കീർ 23:1). പഴയനിയമത്തിലെ പുസ്തകങ്ങളിൽ നാം കാണുന്ന ദൈവവിലാപങ്ങളിലധികവും അകന്നുപോകുന്ന, ഇടറി അലയുന്ന, അതുമല്ലെങ്കിൽ മറുതലിക്കുന്ന അജഗണത്തെക്കുറിച്ചാണ്. യേശയ്യാ പ്രവാചകന്റെ പുസ്തകം ആരംഭിക്കുന്നത് ഇപ്രകാരമുള്ള ഒരു വിലാപത്തോടെയാണ്. പോറ്റി വളർത്തിയ തന്റെ ജനത തന്നെയറിയുന്നില്ലായെന്ന്, ആകാശങ്ങളോടും, ഭൂതലത്തോടും ദൈവം പരിതപിക്കുന്നു (ഏശയ്യാ 1).



ക്ഷമാശീലനായ ദൈവം, കുപിതനാകുന്നതും, ഒരു പടികൂടെ കടന്നു ശിക്ഷാനടപടികളിലേക്കു കടക്കുന്നതും അജപാലനധ്വംസനങ്ങൾ ഉയർന്നുപൊന്തി, വളർന്നുപന്തലിച്ചപ്പോൾ മാത്രമാണ്. ഏലിയുടെ പുത്രന്മാരുടെ ദുശ്ചെയ്തികളും അവരുടെ ദാരുണ അന്ത്യങ്ങളും ഒരു ഉദാഹരണമായി ഇവിടെ സ്വീകരിക്കാം. അവരുടെ അധമ വ്യാപാരങ്ങൾ ദൈവികവെളിപാടിനെ തന്നെ കുറെയധികകാലം ഇസ്രയേലിൽ നിന്നകറ്റിയെന്നു സാമുവേലിന്റെ പുസ്തകം സാക്ഷിക്കുന്നു. എസക്കിയേലിന്റെ പുസ്തകത്തിൽ, ഇസ്രയേലിലെ ഇടയന്മാർക്കെതിരായ പ്രവചനം മാത്രമല്ല നാം ദർശിക്കുക. പിന്നെയോ താൻ തന്നെ തന്റെ ജനതയുടെ ഇടയനാകുമെന്ന വാഗ്ദാനവും നാം കാണുന്നു (എസക്കിയെൽ 34).

തന്റെ പരസ്യജീവിതത്തിൽ, തന്റെ പ്രഘോഷണങ്ങളിൽ തന്നെ തന്നെ നിർവ്വചിക്കുവാൻ കർത്താവുപയോഗിച്ചതും ഇടയന്റെ സാദൃശ്യം തന്നെയായിരുന്നു. യോഹന്നാൻ തന്റെ സുവിശേഷത്തിൽ വരച്ചുകാട്ടുന്ന യേശുവെന്ന നല്ലിടയൻ പറയുന്ന ഓരോ വചനങ്ങളും നൂറ്റാണ്ടുകൾക്കുമുൻപ് എസക്കിയേൽ വഴിയായി ദൈവം അരുളിചെയ്ത വാക്കുകൾ തന്നെയാണ്. ഒരിടയനും, ഒരാലയും എടുത്തുയർത്തുന്ന യാഥാർത്ഥ്യവും ശേഖരണവും, പ്രത്യുത്തരവും തന്നെയാണ്. ലൂക്കായുടെ സുവിശേഷം പതിനഞ്ചാമധ്യായത്തിൽ കാണുന്ന മൂന്നുപമകൾ വിശ്വോത്തരങ്ങളാണെന്നു മാത്രമല്ല, ലോകദൃഷ്ടിയിൽ നിന്നും, അതിന്റെ അളവുകോലുകളിൽ നിന്നും ദൈവമെന്ന ഇടയനെ വ്യത്യസ്ഥനാക്കുകയും ചെയ്യുന്നു. ആധുനിക ഗണിതശാസ്ത്രത്തിന്റെ വീക്ഷണത്തിൽ, കർത്താവ് ഉപമിക്കുന്ന ഇടയൻ ഒരു പക്ഷേ മോശപ്പെട്ട ഗണിതജ്ഞനാണ്. കാരണം ഒന്ന്, തൊണ്ണൂറ്റിയൊൻപതിനേക്കാൾ അവന്റെ ശ്രേണിയിൽ വലുതാണ്. ലാഭം മാത്രം ലക്ഷ്യമാക്കി മുന്നേറുന്ന സാമ്പത്തിക ശാസ്ത്രമേഖലകളുടെ കാഴ്ചപ്പാടിൽ അവിടുന്നു ഒരു പക്ഷേ ഗുണം കുറഞ്ഞ ധനതത്വശാസ്ത്രജ്ഞനാണ്, കാരണം ഉന്മയല്ല, ഉള്ളതല്ല അവന്റെ അന്വേഷണത്തിന്റെ കാതൽ, മറിച്ച് നഷ്ട്ടപ്പെട്ടതാണ്. ധൂർത്തപുത്രന്റെ ഉപമയിൽ, നാം കണ്ടെത്തുന്ന സ്നേഹത്തിൽ സമ്പന്നനായ പിതാവ് ലോകദൃഷ്ടിയിൽ ബലഹീനതയുടെ, പരാജയത്തിന്റെ പ്രതീകമായേക്കാം. പക്ഷേ, തിരികെയെത്തുന്നവൻ എന്തുതന്നെ നഷ്ടപ്പെടുത്തിയാലും, അവൻ/അവൾ തന്റെ ഹൃദയത്തിൽ പുനർശേഖരിക്കപ്പെടുമ്പോൾ സർവ്വാലംകൃതനാകുന്നുവെന്ന് അതു നമ്മെ ഓർമ്മിപ്പിക്കുന്നു.

## തളരിതമായ ദൈവപരിപാലനം

തളരിതമായ ദൈവപരിപാലനം വിശ്വാസതീർത്ഥാടന വഴികളിലെ ദീപികയാണ്. മോശയുടെ ജീവിതം അനാവരണം ചെയ്യുന്നത് ഈ യാഥാർത്ഥ്യം തന്നെയാണ്. ഈജിപ്തിലെ അടിമത്വത്തിന്റെ അസ്വസ്ഥതകളുടെ നടുവിലാണ് അവന്റെ ജനനം. പിറന്നു വീഴുന്ന ആൺകുഞ്ഞുങ്ങളെ നൈൽനദിയിൽ എറിഞ്ഞു കളയുവാൻ ഫറവോ കൽപ്പിച്ചതു നിലനിൽക്കേ, മോശയെ ജനനശേഷം മൂന്നുമാസം രഹസ്യമായി സൂക്ഷിക്കുവാൻ അവന്റെയമ്മയെ പ്രേരിപ്പിക്കുക, അവന്റെ കോമളത്തമായിരുന്നു. സവിശേഷമായ ആ അനുഗ്രഹ

ത്തിലൂടെ ഒരമ്മയുടെ അത്യന്താപേക്ഷിതമായ സംരക്ഷണം ആ മകനു ഉറപ്പിക്കുക യായിരുന്നു ദൈവം. അതുമല്ലെങ്കിൽ അമ്മയുടെ മാറിൽ പറ്റിച്ചേരുന്ന കുഞ്ഞിന്റെ ശാന്തതയും, സുരക്ഷിതത്വവും അവനിലേക്കു സന്നിവേശിപ്പിക്കുകയായിരുന്നു. സർവ്വോപരി ഇനിയും അഭിമുഖീകരിക്കേണ്ട പ്രതികൂല സാഹചര്യങ്ങളിൽ നിലകൊള്ളുവാൻ സ്വാഭാവിക പ്രതിരോധശക്തി, രോഗങ്ങൾ ക്കെതിരായി നേരിടുവാൻ, സ്വന്തം അമ്മയുടെ മുലയൂട്ടലെന്ന അമൂല്യതയിലൂടെ ശാക്തീ കരിക്കപ്പെടുകയായിരുന്നു. മൂന്നുമാസത്തിനു ശേഷവും, ഭദ്രമായി അവനെ നൈൽ നദിയിൽ ഒഴുക്കുമ്പോഴും തുടരുന്ന ദൈവപരിപാലന നമ്മെ അതിശയിപ്പിക്കുന്നു. വിരിക്കപ്പെട്ട ദൈവികപരിപാലനയിൽ ഫറവോയുടെ മകളുടെ കയ്യിലേക്ക് ഒഴുകിയെത്തിയ മോശയുടെ ജീവിതം, രാജകുമാരനടുത്ത രീതിയിൽ കൊട്ടാരത്തിൽ പുരോഗമിക്കുന്നു. അതും സ്വന്തം അമ്മയുടെ മുലപ്പാൽ നുകർന്നുകൊണ്ടു തന്നെ. രാജകൊട്ടാരത്തിൽ അവൻ വളർന്നു, മാനവികവികാസത്തിന്റെ പടവുകൾ താണ്ടുമ്പോൾ അവന്റെ പരിശീലന മുറകളെല്ലാം ഉന്നത നിലവാരമുള്ളതാണെന്നു ഉറപ്പുവരുത്തുന്നതായിരുന്നു, അവനെ വലയം ചെയ്തുനിന്ന ദൈവപരിപാലനം.

ഉന്നത പരിശീലനം നേടി പ്രായപൂർത്തി യാകുമ്പോഴും ഹെബ്രായനെന്ന അവന്റെ സ്വത്വബോധം, അനന്യത അവനിൽ നിന്നു മാഞ്ഞില്ല. ആ തിരിച്ചറിവ്, അതുമല്ലെങ്കിൽ അതിൽനിന്നുരുത്തിരിഞ്ഞ രക്തതിളപ്പ് ഒരു കൊലപാതകത്തിലേക്കവനെ നയിക്കുന്നു. കൊട്ടാരത്തിലെ സുരക്ഷിതത്വം വെടിഞ്ഞ് സഹജീവികളുടെ ദൈന്യത നേരിട്ടു മനസ്സിലാക്കുവാൻ നടത്തിയ മറ്റൊരു പര്യടനത്തിൽ സ്വജനതയുടെകുറ്റപ്പെടുത്തലു കളെ അഭിമുഖീകരിച്ച മോശ, രൂപീകരണ ത്തിന്റെ മറ്റൊരു മേഖലയിലേക്കാനയി ക്കപ്പെടുന്നു. ആ മരുഭൂമിയുടെ അനുഭവം സുഖകരമായ ഒന്നായിരുന്നില്ല, അതിന്റെ ആരംഭത്തിൽ, അവനെ സംബന്ധിച്ചിട ത്തോളം. മരുഭൂമിയിലെ പ്രവാസം അവനെ ഒരിടയനും, ഭർത്താവും, പിതാവുമൊക്കെ യാക്കി മാറ്റുന്നു. ജീവിത യാത്രയിലെ, തീർത്ഥാടനത്തിലെ വ്യത്യസ്ത പടവുകളി ലൂടെ ദൈവം അവനെ കൈപിടിച്ചു നടത്തുന്നു. അവന്റെ പ്രവാസത്തിലെ അസ്വസ്ഥതകൾ, അരക്ഷിതാവസ്ഥ തന്റെ കുഞ്ഞിന്റെ നാമകരണത്തിലും പ്രതിഫലിക്കു ന്നതായി നാം കാണുന്നു. "ഗർഷോം" "ഞാൻ പ്രവാസിയായി കഴിയുന്നു" എന്നുള്ളതു തന്നെ മോശയുടെ അസ്ഥിത്വ ദു:ഖത്തെ അടിവരയിടുന്നു.

അവനിലേക്കു നീണ്ട ദൈവപരിപാലന അവനെ കത്തുന്ന മുൾപടർപ്പിന്റെ ആശ്ചര്യത്തിലേക്കു ആനയിക്കുന്നതായി നാം അറിയുന്നു. മോശയിൽ ഒരു വലിയ രൂപാന്തരീകരണം ആ ദൈവിക സമാഗമം സാധിതമാക്കുന്നു. നിയോഗം ഏറ്റുവാങ്ങുക മാത്രമല്ല, പിന്നെയോ തന്റെ ഇടയ ദണ്ഡിൽ ദൈവിക ശക്തിമുഴുവൻ ആവേശിക്കപ്പെടു ന്നതിനു സാക്ഷികൂടിയായി അവൻ മാറുന്നു, ആ സംഗമത്തിൽ. ഈജിപ്തിലെ അടിമ ത്വത്തിൽ നിന്നും ദൈവജനത്തെ മോചിപ്പിച്ച് തേനും പാലും ഒഴുകുന്ന കാനാനിലേ ക്കാനയിക്കുന്ന ആ വലിയ ദൗത്യത്തിൽ, ഒഴുക്കായി സംസാരിക്കുവാൻ കഴിയാത്ത അവന്റെ ബലഹീനതയെ അവന്റെ സഹോദരനായ അഹറോന്റെ സഹകരണ ത്തിലൂടെ ദൈവം മറികടക്കുന്നു. തനിക്കായി ദൗത്യം ഏറ്റെടുക്കുന്ന മനുഷ്യന്റെ അസാധ്യതകളെപ്പോലും സാധ്യതയാക്കുന്ന ദൈവപരിപാലനയുടെ തരളിത ഈജിപ്തിൽ മോശയുടെ ഫറവോനുമായുള്ള ഇടപെടലു കളിലും, സംവാദങ്ങളിലും നാം ദർശിക്കുന്നു. ദൈവത്തിന്റെ പ്രവർത്തികൾ അത്ഭുതമായി ഇസ്രയേലിനുമേലും വിപത്തുകളായി ഈജിപ്തിനുമുകളിലും നിപതിച്ചപ്പോൾ കഠിന ഹൃദയനായ ഫറവോന്റെ മനോഭാ വത്തെയും അത് സ്വാധീനിക്കുന്നതായി നാം മനസ്സിലാക്കുന്നു. വിട്ടയക്കപ്പെട്ട ജനതയ്ക്കും, അവരെ പുറപ്പാടിന്റെ അനുഭവത്തിൽ കൂടെയായിരുന്നു നയിച്ച ദൈവത്തിനുമിടയിൽ മാധ്യമമാകുന്ന മോശ, അലറുന്ന ചെങ്കട ലിനും, ആർത്തിരമ്പിയടുക്കുന്ന ഫറവോന്റെ സൈന്യത്തിനും ഇടയിൽ പതറിയില്ലായെന്നും, തന്നെ ഉരുവാക്കി, പരിശീലിപ്പിച്ച്, വളർത്തി വലുതാക്കി, വിളിച്ച് വേർതിരിച്ച്, ദൗത്യം നൽകി ശാക്തീകരിച്ച ദൈവത്തിലേക്ക് കണ്ണുകളും ഹൃദയവും ഉയർത്തിയതായും നാമറിയുന്നു. എന്റെ സഹായം ആകാശവും ഭൂമിയും, അതിലെ സമസ്ഥവും സൃഷ്ടി ച്ചവന്റെ സന്നിധിയിലാണെന്ന ബോധ്യം, അവൻ പറയുന്നതുപോലെ പ്രവർത്തിക്കു മ്പോൾ, രൗദ്രഭാവം തുളുമ്പുന്ന കടലും വരണ്ടുണങ്ങിയ പാതയായി മാറുമെന്ന യാഥാർത്ഥ്യവും മോശയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. വാഗ്ദത്തനാട് ഒരു ഉയർന്ന മലയിൽ കയറിനിന്നു കാണുവാനുള്ള ഭാഗ്യം മാത്രമാണ് മോശയ്ക്കുണ്ടായത്. നിയമാ വർത്തന പുസ്തകം സാക്ഷിക്കുന്നതു പോലെ താൻ നയിച്ച ജനതയെ ആശീർവദി ച്ചനുഗ്രഹിച്ച് മോശ കടന്നുപോകുന്നു. "കർത്താവ് മുഖാമുഖം സംസാരിച്ച മോശ യെപ്പോലെ മറ്റൊരു പ്രവാചകൻ പിന്നീട് ഇസ്രയേലിൽ ഉണ്ടായിട്ടില്ല"(നിയമാവർത്തനം 34:10)എന്ന വിശേഷണത്തോടെ. ദൈവ പരിപാലനയുടെ തരളിത മാനം ഇവിടെ അവസാനിക്കുന്നില്ല. അതിന്റെ ക്രമാനുഗ തമായ തുടർച്ച, പൂർണ്ണതയിലേക്കുള്ള പ്രയാണം, ദൈവിക ഇടപെടലുകളുടെ അനന്യത തുടരുന്ന നേതൃത്വം, അങ്ങനെ പലതും പ്രസക്തമാണിവിടെ തുടർന്നും ചർച്ചചെയ്യാൻ.

### അനുധാവനം ചെയ്യുന്ന ദൈവം

വിശ്വാസ തീർത്ഥാടനത്തിലെ മറ്റൊരു അനന്യതയാണ് ദൈവത്തിന്റെ അനുധാവനം. ഈ യാഥാർത്ഥ്യത്തെ ആഴത്തിൽ മനസ്സിലാക്കിയ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ "ഐക്യദാർഢ്യം"എന്ന പദം നിരന്തരം തന്റെ പ്രഭാഷണങ്ങളിലും, ലേഖനങ്ങളിലും, അഭിമുഖങ്ങളിലും ഉപയോഗിച്ചതായി നാം കാണുന്നു. അതേ പാത പിന്തുടർന്ന് ഫ്രാൻസിസ് മാർപാപ്പയും "അനുധാവനം" എന്ന വാക്ക് സമൃദ്ധമായി ഉപയോഗിക്കുന്നു. രക്ഷാകര വ്യാപാരത്തിൽ നിരന്തരം അനുധാവനം ചെയ്യുന്ന ദൈവത്തിന്റെ പ്രവർത്തികളെ ഹെബ്രായർക്ക് എഴുതിയ ലേഖനം, ഇപ്രകാരം സംഗ്രഹി ക്കുന്നു; "പൂർവ്വകാലങ്ങളിൽ പ്രവാചകർ വഴി വിവിധ ഘട്ടങ്ങളിലും, വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു"(ഹെബ്രാ 1:1).

അവതീർണ്ണ വചനമായ നമ്മുടെ കർത്താവ് യേശു മിശിഹാ ഒരു വ്യക്തിയെ അവന്റെ/അവളുടെ വിശ്വാസ തീർത്ഥാടന ത്തിൽ എങ്ങനെ അനുധാവനം ചെയ്യുന്നു വെന്നുള്ളതിന്റെ മകുടോദാഹരണം, തന്റെ സുവിശേഷത്തിൽ നാലാമദ്ധ്യായത്തിൽ യോഹന്നാൻ വരച്ചുകാട്ടുന്നു. സെൻഹെദ്രീ നിലെ പ്രമുഖനായ നിക്കോദിമോസിനോടുള്ള സംവാദത്തിന് ശേഷം, ഒരു സാധാരണക്കാരി യായ, അല്ലെങ്കിൽ സമൂഹ ഭ്രഷ്ട് നേരിടുന്ന ഒരു സമരിയാക്കാരിയെ, വിശ്വാസ രൂപീകരണത്തിൽ ക്രമാനുഗതമായി മുന്നേറു വാൻ യേശു സഹായിക്കുന്നു. അവൾക്കായി കർത്താവ് കാത്തിരുന്നു എന്നു തന്നെയാണ് സത്യം. ഇനിയും അന്വേഷിച്ചലയാൻ അവളെ കർത്താവ് അനുവദിക്കുന്നില്ല എന്നു തന്നെയാണ് യാഥാർത്ഥ്യം. തന്റെ മഹിമ വെടിഞ്ഞ് ശൂന്യവൽക്കരണം നടത്തുന്നതാണ് മനുഷ്യാവതാര രഹസ്യത്തിന്റെ കാതലെങ്കിൽ, ഈ ദൈവമനുഷ്യ സമാഗമത്തിലും അതു തന്നെയാണ് സംഭവിക്കുക. മാത്രമല്ല ഉയരാ നിടയുള്ള കുറ്റപ്പെടുത്തലുകൾ, തെറ്റിധാരണ കൾ, ഒറ്റപ്പെടുത്തലുകൾ ഇവയൊന്നും അവി ടുന്ന് കണക്കാക്കുന്നില്ല. കാരണം സ്നേഹം പ്രതിബന്ധങ്ങളറിയുന്നില്ല. അതിലുപരി "ഒരു വൻപോലും നശിക്കാതെ നിത്യജീവൻ പ്രാപി ക്കുകയെന്നത്" പരമപിതാവിന്റെ ഹിതം തന്നെ യാണ് (യോഹ 3:16).

"എനിക്കു കുടിക്കുവാൻ തരിക" സംഭാ ഷണം ആരംഭിക്കുക ഒരു സാധാരണ ആവ ശ്യത്തോടു കൂടിയാകാമെന്നു ഒരു പക്ഷേ നമുക്ക് തോന്നാം. "എനിക്ക് ദാഹിക്കുന്നു" എന്ന് അവിടുന്ന് കുരിശിലെ യാഗത്തിലും അരുളി ചെയ്തു. ദൈവത്തിന്റെ സ്നേഹം മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ചു വസിക്കു



ബോൾ, ആ തണലിലേയ്ക്കുള്ള ഊഷ്മളമായ ക്ഷണമായിരുന്നു, സമരിയാക്കാരിയ്ക്ക് അത്. അവിടെ അവളിൽ നിസ്സാരമെന്നു തോന്നാവുന്ന ഒരാവശ്യം, ആശ്ചര്യവും, വിസ്സമയവും ഉളവാക്കിയെന്നു നാം തുടർന്നു വായിക്കുന്നു. വിശ്വാസത്തിന്റെ ദീപം മനസ്സിൽ തെളിഞ്ഞു തുടങ്ങിയ അടുത്ത നിമിഷം, പ്രസക്തമായ ഒരു ചോദ്യം അവളുന്നയിക്കുന്നു. അവളുടെ സ്വത്വബോധവും ആ ചോദ്യത്തിൽ നിഴലിച്ചു നിന്നിരുന്നു. ഒരു യഹൂദനാൽ അംഗീകരിക്കപ്പെട്ടുവെന്നുള്ള അതിശയവും, അമ്പരപ്പും നിലനിൽക്കുമ്പോൾ, രക്ഷകനിലേയ്ക്കുള്ള ക്രമാനുഗത ഉയർച്ചയിലേക്ക് കർത്താവ് അവളെ നയിക്കുന്നു.

സാധാരണമായ ഒരാവശ്യത്തിൽ നിന്നും, അന്വേഷകന്റെ വ്യക്തിത്വത്തിലേക്ക് കർത്താവ് അവളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. നിർണ്ണായകപദങ്ങൾ ഒരു വാചകത്തിൽ കർത്താവ് ഉപയോഗിക്കുന്നു. "ദൈവത്തിന്റെ ദാനം" നാം ചർച്ച ചെയ്യുന്ന വിഷയത്തിന്റെ പ്രസക്തിയെ അടിവരയിടുന്നു. "അറിയുക" വിശ്വാസത്തിൽ വളരെ പ്രധാനപ്പെട്ടതാണുതാനും. "ജീവജലം" ദൈവത്തിൽ നിന്നു വിശ്വാസിയുടെ ഹൃദയത്തിലേക്കു നിർഗളിക്കുന്ന ജീവന്റെ ഉറവയെ സൂചിപ്പിക്കുന്നു. അങ്ങനെ ഒരു വിശ്വാസി ജീവ ജലത്തിന്റെ വാഹകനായി/വാഹകയായി മാറി അനേകരിലേക്ക് ഒഴുകിയിറങ്ങുന്ന മാധ്യമമായി മാറുന്നു. എന്നോ ഒരിക്കൽ കൈമോശം സംഭവിച്ച അടിസ്ഥാന നിഷ്കളങ്കതയിലേയ്ക്കുള്ള മടക്കത്തിന്റെ തുടക്കം നാം സമരിയാക്കാരിയിൽ കാണുന്നു. അവളുടെ വിശ്വാസ സംഹിതകളിലേയ്ക്കുള്ള തിരനോട്ടം, പൂർവ്വപിതാവായ യാക്കോബിലെത്തിയെന്നു മാത്രമല്ല, വിശ്വാസത്തിന്റെ മൂലക്കല്ലുതേടിയുള്ള അന്വേഷണവും അവൾ ആരംഭിക്കുന്നു പ്രസക്തമായ ഒരു ചോദ്യത്തിലൂടെ; "... ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനാണോ നീ?" നിത്യ ജീവനു വേണ്ടിയുള്ള ദാഹം അവളിൽ അദമ്യമായി ഉളവാക്കുന്ന പ്രതികരണമായിരുന്നു അതിനുള്ള ഈശോയുടെ മറുപടി. അതോടൊപ്പം അവളെ യാഥാർത്ഥ്യങ്ങളിലടിസ്ഥാനമായ ഒരടയാളം നൽകി സ്ഥിരികരിക്കുവാനും അവിടുന്ന് തയ്യാറാകുന്നു. ദൈവമനുഷ്യ സമാഗമങ്ങളിൽ എല്ലാം "അടയാളങ്ങൾ" വളരെ പ്രസക്തങ്ങൾ തന്നെയാണ്. മോശയ്ക്കും ഗിദയോനും, കന്യകാമാതാവിനും, സഖറിയായ്ക്കും എല്ലാം ഈ അടയാളങ്ങൾ ലഭിച്ചിട്ടുണ്ട്. "ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല" എന്നുള്ള അടയാളം ജീവിതത്തെ തുറവിയോടെ അംഗീകരിക്കുവാൻ അവളെ ശക്തയാക്കിയെന്നു മാത്രമല്ല യേശുവിനെ "പ്രവാചകനായി" അംഗീകരിക്കുവാൻ അവളെ തയ്യാറാക്കുക കൂടി ചെയ്യുന്നു.

ഇവിടെ മുതൽ വിശ്വാസ വഴികളിലെ മറ്റൊരു നിർണ്ണായകതയായ ആരാധനയിലേക്ക് സംഭാഷണത്തിന്റെ ഗതിമാറുന്നു. "സ്ത്രീയേ, എന്നെ വിശ്വസിക്കുക" ഇവിടെ വളരെ പ്രസക്തമാണ്. യേശുവെന്ന അടിസ്ഥാന കൂദാശയുടെ അടിവരയിടൽ, അവനിൽ കേന്ദ്രീകൃതമായ ആരാധനയുടെ വിശദീകരണവുമാണ് തുടർന്നു നടക്കുക. "ദൈവം ആത്മാവാകുന്നു: അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്". ശക്തമായ ഈ വചനം പ്രത്യാശയോടെയുള്ള നോക്കിപ്പാർക്കലിന്റെ സാക്ഷ്യത്തിലേക്ക് അവളെ നയിക്കുന്നു. "മിശിഹാ- ക്രിസ്തു വരുമെന്നു എനിക്കറിയാം" എന്നു മാത്രമല്ല "അവൻ വരുമ്പോൾ എല്ലാ കാര്യങ്ങളും ഞങ്ങളെ അറിയിക്കും" എന്നുള്ള വിശ്വാസ പ്രകരണം നടത്തുവാൻ അവൾ പ്രാപ്തയാകുന്നു. അവിടെ യേശുതന്നെ അവൾക്കു സ്ഥിരീകരണം നൽകുന്നു. "നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ". ഇവിടെ ഉപയോഗിക്കുന്ന പദങ്ങൾ, അന്നു കത്തുന്ന മുൾപ്പടർപ്പിൽ മോശയ്ക്കു ദർശനം നൽകി, ദൗത്യം ഭരമേൽപ്പിക്കുമ്പോൾ, യഹോവ തന്നെ തന്നെ നിർവചിക്കുവാനുപയോഗിച്ച പദങ്ങൾ തന്നെയാണ് തികച്ചും യാദൃശ്ചികമല്ല.

ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ നിമിഷം ഒരു വലിയ മാറ്റം സമരിയാക്കാരി സ്ത്രീയിൽ നടക്കുന്നു. ആ നട്ടുച്ചയ്ക്ക് കിണറ്റിനരുകിലേക്ക് അവളെ നയിച്ച സാഹചര്യങ്ങളോ, ഉദ്ദേശ്യമോ എന്തു തന്നെയാകട്ടെ, അവൾ അതെല്ലാംമറക്കുന്നു. ഒരു പക്ഷേ അവൾ അവളെ തന്നെ മറക്കുന്നു. ഒരു പുതിയ ദൗത്യമേറ്റെടുത്തു യേശുവിനു സാക്ഷിയാകുന്ന വ്യക്തിത്വമായി അവൾ മാറുന്നതായി സുവിശേഷം സാക്ഷിക്കുന്നു. അതു സാധിതമാക്കിയതോ അവതീർണ്ണ വചനമായ യേശുവിന്റെ അനുധാവനവും .

തന്റെ ജനതയെ ശേഖരിച്ചു വിശ്വാസത്തിന്റെ ദീപ്തി പകർന്നു നൽകുവാൻ ദൈവം നിരന്തരം വ്യാപൃതനാണെന്നും നാം മനസ്സിലാക്കി, ദൈവ പരിപാലനയുടെ തണൽ അവർക്കു നിരന്തരം കോട്ടയാണെന്നു നാമറിഞ്ഞു വിശ്വാസ തീർത്ഥാടനത്തിൽ നമ്മെ അനുധാവനം ചെയ്യുവാൻ അവിടുന്നു ഉൽസുകനാണെന്നും നാം കണ്ടു. വിശ്വാസമെന്ന ദാനം നാം ഇനിയും കൂടുതൽ മനസ്സിലാക്കും അടുത്ത പംക്തികളിലൂടെ.



### സഭയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ 2

# ഗാഡലൂപ്പേ മാതാവ്

## Our Lady of Guadalupe Mexico



റവ. ഫാ. മാത്യു ചാർത്താക്കുഴിയിൽ

മെക്സിക്കോയിലെ ഗാഡലൂപ്പേ മാതാവിന്റെ നാമത്തിലുള്ള ബസിലിക്കാ ലോകത്തിൽ ഏറ്റം കൂടുതൽ തീർത്ഥാടകർ സന്ദർശിക്കുന്ന മരിയൻ തീർത്ഥാടന കേന്ദ്രമാണ്. നമ്മുടെ നാട്ടിൽ ഈ തീർത്ഥാടന കേന്ദ്രം യൂറോപ്പിലെ മരിയൻ തീർത്ഥാടന സ്ഥലങ്ങളെപ്പോലെ പ്രശസ്തമല്ലെങ്കിലും ഒരു വർഷം രണ്ടു കോടി ഇരുപതു ലക്ഷം ആളുകളാണ് ഇവിടെയെത്തുന്നത്. "മെക്സിക്കോ രാജ്യത്തിലെ 90 ശതമാനം ജനങ്ങൾ കത്തോലിക്കരും 100 ശതമാനം പേരും ഗാഡലൂപ്പേ വിശ്വാസികളും" ആണെന്നൊരു ചൊല്ലുണ്ട്. പലവിധ കാരണങ്ങളാൽ മെക്സിക്കോയുടെ ദേശീയതയുടെ ഭാഗമാണ് ഗാഡലൂപ്പേ മാതാവിലുള്ള വിശ്വാസം. മറ്റെല്ലാ മരിയൻ തീർത്ഥാടന കേന്ദ്രങ്ങളും ഒരു പ്രദേശത്തിന്റെയോ, രാജ്യത്തിന്റെയോ പേരിൽ അറിയപ്പെടുകയും, കരുതപ്പെടുകയും ചെയ്യുന്നു. എന്നാൽ ഗാഡലൂപ്പേ രണ്ടു ഭൂഖണ്ഡങ്ങളിലുള്ള (വടക്കേ അമേരിക്കയും, തെക്കേ അമേരിക്കയും) ജനങ്ങൾ തങ്ങളുടെ സ്വന്തമെന്നു കരുതുന്നു. തങ്ങളുടെ പരിപാലകയും, സംസ്കാരങ്ങളെ സംരക്ഷിക്കാൻ സഹായിക്കുന്നവളും, വിശ്വാസ പരിരക്ഷകയുമൊക്കെയായിട്ടാണ് ഗാഡലൂപ്പേ മാതാവിനെ അവർ കാണുന്നത്. ആഗോള കത്തോലിക്കാ സഭയിലെ മരിയ ഭക്തിയുടെ ഒഴിച്ചു കൂടാനാവാത്ത ഒത്തിരി കാര്യങ്ങൾ ഗാഡലൂപ്പേയിലുണ്ട്.

ബ്രസീൽ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കത്തോലിക്കാ വിശ്വാസികൾ വസിക്കുന്ന രാജ്യമാണ് മെക്സിക്കോ. 1519–1521 കാലങ്ങളിൽ നടന്ന "സ്പാനിഷ് അധിനിവേശ" (Spanish conquest) ത്തോടെയാണ് ഇവിടുത്തെ സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. പത്തുകോടിയോളം കത്തോലിക്കർ അധിവസിക്കുന്ന ഈ രാജ്യത്തെ വിശ്വാസത്തിന്റെ പ്രധാന അംശങ്ങളിലൊന്നാണ് ഗാഡലൂപ്പേ മാതാവിനോടുള്ള ഭക്തി. യൂറോപ്പിൽ നിന്നുള്ള മിഷനറിമാർക്കു തങ്ങൾ കണ്ടെത്തിയ പുതിയ ലോകത്തിൽ തദ്ദേശീയ ആചാരങ്ങളെ ആലിംഗനം ചെയ്യാൻ ലഭിച്ച വലിയൊരു അവസരമായിരുന്നു ഗാഡലൂപ്പേ മരിയ ഭക്തി. മെക്സിക്കൽ തനിമയോടു ചേർന്നു പോകുന്ന ആചാരമായതുക്കൊണ്ട് ഇതോടൊപ്പം സുവിശേഷപ്രവർത്തനങ്ങൾക്ക് വലിയ സ്വീകാര്യതയും ലഭിച്ചു. ഇക്കഴിഞ്ഞ നൂറ്റാണ്ടുകളിലൊക്കെ വലിയ പ്രതിസന്ധികളിലൂടെ രാജ്യം കടന്നുപോയപ്പോൾ ഗാഡലൂപ്പേ മരിയ ഭക്തി അവരെ ഒന്നിപ്പിച്ചു. 1810– ലെ മെക്സിക്കൽ സ്വാതന്ത്ര്യ സമരത്തിലും 1910 – ലെ മെക്സിക്കൽ വിപ്ലവത്തിലും ഗാഡലൂപ്പേ മാതാവിന്റെ ചിത്രം പതിപ്പിച്ച കൊടികളുമായിട്ടാണ് അവർ യുദ്ധത്തിലേർപ്പെട്ടത്. പലർക്കും ഇന്നിതു ഫലിതമായി തോന്നാമെങ്കിലും മിക്ക രാജ്യങ്ങളിലും ശക്തമായിക്കൊണ്ടിരിക്കുന്ന ദേശീയതാവാദം പോലെ തന്നെയായിരുന്നു ഇതും. പത്തൊൻപതാം നൂറ്റാണ്ടിൽ മെക്സിക്കോയുടെ ഒന്നാമത്തെ പ്രസിഡന്റായിരുന്ന ഹോസേ മിഗുവേൽ ( Jose Miguel Ramon Adaucto Fernandez y Felix) തന്റെ പേര് ഗാഡലൂപ്പേ വിക്ടോറിയ എന്നു മാറ്റുകയുണ്ടായി.

യുവാൻ ദിയേഗോ (Juan Diego Cuauhtlatoatzin). അസ്റ്റേക് (Aztec) ഗോത്ര വിഭാഗത്തിൽപ്പെട്ട ഒരു ഇന്ത്യൻ വംശജനാണ്. ഈ ആദിവാസി വിശ്വാസിക്കു 1531–ൽ നാലു പ്രാവശ്യം മാതാവ് പ്രത്യക്ഷപ്പെട്ടതാണ് ഗാഡലൂപ്പേ മാതാവിലുള്ള ഭക്തിയുടെ ആധാരം. അദ്ദേഹവും , ഭാര്യ മരിയ ലൂചിയയും (Maria Lucia) അവിടെ വന്ന ആദ്യകാല ഫ്രാൻസിസ്ക്കൽ മിഷനറിമാരാൽ മാമോദീസാ മുക്ക




പ്പെട്ടവരാണ്. 1531 ഡിസംബർ 9–ാം തീയതിയാണ് യുവാൻ ദിയേഗോയ്ക്ക് ആദ്യത്തെ മരിയ ദർശനം ലഭിയ്ക്കുന്നത്. അതിനടുത്ത ദിവസങ്ങളിൽ ദിയേഗോയ്ക്കു മൂന്നു പ്രാവശ്യവും, അദ്ദേഹത്തിന്റെ അമ്മാവന് ഒരു പ്രാവശ്യവും മാതാവിന്റെ ദർശനമുണ്ടായി എന്നാണ് പറയപ്പെടുന്നത്. ഇന്നത്തെ മെക്സിക്കോ നഗരാതിർത്ഥിയിലുള്ള തെപിയാക് (Tepeyac) മലനിരകളിലൂടെ യുവാൻ നടന്നു പോകുമ്പോൾ ഒരു റെഡ് ഇന്ത്യൻ സ്ത്രീയുടെ രൂപസാദൃശ്യത്തിലാണ് മാതാവ് അവന് പ്രത്യക്ഷപ്പെട്ടത്. യുവാൻ സംസാരിച്ചിരുന്ന ആ പ്രദേശത്തെ പ്രാദേശിക ഭാഷയായ നാഹുറ്റൽ (Nahuatl) ഭാഷയിലാണ് മാതാവ് സംസാരിച്ചത്. ദൈവത്തെ ആരാധിക്കുന്നതിലേയ്ക്ക് അവിടെ ഒരു ദേവാലയം നിർമ്മിക്കണമെന്നു മാതാവ് അവനോട് ആവശ്യപ്പെട്ടു. അന്നത്തെ മെക്സിക്കോയിലെ ആർച്ചുബിഷപ്പായിരുന്ന ഫ്രേ യുവാൻ ദി സുമറാഗയെ (Don Fray Juan de Zumarraga 1468–1548) മാതാവിന്റെ ആഗ്രഹ പ്രകാരം ഇക്കാര്യങ്ങളെല്ലാം ബോദ്ധ്യപ്പെടുത്താൻ യുവാൻ ശ്രമിച്ചു. എന്നാൽ യുവാന്റെ അവകാശ വാദങ്ങൾ ആർച്ചുബിഷപ്പ് തള്ളിക്കളയുകയും ഇക്കാര്യങ്ങളൊക്കെ മറ്റുള്ളവർ വിശ്വാസിക്കണമെങ്കിൽ വലിയ അടയാളങ്ങൾ ആവശ്യമാണെന്നു പറയുകയും ചെയ്തു.

ഡിസംബർ 11–ാം തീയതി യുവാൻ ദിയേഗയുടെ അമ്മാവൻ യുവാൻ ബർണർദീനോ (Juan Diego Bernardino 1456– 1544) അസുഖബാധിതനായതിനാൽ ദിയേഗോയ്ക്ക് മാതാവിനോടു ചെയ്ത വാഗ്ദാനം പാലിക്കാൻ സാധിച്ചില്ല. പിറ്റേദിവസം മരണാസന്നനായ ബർണർദീനോയ്ക്ക് അന്ത്യകൂദാശകൾ നൽകുന്നതിനായി ഒരു വൈദികനെ അന്വേഷിച്ച് അടുത്ത ഗ്രാമത്തിലേയ്ക്ക് ദിയേഗോ പോയി. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ മാതാവിനു കൊടുത്ത വാക്കുകൾ പാലിക്കാൻ സാധിച്ചില്ലല്ലോ എന്ന സങ്കടത്തിൽ പതിവു പാതയിൽ നിന്നും അവൻ വഴിമാറി നടന്നു. മാതാവിന്റെ ദർശനം ഒഴിവാക്കുകയായിരുന്നു അവന്റെ പ്രധാന ലക്ഷ്യം. എന്നാൽ അവന്റെ പാതയിൽ മാതാവ് പ്രത്യക്ഷപ്പെടുകയും അവന്റെ യാത്രയുടെ ഉദ്ദേശം ആരായുകയും ചെയ്തു. അമ്മാവന്റെ അസുഖത്തിന്റെ വിവരവും , ബിഷപ്പ് താൻ പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കുന്നതിന് അടയാളം ആവശ്യപ്പെട്ട കാര്യവും അവൻ അവളോടു പറഞ്ഞു. അതിനുത്തുരമായി മാതാവ് അവനോടു ചോദിച്ച ചോദ്യം പിന്നീട് വളരെ പ്രശസ്തമായിത്തീർന്നു. അതു ഇപ്പോൾ അവിടുത്തെ ബസിലിക്കായുടെ മുൻപിൽ എഴുതി വച്ചിട്ടുണ്ട്. “നിന്റെ അമ്മയായ ഞാൻ ഇവിടെയില്ലേ?” (Am I not here , I who am your mother?) അവന്റെ അമ്മാവൻ രോഗത്തിൽ നിന്നും പൂർണ്ണമായും മുക്തനായിരിക്കുന്നുവെന്ന സന്തോഷവാർത്തയും അവൾ അവനോടു പറഞ്ഞു.

മാതാവ് പ്രത്യക്ഷപ്പെട്ടതിന് അടയാളം ആവശ്യപ്പെട്ട ആർച്ചുബിഷപ്പിന് രണ്ടു അത്ഭുതങ്ങളാണ് നൽകപ്പെട്ടത്. ഒരിക്കലും റോസാപൂക്കൾ വിരിഞ്ഞിട്ടില്ലാത്ത തെപിയാക് മലനിരകളിൽ മഞ്ഞുചെയ്യുന്ന ഡിസംബർ മാസത്തിലെ കുളിരിനെ വകവയ്ക്കാതെ നിറയെ റോസാപൂക്കൾ വിടർന്നു. അതിൽ കുറേ പൂക്കൾ ശേഖരിച്ച് ബിഷപ്പിന് സമ്മാനിക്കുവാൻ മാതാവ് അവനോടു ആവശ്യപ്പെട്ടു. അവന്റെ പുറങ്കുപ്പായത്തിനുള്ളിൽ (Tilma) അവിടെ നിന്നും ശേഖരിച്ച കാസ്റ്റിലിയൻ റോസാപൂക്കളുമായി ദിയേഗോ ആർച്ചുബിഷപ്പ് സുമറാഗയുടെ അടുത്തെത്തി. പൂക്കൾ കാണിക്കാനായി പുറങ്കുപ്പായം തുറന്നപ്പോൾ അതിലുണ്ടായിരുന്ന പൂക്കൾ താഴെ വീഴുകയും മാതാവിന്റെ രൂപം അതിൽ കാണപ്പെടുകയും ചെയ്തു. ഇതാണ് പിന്നീട് പ്രസിദ്ധമായിത്തീർന്ന ഗാഡലൂപ്പേ മാതാവ്.

ഇന്നും സാന്റിയാഗോയിലെ മാതാവിന്റെ നാമത്തിലുള്ള ബസിലിക്കായിൽ സൂക്ഷിച്ചിരിക്കുന്ന ആ തുണി (Tilma) കേടുകൂടാതെയിരിക്കുന്നതു തന്നെ ഒരു വലിയ അത്ഭുതമായിട്ടാണ് വിശ്വാസികൾ കരുതുന്നത്. അവിടുത്തെ റെഡ് ഇന്ത്യൻ വംശജരുടെ രൂപ സാദൃ



ശ്യത്തിലുള്ള മാതാവിന്റെ ചിത്രമാണ് ആ തുണിയിൽ പതിഞ്ഞത്. ഒരു രാജ്ഞിയെ പ്പോലെ കഴുത്തിൽ അക്കാലത്തു സ്പെയിൻകാർ തങ്ങളുടെ കപ്പലുകളിലും, പള്ളികളിലും ഉപയോഗിച്ചിരുന്ന കുരിശിത രൂപവും അവൾ അണിഞ്ഞിരുന്നു. അവളുടെ വസ്ത്രം മനോഹരമായ പൂക്കൾക്കൊണ്ട് അല ങ്കരിച്ചിരുന്നു. ഈ അത്ഭുതം റെഡ് ഇന്ത്യൻ വംശജരുടെ ഇടയിൽ ക്രിസ്തീയ വിശ്വാസ ത്തിനു വലിയ സ്വീകാര്യത നൽകുകയും അവരുടെ ഇടയിലുണ്ടായിരുന്ന നരബലി ഉൾപ്പടെയുള്ള ഒരുപാട് അനാചാരങ്ങളെ ഇല്ലാതാക്കാൻ സഹായിക്കുകയും ചെയ്തു. യുവാൻ ദിയാഗോയ്ക്കു വേണ്ടി മാതാവ് പ്രവർത്തിച്ച രണ്ടാമത്തെ അത്ഭുതം അമ്മാ വന്റെ അത്ഭുതകരമായ രോഗസൗഖ്യമായിരു ന്നു. തന്റെ കിടക്കയ്ക്കരികിൽ മാതാവ് പ്രത്യ ക്ഷപ്പെട്ടതായും രോഗം സുഖപ്പെട്ടതായും യുവാൻ ബർണർദീനോ ആർച്ചുബിഷപ്പി നോടു സാക്ഷിച്ചു. ഇതു മാതാവിന്റെ അഞ്ചാ മത്തെ ദർശനമായിട്ടാണ് ഗാഡലൂപ്പേ ദർശന ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

മാതാവിന്റെ രൂപം തെളിഞ്ഞ പ്രത്യേക വസ്ത്രം ആർച്ചുബിഷപ്പ് തന്റെ സ്വകാര്യ ചാപ്പ ലിലാണ് ആദ്യം സൂക്ഷിച്ചത്. പിന്നീട് അതു ദർശിക്കുന്നതിനായി അനേകം സന്ദർശകർ എത്താൻ തുടങ്ങിയപ്പോൾ അടുത്തുള്ള ദേവാ ലയത്തിലേക്ക് മാറ്റി. അവസാനം തെപിയാക്ക പ്രദേശത്തു പ്രത്യേകമായി ഒരു ചാപ്പൽ നിർമ്മിച്ച് അവിടെ ആഘോഷമായി അതു സ്ഥാപിച്ചു. മെക്സിക്കൻ സഭാ ചരിത്രഗതിയെ മാറ്റിമറിച്ച അനേകം അത്ഭുതങ്ങളുടെ സംഗ മവേദിയായി ഈ പ്രദേശം മാറുകയുണ്ടായി. അതിൽ ആദ്യമായി രേഖപ്പെടുത്തിയിരിക്കു ന്നത് മാരകമായി മുറിവേറ്റ ഒരു റെഡ് ഇന്ത്യൻ ബാലൻ അത്ഭുതകരമായി സുഖപ്പെട്ടതാണ്. കളിയിൽ ഏർപ്പെട്ടിരുന്ന കുട്ടികളിലൊരാളുടെ കഴുത്തിൽ അമ്പു മാരകമായ രീതിയിൽ തുളച്ചു കയറി. പേടിച്ചരണ്ട കുട്ടികൾ അമ്പു കഴുത്തിൽ തുളച്ചു കയറിയ ബാലനെ ഗാഡ ലൂപ്പേ മാതാവിന്റെ സന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിച്ചു. അതിനുശേഷം അമ്പു ഊരിയെ ടുത്തപ്പോൾ അവൻ അത്ഭുതകരമായി സുഖ പ്പെട്ടതായി കാണപ്പെട്ടു.

മെക്സിക്കോ നഗരത്തിനു പുറത്തുള്ള മലകളിൽ ടൊനാൻസിൻ ദേവതയുടെ (mother godess Tonantzin) ആരാധനാ സ്ഥലങ്ങളും, അമ്പലങ്ങളും ധാരാളമായിട്ടുണ്ടായിരുന്നു. വളരെ വേഗം തന്നെ അതു ഗാഡലൂപ്പേ മാതാവിനോടുള്ള ഭക്തിയായി പരിവർത്തനം ചെയ്യപ്പെട്ടു. ഈ ഭക്തി മെക്സിക്കോയുടെ സംസ്കാരത്തിന്റെയും വിശ്വാസത്തിന്റെയും ഭാഗമായി മാറി. ജനങ്ങളുടെ ഈ വിശ്വാസ പ്രകടനത്തിനു സഭയുടെ ഔദ്യോഗിക അംഗീകാരം കൂടി ലഭിച്ചതോടെ അമേരിക്ക യിലുടനീളം ഗാഡലൂപ്പേ മാതാവിനോടുള്ള ഭക്തി വളരെ വേഗം പ്രചരിച്ചു. 1995-ൽ കണ്ടെത്തിയ 16-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു ചുരുളിൽ ഗാഡലൂപ്പേ മാതാവു പ്രത്യക്ഷപ്പെട്ടതിനെക്കുറിച്ച് ദീർഘമായി വിവരിക്കുന്നുണ്ട്. 1556-ൽ എഴുതപ്പെട്ട മറ്റൊരു പുരാതന രേഖയിൽ മാതാവിന്റെ പ്രത്യേക രൂപത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 1886-ൽ ന്യൂയോർക്ക് പബ്ലിക്ക് ലൈബ്രറി ഇത് വാങ്ങുകയും അവിടെ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ചരിത്രപരമായി ധാരാളം എതിർപ്പുകളും പല ഭാഗത്തു നിന്നും ഗാഡലൂപ്പേ മാതാവി നോടുള്ള ഭക്തിക്കെതിരെ ഉണ്ടായിട്ടുണ്ട്. ആരംഭ കാലഘട്ടത്തിൽ വൈദികർ ഉൾപ്പടെ ധാരാളം പേർ പരസ്യമായി തന്നെ ഗാഡലൂപ്പേയോടുള്ള തങ്ങളുടെ വിയോജിപ്പ് പ്രകടിപ്പിട്ടിട്ടുണ്ട്. മാതാവിന്റെ ചിത്രത്തിൻ വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന തിനുള്ള ശക്തിയുണ്ടെന്ന് റെഡ് ഇന്ത്യൻസ് വിശ്വസിച്ചിരുന്നു. അത്ഭുതങ്ങൾ അന്വേഷി ച്ചെത്തുന്നവർ അത് ലഭിക്കാതെ വരുമ്പോൾ നിരാശരായി മടങ്ങുന്നു. കുറെപ്പേരൊക്കെ അങ്ങനെ ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കു ന്നതിന് ഇടയായിട്ടുണ്ട്. മെക്സിക്കോയിലെ രണ്ടാമത്തെ ആർച്ച് ബിഷപ്പായിരുന്ന അലോൺസോ ദെ മോന്റുഫോർ ( Alonso de





Montufar 1489-1572) ഗാഡലൂപ്പേ മാതാവിന്റെ ദർശനങ്ങളുടെ ആധികാരികതയെക്കുറിച്ച് വിശദമായ അന്വേഷണങ്ങൾ നടത്തുകയുണ്ടായി. വിശദമായ പഠനങ്ങൾക്കു ശേഷം ആർച്ചു ബിഷപ്പ് അലോൻസോ ഗാഡലൂപ്പേ മാതാവിന്റെ ദർശനങ്ങൾക്ക് അംഗീകാരം നൽകുകയും അവിടെ ഒരു ദൈവാലയം നിർമ്മിച്ചു മാതാവിന്റെ രൂപം പതിഞ്ഞ തുണി അവിടെ സ്ഥാപിക്കുകയും ചെയ്തു.


ഇന്ന് ഗാഡലൂപ്പേ മാതാവിന്റെ നാമത്തിലുള്ള ബസിലിക്കായിലാണ് (Basalica of Our Lady of Guadalupe) മാതാവിന്റെ ഈ പഴയ ചിത്രം പ്രതിഷ്ഠിച്ചിരിക്കുന്നത്. ഈ പുതിയ പള്ളിയുടെ പണി പൂർത്തീകരിച്ചത് 1974-ലാണ്. നാൽപ്പതിനായിരത്തിലധികം ആളുകൾക്ക് ഒരേ സമയം ഇരുന്നാരാധിക്കുന്നതിനുള്ള സൗകര്യം ഇവിടെയുണ്ട്. തിരുന്നാൾ ദിനമായ ഡിസംബർ 12-നും അതിനടുത്ത ദിവസങ്ങളിലും മാത്രമായി 90 ലക്ഷത്തിനടുത്തു തീർത്ഥാടകരാണ് ഇവിടെ എത്തുന്നത്. ബസലിക്കായിലും അനുബന്ധ ചാപ്പലുകളിലുമായി ഒരു ദിവസം മുപ്പതു കുർബാനകൾ അർപ്പിക്കപ്പെടുന്നു.

ജോൺപോൾ 2-മൻ മാർപ്പാപ്പ പല പ്രാവശ്യം ഗാഡലൂപ്പേ സന്ദർശിച്ചിട്ടുണ്ട്. തന്റെ രണ്ടാമത്തെ സന്ദർശന വേളയിൽ 1990 മെയ് 6-ാം തീയതി യുവാൻ ദിയോഗോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയും ചെയ്തു. മാത്രമല്ല സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ ഒരു ചാപ്പൽ ഗാഡലൂപ്പേ മാതാവിന്റെ പേരിൽ പുനർനാമകരണം ചെയ്തു. 2016 ഫെബ്രുവരി 13-ാം തീയതി ഫ്രാൻസിസ് മാർപാപ്പ ഈ ബസിലിക്കാ സന്ദർശിക്കുകയും വി. ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

യുവാൻ ദിയോഗയെ 2002 ജൂലൈ 31-ാം തീയതി ജോൺ പോൾ 2-മൻ മാർപാപ്പാ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തി. അങ്ങനെ യുവാൻ ദിയേഗോ അമേരിക്കൻ ഭൂഖണ്ഡങ്ങളിൽ നിന്നുള്ള ആദ്യത്തെ തദ്ദ്യേശീയനായ വിശുദ്ധനുമായി. അദ്ദേഹം റെഡ് ഇന്ത്യൻ വംശജരുടെ മദ്ധ്യസ്ഥനായി അറിയപ്പെടുന്നു.

മെക്സിക്കോയിലെയും അമേരിക്കൻ വൻകരകളിലേയും തദ്ദേശീരായ ക്രിസ്തീയ വിശ്വാസികൾക്കു അവരുടെ അനന്യതയുടെ ഭാഗമാണ് ഗാഡലൂപ്പേ മാതാവ്. അവരെല്ലാം വംശീയരായി "ഗാഡലൂപ്പേക്കാരാണ്". ഈ രണ്ടു ഭൂഖണ്ഡങ്ങളിലെ അനേകരെ ക്രൈസ്തവ വിശ്വാസത്തിലേക്ക് നയിക്കുന്നതിനും അതിൽ ഉറപ്പിച്ചു നിർത്തുന്നതിനും ഗാഡലൂപ്പേ മാതാവ് സഹായിക്കുന്നു. ഇന്നു മാതാവ് പ്രത്യക്ഷപ്പെട്ട രൂപം പതിഞ്ഞിരിക്കുന്ന വസ്ത്രം അവിടുത്തെ ബസലിക്കയിൽ അനേകർക്ക് മാതാവ് പ്രത്യക്ഷപ്പെട്ടതിന്റെ ചരിത്ര സാക്ഷ്യമായി നിലകൊള്ളുന്നു.









റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ

# മോത്തു പ്രോപ്രിയോ
## Vos estis lux mundi

### ആമുഖം

ആഗോള കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ പരി. ഫ്രാൻസിസ് മാർപാപ്പ കത്തോലിക്കാ സഭയ്ക്ക് മുഴുവനുമായി 2019 മെയ് 7–ന് ഒരു പുതിയ അപ്പസ്തോലിക ലേഖനം മോത്തു പ്രോപ്രിയോയുടെ രൂപത്തിൽ "Vos estis lux mundi" എന്ന ശീർഷകത്തോടുകൂടി പുറപ്പെടുവിച്ചു. ഇത് ഉടനെ തന്നെ വത്തിക്കാൻ മുഖപത്രമായ ഒസർവത്താരോ റൊമാനോ വഴി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇത് അനുസരിച്ച് ഈ നിബന്ധനകൾ 2019 ജൂൺ 1 മുതൽ ഫലത്തിലെത്തും. വരുന്ന 3 വർഷത്തേക്ക് പരീക്ഷണാ (*Ad experimentum*) ടിസ്ഥാനത്തിലാണ് ഈ നിയമം നിലവിൽ വരുക. അതുകൊണ്ട് ഈ കാലയളവിനുള്ളിൽ, തിരുത്തലുകൾ ആവശ്യമായ പക്ഷം അവ വരുത്തി പുതിയ നിയമങ്ങൾ നിലവിൽ വരും. കാലാകാലങ്ങളിൽ മാർപാപ്പമാർ ഭരണനിർവ്വഹണത്തിനും സഭയുടെ ക്രമത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി സ്വയമേവ പുറപ്പെടുവിക്കുന്ന നിയമങ്ങളും മാനദണ്ഡങ്ങളുമാണ് 'Motu proprio' എന്ന പേരിൽ പുറപ്പെടുവിക്കുന്നത്.

കത്തോലിക്കാ സഭയിലെ പ്രായപൂർത്തിയാകാത്തവരുടെ സംരക്ഷണം സംബന്ധിച്ച സമ്മേളനം 2019 ഫെബ്രുവരിയിൽ വത്തിക്കാനിൽ ചേർന്നിരുന്നു. പരി. ഫ്രാൻസിസ് മാർപാപ്പയോടൊപ്പം ലോകമെമ്പാടും നിന്നുള്ള മെത്രാന്മാരുടെ പ്രതിനിധികൾ വത്തിക്കാനിൽ സമ്മേളിച്ച് ശുപാർശകൾ നല്കി. മലങ്കര സുറി

യാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായും ഈ സമ്മേളനത്തിൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഈ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെ ഒരു പ്രതിഫലനവുമാണ് ഈ പുതിയ അപ്പസ്തോലിക ലേഖനം.

പുതിയ മോത്തു പ്രോപ്രിയോ 'വോസ് എസ്തിസ് ലക്സ് മുന്തി' ആരംഭിക്കുന്നത് വി. മത്തായിയുടെ സുവിശേഷം 5-ാം അധ്യായം 14-ാം വാക്യം ഉദ്ധരിച്ചുകൊണ്ടാണ്: "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചു വയ്ക്കുക സാധ്യമല്ല". എല്ലാ മനുഷ്യരേയും നന്മയുടേയും സമഗ്രതയുടേയും വിശുദ്ധിയുടേയും ജീവിതം നയിക്കുവാനായിട്ടാണ് യേശുക്രിസ്തു വിളിക്കുന്നത്. ഇക്കാരണത്താൽ യേശുവിലുള്ള വിശ്വാസം നമ്മുടെ സഹജീവികളോടുള്ള ബന്ധത്തിൽ പ്രകടമാകണം.

'ലൈംഗിക ദുരുപയോഗം' നമ്മുടെകർത്താവിനെ വേദനിപ്പിക്കുന്നു. അതിക്രമങ്ങൾ അതിന് ഇരയാകുന്നവർക്ക് ശാരീരികവും മാനസികവും ആത്മീയവുമായ നഷ്ടം ഉളവാക്കുകയും വിശ്വാസികളുടെ സമൂഹത്തിന് അവവേദനയും ഉണ്ടാകുന്നു. ഇത്തരം അതിക്രമങ്ങൾ സഭയിൽ ഇനി ഉണ്ടാകാതിരിക്കുന്നതിനും മനസുകളുടെ പരിവർത്തനത്തിന് ഉതകുന്ന ക്രിയാത്മകമായ നടപടികൾ ഉളവായി, വ്യക്തിപരമായ വിശുദ്ധിയും ധാർമ്മികതയും സുവിശേഷമൂല്യങ്ങളോട് വിശ്വസ്തതയും ഏവർക്കും ഉണ്ടാകുവാനും സഭയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാകുവാനും ഉപകരിക്കും. പരിശുദ്ധാത്മാവിന്റെ സഹായത്താൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. അതുകൊണ്ടാണ് നമ്മുടെ കർത്താവ് "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല" (യോഹ. 15:5) എന്നരുളിച്ചെയ്തത്. തിന്മകളെ എതിർത്ത് തോൽപ്പിക്കുന്നതിൽ ഒരു പരിധി വരെ നാം വിജയിച്ചെങ്കിലും, കഴിഞ്ഞുപോയ കയ്പേറിയ അനുഭവങ്ങളുടെ പാഠങ്ങളിൽ നിന്ന് പ്രത്യാശയുടെ ഒരു നല്ല നാളയെ പ്രതീക്ഷിക്കാം.

തിരുസഭയെ വിശുദ്ധിയിൽ നയിക്കുന്നതിനുള്ള ഉത്തരവാദിത്വം എല്ലാവരിലും ഉപരിയായി അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർക്കാണെന്ന് പരി. ഫ്രാൻസിസ് മാർപാപ്പ സൂചിപ്പിക്കുന്നു. അജഗണങ്ങളുടെ നായകരായി ദൈവത്താൽ നിയോഗിക്കപ്പെട്ടിരുന്ന മെത്രാന്മാർക്ക് നല്ലിടയനായ യേശുക്രിസ്തുവിന്റെ പാത പിൻതുടരുന്നതിനുള്ള ഉത്തരവാദിത്വമുണ്ട്. ക്രിസ്തുവിന്റെ വികാരിമാരായും നായകരായും പ്രാദേശിക സഭാസമൂഹങ്ങളെ തങ്ങളുടെ നിർദ്ദേശങ്ങളാലും ഉപദേശങ്ങളാലും മാതൃക വഴിയായും പൗരോഹിത്യം വഴിയായും വിശുദ്ധിയുടെ നേർപാതയിൽ നയിക്കാൻ മെത്രാന്മാർക്കുള്ള കടമ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ (*Lumen Gentium*, 27) ഉദ്ധരിച്ചുകൊണ്ട് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു. മെത്രാന്മാരുടെ ഈ ഉത്തരവാദിത്വം തന്നെ സഭയിൽ വിവിധ ശുശ്രൂഷകരായി സേവനം ചെയ്യുന്നവർക്കും സുവിശേഷ വ്രതങ്ങൾ സ്വീകരിച്ചിരുന്നവരുടെയും ഉത്തരവാദിത്വമാണ്. സഭാത്മകമായി ഈ ധാർമ്മിക ഉത്തരവാദിത്വം നിറവേറ്റണമെന്ന് മാർപാപ്പ ആഗ്രഹിക്കുന്നതായി പ്രസ്താവിച്ചുകൊണ്ട് താഴെപ്പറയുന്ന നിബന്ധനകൾ അദ്ദേഹം നല്കുന്നു.

## പൊതു മാനദണ്ഡങ്ങൾ

വൈദികരോ സന്ന്യസ്തരോ ഉൾപ്പെട്ടതായ 6-ാം പ്രമാണത്തിനെതിരായുള്ള പ്രവർത്തികൾ ശ്രദ്ധയിൽപ്പെടുമ്പോഴാണ് ഈ നിബന്ധനകൾ പ്രയോഗത്തിൽ വരുത്തേണ്ടത്. ഒരു വ്യക്തിയെ ബലപ്രയോഗത്താലോ ഭീഷണിയാലോ അധികാരത്തിന്റെ ശക്തി ഉപയോഗിച്ചോ ലൈംഗിക വേഴ്ചയ്ക്കായി പ്രേരിപ്പിക്കുന്നത്, കുട്ടികളെയോ (minors), മാനസിക പക്വതയില്ലാത്തവരെയോ ദുരുപയോഗം ചെയ്യുന്നത്, കുട്ടികളുടെ നഗ്നചിത്രങ്ങൾ നിർമ്മിക്കുന്നതും പ്രദർശിപ്പിക്കുന്നതും വിതരണം ചെയ്യുന്നതും പ്രത്യേകിച്ച് ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി കൈമാറ്റം ചെയ്യുന്നത്, ലൈംഗിക സാഹിത്യ പ്രദർശനത്തിന് തെരഞ്ഞെടുക്കുന്നതോ ചതിവിൽപെടുത്തുന്നതോ ആയ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴാണ് ഈ നിയമാവലി അവലംബിക്കേണ്ടത്.

മുകളിൽ പറഞ്ഞ കുറ്റകൃത്യങ്ങൾക്ക് ഒരു വൈദികനെയോ/ഒരു സന്ന്യാസിയെയോ സിവിൽ നിയമത്തിന്റെയോ കാനോനിക നടപടിക്രമത്തിന്റെയോ അടിസ്ഥാനത്തിൽ വിചാരണ നേരിടുമ്പോൾ അത് വൈകിപ്പിക്കാനോ ഉപേക്ഷിക്കാനോ ബോധപൂർവമോ ഉപേക്ഷയാലോ ശ്രമിച്ച പാത്രിയാർക്കീസ്, കർദ്ദിനാൾ, മെത്രാൻ, മാർപാപ്പയുടെ പ്രതിനിധികൾ, ഭദ്രാസന മെത്രാന്മാർ, വൈയക്തിക നൈയാമിക സ്ഥാനം വഹിക്കുന്ന വൈദികർ, സന്ന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ് എന്നിവരുമാണ് ഈ നിയമസംഹിതയുടെ പരിധിയിൽ വരിക.

## ആക്രമണവിധേയരാകാവുന്ന വ്യക്തികളുടെ സംരക്ഷണം


പ്രായപൂർത്തിയാകാത്തവരെയും ആക്രമണ വിധേയരാകാവുന്ന വ്യക്തികളെയും സംരക്ഷിക്കുന്നതിന് "Vos estis lux mundi" പ്രാധാന്യം നൽകുന്നു. വൈകല്യത്തിന്റെ, ശാരീരികമോ മാനസികമോ ആയ പോരായ്മയുടെ അഥവാ വ്യക്തിപരമായ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതിന്റെ അവസ്ഥയിലുള്ള ഏതു വ്യക്തിയെയും ഉൾക്കൊള്ളാൻ വേണ്ടി ആക്രമണ വിധേയനാകാവുന്ന ഒരു വ്യക്തിയുടെ നിർവചനം വിശാലമാക്കിയിരിക്കുന്നു. ഇതിന്റെ വ്യക്തമായ മനസ്സിലാക്കലിനുവേണ്ടി ചില പദങ്ങളുടെ വിശദീകരണവും മാർപാപ്പ നൽകുന്നു. 18 വയസ്സിനു താഴെയുള്ള ആരെയും മൈനർ ആയി സഭാനിയമം മനസ്സിലാക്കുന്നു. Vulnerable Person: ശൈശവ ദശയിലുള്ളതോ, ശാരീരിക-മാനസിക പക്വത ആർജ്ജിക്കാത്തവരെയോ, വ്യക്തിഗത സ്വാതന്ത്ര്യം ലഭിക്കാൻ സാധ്യതയില്ലാത്തവരുമാണ് ഈ ഗണത്തിൽ വരിക. Child Pronography: ലൈംഗികത നിറഞ്ഞ രംഗങ്ങളിൽ ഒരു കുട്ടിയെ പ്രദർശിപ്പിക്കുന്നത്, യഥാർത്ഥമായോ അയഥാർത്ഥമായോ ലൈംഗിക കൃത്യങ്ങൾ ഉൾപ്പെടുത്തി ഒരു കുട്ടിയെ പ്രദർശിപ്പിക്കുന്നത്, ഒരു കുട്ടിയുടെ നഗ്നചിത്രങ്ങൾ ലൈംഗികതയ്ക്കായി പ്രദർശിപ്പിക്കുന്നതും ഈ നിർവചനത്തിൽ വരുന്നു.

## എല്ലാ ഭദ്രാസനങ്ങളിലും റിപ്പോർട്ട് ചെയ്യാൻ ഒരു കാര്യാലയം

നാളിതുവരെയും വിവിധ മെത്രാൻ സമിതികളും പാത്രിയാർക്കൽ/മേജർ ആർക്കി എപ്പിസ്കോപ്പൽ സുന്നഹദോസുകളും വിവിധ ഭദ്രാസനങ്ങളും ലൈംഗിക ദുരുപയോഗം തടയുന്നതിനുവേണ്ടി സ്വീകരിച്ചിരുന്ന നടപടി ക്രമങ്ങളെ ബഹുമാനിച്ചുകൊണ്ടുതന്നെ എല്ലാ രൂപതാ/ഭദ്രാസനങ്ങളിലും വൈദികരും സന്ന്യസ്തരും ചെയ്യുന്ന ലൈംഗിക ദുരുപയോഗം, കുട്ടികളെ സംബന്ധിച്ച അശ്ലീല സാഹിത്യത്തിന്റെ ഉപയോഗം, ഈ ദുരുപയോഗം മൂടിവയ്ക്കുന്നത് എന്നിവ സംബന്ധിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കാനുള്ള സ്ഥിരമായ - വിശ്വാസികൾക്ക് പ്രാപ്യവുമായ പ്രത്യേക സംവിധാനം എല്ലാ ഭദ്രാസനങ്ങളിലും ഈ നിയമം നിലവിൽ വന്ന് ഒരു വർഷത്തിനകം ഉണ്ടാകണം. ഓരോ ഭദ്രാസനങ്ങളിലും ഇവ സ്ഥാപിച്ചശേഷം വത്തിക്കാൻ പ്രതിനിധിയെ വിവരമറിയിക്കണമെന്നും മാർപാപ്പ നിർദ്ദേശിക്കുന്നു. ഈ സംവിധാനത്തിൽ എന്താണ് അടങ്ങിയിരിക്കുന്നതെന്ന് മോത്ത് പ്രോപ്രിയോ വ്യക്തമാക്കുന്നില്ല. അതുകൊണ്ട് പ്രവർത്തനപരമായ തീരുമാനങ്ങൾ അതത് ഭദ്രാസനങ്ങൾക്ക് വിട്ടിരിക്കുന്നു. വ്യത്യസ്ത സംസ്കാരങ്ങളും, പ്രാദേശിക സാഹചര്യങ്ങളും അനുസരിച്ച് ഇവയ്ക്ക് വ്യത്യാസം ഉണ്ടാകാം. ആത്യന്തികമായി, ദുരുപയോഗം സഹിച്ച ആർക്കും ഭദ്രാസനങ്ങളെ ആശ്രയിക്കാൻ കഴിയണം എന്നതാണ് മാർപാപ്പ ലക്ഷ്യം വയ്ക്കുന്നത്. അതേസമയം പരാതിയുമായി വരുന്നവർ നന്നായി സ്വീകരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും പ്രതികാരത്തിൽ നിന്നും സംരക്ഷിക്കപ്പെടുകയും അവരുടെ റിപ്പോർട്ടുകൾ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യപ്പെടുകയും ചെയ്യണം.

## റിപ്പോർട്ട് ചെയ്യുവാനുള്ള കടമ

ദുരുപയോഗം സംബന്ധമായ അറിവു ലഭിക്കുന്ന വൈദികർക്കും (വൈദികശുശ്രൂഷയിലെ രഹസ്യാത്മകത സൂക്ഷിക്കാൻ ബാദ്ധ്യസ്ഥമായ സാഹചര്യമൊഴിച്ച് (CIC c.1548 § 2; CCEO c. 1229 § 2), സന്ന്യാസിമാർക്കും സന്ന്യാസിനികൾക്കും ദുരുപയോഗ സംബന്ധമായ ആരോപണങ്ങളും അതുപോലെതന്നെ ദുരുപയോഗ സംഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള ഏതെങ്കിലും വീഴ്ചകളും മൂടിവയ്ക്കലുകളും സഭാധികാരികൾക്ക് സത്വരമായി റിപ്പോർട്ട് ചെയ്യുവാൻ കടമയുണ്ട്. ഈ കടമ, മുമ്പ് വ്യക്തിപരമായ മനഃസാക്ഷികൾക്ക് വിട്ടിരുന്നുവെങ്കിലും



ഇപ്പോൾ അത് സാർവ്വത്രികമായി സ്ഥാപിക്കപ്പെട്ട നിയമാനുസൃത നിർദ്ദേശമായി തീർന്നിരിക്കുന്നു. ഈ കടമ വൈദികർക്കും സന്ന്യസ്തർക്കുമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും ഒരു അത്മായ അംഗത്തിനും ഈ സമ്പ്രദായം പ്രയോജനപ്പെടുത്താവുന്നതാണ്.

### സിവിൽ നിയമങ്ങളെ ആദരിക്കുന്നു

ഓരോ രാജ്യത്തിന്റെയും നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ ആ രാജ്യത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള കടമകളും അവകാശങ്ങളും അംഗീകരിച്ച് മുൻവിധികൾ കൂടാതെ ഈ നിയമം നടപ്പാക്കാനും പ്രത്യേകിച്ച് ഉന്നതാധികാരികൾക്ക് ഇവ സംബന്ധിച്ച ഒരു റിപ്പോർട്ട് കൈമാറുന്ന വേളയിൽ ആ രാഷ്ട്രത്തിന്റെ നിയമസംവിധാനങ്ങളെ ബഹുമാനിക്കണമെന്ന് മാർപാപ്പ അനുശാസിക്കുന്നു.

### ദുരുപയോഗം റിപ്പോർട്ടു ചെയ്യപ്പെടുന്നവരുടെയും ഇരകളുടെയും സംരക്ഷണം

ലൈംഗിക ദുരുപയോഗം റിപ്പോർട്ട് ചെയ്യുവാൻ തയ്യാറാകുന്നവരെ സംരക്ഷിക്കുവാൻ വേണ്ടി പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത് ശ്രദ്ധേയമാണ്. "Vos estis lux mundi" -ലെ വ്യവസ്ഥകൾ അനുസരിച്ച്, ദുരുപയോഗം റിപ്പോർട്ട് ചെയ്യുന്നവരെ മുൻവിധിക്കോ പ്രതികാരത്തിനോ വിവേചനത്തിനോ അവർ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിന്റെ കാരണത്താൽ വിധേയരാക്കാൻ പാടില്ല. ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം, കുമ്പസാരത്തിന്റെ കൗദാശിക മുദ്ര നിരുപാധികവും അലംഘനീയവുമായി നിലകൊള്ളുന്നു. ഈ നിയമസംഹിത അതിനെ ഒരു തരത്തിലും ബാധിക്കുന്നില്ല.

ഇരകളോടും അവരുടെ കുടുംബങ്ങളോടും അന്തസ്സോടും ആദരവോടും കൂടെ പെരുമാറണമെന്നും അവർക്ക് ഉചിതമായ ആത്മീയവും ചികിത്സാപരവും മനഃശാസ്ത്രപരവുമായ സഹായം ലഭിക്കണമെന്നും "Vos estis lux mundi" -ലെ നിബന്ധനകൾ നിർദ്ദേശിക്കുന്നു.

### അന്വേഷണത്തിന്റെ കാലദൈർഘ്യം

ദുരുപയോഗ സംബന്ധമായ റിപ്പോർട്ട് ലഭിച്ചശേഷം ഓരോ 30 ദിവസങ്ങളിലും, അന്വേഷണത്തിന്റെ ചുമതലയുള്ള വ്യക്തി (പാത്രിയാർക്കീസ്/മേജർ ആർച്ചുബിഷപ്പ്/ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്, etc.). പരി. സിംഹാസനത്തിന് അന്വേഷണത്തിന്റെ അവസ്ഥ സംബന്ധിച്ച ഒരു തൽസ്ഥിതി റിപ്പോർട്ട് സാധാരണ ഗതിയിൽ അന്വേഷണം 90 ദിവസത്തെ കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ന്യായമായ കാരണത്താൽ നീട്ടിവയ്ക്കലുകൾ സാധ്യമാണ്. കാലദൈർഘ്യം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ അന്വേഷണത്തിൽ ഭാഗഭാക്കുകളാകുന്ന റോമൻ കൂരിയാ സത്വരമായി പ്രവർത്തിക്കേണ്ട ആവശ്യകതയും സൂചിപ്പിക്കുന്നു.

### അത്മായരുടെ പങ്ക്

അന്വേഷണത്തിൽ അത്മായ വിശ്വാസികൾക്ക് നൽകാൻ കഴിയുന്ന സഹകരണം കണക്കിലെടുക്കേണ്ടതാണ്. അന്വേഷണത്തിന് നേതൃത്വം നല്കുന്ന മെത്രാപ്പോലീത്താ "യോഗ്യതയുള്ള വ്യക്തികളുടെ" സഹായം തേടാവുന്നതാണ്. അത്മായ വിശ്വാസികളുടെ പ്രത്യേക നൈപുണ്യങ്ങളും തൊഴിൽപരമായ വൈദഗ്ധ്യങ്ങളും പരിഗണിച്ച് സഹകരിക്കാൻ സന്നദ്ധതയുള്ള യോഗ്യരായ വ്യക്തികളുടെ പട്ടികകൾ സുന്നഹദോസുകളും മെത്രാൻ സമിതികളും ഭദ്രാസനങ്ങളും തയ്യാറാക്കണമെന്ന് "Vos estis lux mundi" വ്യവസ്ഥ ചെയ്യുന്നു.

### അന്വേഷണത്തിന്റെ അവസാനിപ്പിക്കൽ

കുറ്റങ്ങൾക്കുള്ള ശിക്ഷകൾ മോത്തുപ്രോപ്രിയോ "Vos estis lux mundi" ഭേദഗതി ചെയ്യുന്നില്ല. പ്രാഥമിക അന്വേഷണം റിപ്പോർട്ട് ചെയ്യാനും അന്വേഷണത്തിനുള്ള നടപടിക്രമങ്ങളും മാത്രമാണ് മോത്തുപ്രോപ്രിയോ നൽകുന്നത്. അന്വേഷണത്തിന്റെ അവസാനത്തിൽ അധികാരമുള്ള വത്തിക്കാൻ ഡിക്കാസ്റ്ററിയിലേക്ക് അന്വേഷണഫലം അയച്ചുകൊടുക്കുന്നു. നിലവിലുള്ള കാനോനിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ, പ്രാഥമിക അന്വേഷണങ്ങളുടെ ഫലങ്ങളുടെ അടിസ്ഥാനത്തിലും പരിശുദ്ധ സിംഹാസനത്തിന് അന്വേഷണ വിധേയനായ വ്യക്തിയുടെ മേൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

### ഉപസംഹാരം

പരി. ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച നിയമപരമായ ഈ പുതിയ രേഖയോടുകൂടി ദുരുപയോഗം തടയുവാനും അതിനെതിരെ പോരാടുവാനുമുള്ള മറ്റൊരു സമൂർത്തമായ ചുവട് കത്തോലിക്കാ സഭ സ്വീകരിക്കുകയാണ്. മാർപാപ്പയുടെ വാക്കുകളിൽ സൂചിപ്പിക്കുന്നതുപോലെ: "ഈ പ്രതിഭാസങ്ങൾ അവയുടെ എല്ലാ രൂപങ്ങളിലും ഇനി ഒരിക്കലും സംഭവിക്കാതിരിക്കാൻ വേണ്ടി, ഹൃദയങ്ങളുടെ നിരന്തരവും അഗാധവുമായ മാറ്റം ആവശ്യമാണ്. തിരുസഭയിലെ എല്ലാവരും ഉൾപ്പെടുന്ന ഫലപ്രദവും സമൂർത്തവുമായ പ്രവർത്തനങ്ങൾ അതിന് സാക്ഷ്യം വഹിക്കണം". ദുരുപയോഗവും അക്രമവും റിപ്പോർട്ട് ചെയ്യുവാനുള്ള പുതിയ നടപടിക്രമങ്ങൾ സഭയുടെ നന്മയ്ക്കായി ഭവിക്കുമെന്ന് പ്രത്യാശിക്കാം.

കവിത



# മഗ്ദലേന



ഷാജു തേക്കിൻകാട്ടിൽ

മഗ്ദലേന,
നീയെന്റെ കിനാക്കളിൽ
പുതുതാരമായോൾ!
മഗ്ദലേന,
നീ വാക്കിന്റെയർത്ഥം
അറിഞ്ഞവൾ!
പാപഭാരത്തിന്റെച്ചുമടും
വഹിച്ചു പോകവേ,
അറിയാതെ ചിതയായ്
എരിഞ്ഞവൾ!
നീ ഓടുന്ന നേരത്തു തിരിഞ്ഞൊന്നു
നോക്കിയാൽ
എറിയാൻ കല്ലുമായ് നിൽക്കുന്നു
ദൂരെ നിന്റെ ചൂടിനാൽ
നരകകവാടം പണിതവർ !
മഗ്ദലേന,
നീ കല്പനകൾ ലംഘിച്ചവൾ!
നിന്റെ പാദങ്ങൾ പൊട്ടിയൊഴുകിയ
ചോരപ്പാടിൽ വീഴുന്നു ശാപവാക്കുകൾ!

എങ്കിലും മഗ്ദലേന,
നീയൊരു ഭാഗ്യ!
ഗുരുവിന്റെ വാക്കിന്റെ അഗ്നിയിൽ
ഹവിസ്സായുയർന്നവൾ!
ചുറ്റിലും പതിയുന്ന പ്രചണ്ഡഘോഷത്തിൽ
ഒരു വാക്കിൻ പൊരുളിൽ
ശലഭമായ് മാറിയോൾ!
ചിതയിലെ ചാമ്പലിൽ
മുളപൊട്ടി വിശുദ്ധയായ് തീർന്നവൾ!

ഞാനിന്നും ഗുരുവചസ്സിന്
അർത്ഥമറിയാതലയുന്നു!
ഹൃദയ ഭിത്തിയിൽ
മുറിവേൽക്കാതമരുന്നു!
പാപച്ചുമടിൻ കീഴിൽ
ഇരുട്ടിന്റെ കോട്ട കെട്ടുന്നു!
മുറിഞ്ഞ ഗുരുപാദത്തിലും
നിരാശതയാർന്ന് കേഴുന്നു!
ചിറകുകളറ്റ് മൃതിയാർന്ന് ശയിക്കുന്നു!

മഗ്ദലേന,
മിഴികൾ പൂട്ടുന്ന നേരം,
അരികത്തു ഗുരുവിനെക്കാണാൻ

ഞാനിനിയെത്ര നാൾ ഓടണം?
വാക്കിന്റെ ശക്തിതിയിൽ സ്വയം
കത്തിയമരുവാൻ
എത്ര ചൂടിൽ ശയിക്കണം?
ശലഭമായൊന്നു പറക്കുവാൻ
പുഴുവായെത്ര നാൾ കഴിയണം?

മഗ്ദലേന,
നീ ഭാഗ്യമാർന്നോൾ!
എന്റെ നാഥന്റെ
പന്ഥാവിൽ ദിശാ സൂചകം
കുറിച്ചവൾ....!

അനുസ്മരണം



# വിശുദ്ധനായ താപസ ശ്രേഷ്ഠ, സമാധാനത്താലെ പോകുക...

**ബഹു. ഫീലിപ്പോസ് നടമലയച്ചനെക്കുറിച്ച് മല്ലപ്പള്ളി സെന്റ് ഫ്രാൻസിസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ നടത്തിയ അനുശോചന സന്ദേശം.**

നമ്മുടെ ഈ ഗ്രാമത്തിൽ ജനിച്ച്, ജ്ഞാനത്തിലും പ്രായത്തിലും ദൈവഭക്തിയിലും വളർന്ന് തന്റെ ജീവിതത്തിൽ പരി. റൂഹാ വെളിച്ചം നൽകി കാണിച്ചു കൊടുത്ത തന്റെ ജീവിത വഴിയെ തിരഞ്ഞെടുത്ത് അതിനെ സ്നേഹിച്ച് അതിൽ പൂർണ്ണമായി സമർപ്പണം ചെയ്ത്, അപ്രകാരം ജീവിക്കുന്നവർക്ക് ദൈവപിതാവ് വാഗ്ദാനം ചെയ്തിരിക്കുന്ന വിശ്വസ്തതയാർന്ന ദൈവശുശ്രൂഷയ്ക്കുള്ള പ്രതിഫലം പ്രാപിക്കുവാനായി, നമുക്കെല്ലാവർക്കും ആദരവും സ്നേഹമുള്ള വന്ദ്യനായ പിലിപ്പോസ് നടമലയിലച്ചനെ യാത്രയയ്ക്കുമ്പോൾ ഇടവകയായും സഭയായും ദേശമായും നമ്മൾ ഒരുമിച്ചുകൂടി അച്ചനെ പ്രതി ദൈവത്തെ സ്തുതിക്കുകയും, അച്ചനെ പ്രതി ദൈവത്തോടു നന്ദി പറയുകയും, അച്ചന്റെ ആത്മാവിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന സമയമാണിത്.

സന്യാസ ജീവിതത്തിന്റെ പരുക്കനാർന്ന ജീവിതത്തിന് പേരുകേട്ട സ്ഥലമാണ് കുരിശുമല ആശ്രമം. ദിവംഗതനായ ഫ്രാൻസിസ് ആചാര്യ എന്ന വിദേശ വൈദികൻ നമ്മുടെ പൗരസ്ത്യ ആരാധനയിലും ദൈവശാസ്ത്രത്തിലും പ്രത്യേകിച്ച് പാശ്ചാത്യ സുറിയാനി സഭയുടെ ജീവിതത്തിന്റെ പൈതൃകത്തിൽ ആകൃഷ്ടനായി, ഈ ജീവിതത്തിന്റെ പിൻബലത്തോടുകൂടി ഒരു ഭാരതീയ സന്യാസ ജീവിതം നയിക്കുന്നതിന് കഴിയുമോ എന്ന ചോദ്യവുമായി 1958 കളിൽ നമ്മുടെ നാട്ടിൽ എത്തിയപ്പോൾ, ഭാഗ്യസ്മരണാർഹനായ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനി ഭാഗ്യമോടെ അന്ന് തിരുവല്ലാ അതിരൂപതയിൽ ശ്ലൈഹിക ശുശ്രൂഷ നയിക്കുന്ന കാലം, വന്ദ്യ പിതാവ് ശ്ലൈഹികമായ അനുഗ്രഹവും, അനുവാദവും വാത്സല്യവും കൊടുത്ത് കുരിശുമലയിൽ ഈ സന്യാസ വൈദികൻ ആരംഭിച്ച കുരിശുമല ആശ്രമത്തിന് നമ്മുടെ മല്ലപ്പള്ളി പ്രദേശത്തോട് ബന്ധമുണ്ടാക്കിയ ഒരു പുരോഹിതൻ. പരുക്കനാർന്ന സന്യാസജീവിതം, ആശ്രമജീവിതം എന്നു ഞാൻ സൂചിപ്പിച്ചത്, നമ്മൾ ഇപ്പോൾ കാണുന്നതിനേക്കാൾ അസൗകര്യങ്ങൾ മാത്രമുള്ള സ്ഥലം, കൃഷികൊണ്ടും, പശുവിൻപാൽ വിറ്റും കൊണ്ടുമാത്രം ജീവിതം അതിന്റെ ചിലവുകൾ ഒരു ആശ്രമം നയിച്ചുപോന്ന യഥാർത്ഥ്യം. അതിരാവിലെ ലോകം ഉണരുന്നതിന് മുൻപ് തന്നെ ഉണർന്ന് ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു എന്ന് നമ്മേക്കാൾ മുൻപേ എഴുന്നേറ്റ് പ്രാർത്ഥിക്കുന്ന ഒരു സന്യാസ സമൂഹമായി ആചാര്യ ഫ്രാൻസിസ് എന്ന ഈ വൈദികൻ നമ്മുടെ മലങ്കര ആരാധനക്രമം നമ്മേക്കാൾ ആഴത്തിൽ സ്നേഹിച്ച് രൂപപ്പെടുത്തിയ ഒരു സന്യാസ ഭവനം, അവിടെയാണ് നമ്മുടെ മേക്കരിങ്ങാട്ട് കുടുംബത്തിൽ ജനിച്ചു നമ്മുടെ ഇടവകയുടെ സ്വന്തം മകൻ, നമ്മുടെ സഭയുടെ, നമ്മുടെ ദേശത്തിന്റെ അഭിമാനം, സന്യാസത്തിന്റെ പരിശീലനം, സന്യാസത്തിന്റെ പക്വത ആർജ്ജിച്ചെടുത്ത നാളുകൾ.

ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ഭാഗ്യമോടെ മലങ്കര സുറിയാനി കത്തോലിക്കാസഭയെ നയിച്ചുവന്ന, വന്ദ്യനായ തിരുമേനി നമ്മുടെ ദേശത്തിന്റെ ഭാഗമാണെന്ന് നമുക്കറിയാമല്ലോ. തിരുമേനി മലങ്കരി സുറിയാനി കത്തോലിക്കാ സഭയുടെയും, തിരുവനന്തപുരം മേജർ അതി

രൂപതയുടെയും അദ്ധ്യക്ഷനായിരുന്ന 48 വർഷം, നമ്മെ ഭാഗ്യമോടെ നയിച്ച പിതാവ്, പിതാവിന്റെ ശുശ്രൂഷയിൽ മലയോര പ്രദേശങ്ങളെ പ്രത്യേകം കരുതിയ ഒരു ശുശ്രൂഷയുണ്ട്. അങ്ങനെയാണ് കുരിശുമല ആശ്രമത്തിൽ നിന്ന് നിലയ്ക്കൽ കേന്ദ്രമാക്കിയുള്ള ഒരു പ്രദേശത്തേക്ക് വന്ദ്യനായ പിലിപ്പോസ് നടമലയിലച്ചൻ ശുശ്രൂഷ മാറ്റി സ്ഥാപിക്കുന്നതിന് ഇടയായത്.

ഭാഗ്യസ്മരണാർഹനായ ഗ്രിഗോറിയോസ് തിരുമേനി പ്രിയപ്പെട്ട നടമലയിലച്ചന് കാവലും, കരുതലും, ദിശാബോധവും, സംരക്ഷണവും, ആശ്രമ ജീവിതത്തന് വലിയ ഒരു പ്രകാശവുമൊക്കെ നൽകി മുൻപോട്ടു നയിച്ചു. കുരിശുമലയിൽ നിന്ന് ചായപ്പടിയിലേക്കുള്ള അദ്ദേഹത്തിന്റെ സ്ഥലം മാറ്റം ശുശ്രൂഷയിലെ ആരോഹണം സമർപ്പണത്തിന്റെ മാറ്റിവയ്ക്കുവാനാവാത്ത പ്രതിഷ്ഠ ഭാഗം അദ്ദേഹം നൽകിയപ്പോൾ അദ്ദേഹത്തിന്റെ സന്യാസത്തിന് പരുക്കനാർന്ന സന്യാസ ജീവിതത്തിന്റെ എന്നാൽ വശ്യമായ സന്യാസ ശൈലിയുടെ ഊഷ്മളമായ ഒരു പുതിയ ഘട്ടം ആരംഭിക്കുകയായിരുന്നു.

അദ്ദേഹം തനിയെ ഒരു ആശ്രമത്തിൽ ജീവിച്ചു. കുരിശുമലയിലെ സന്യാസികൾക്ക് അങ്ങനെ ഒരു പ്രത്യേകതയുണ്ട്. 20 വർഷം കഴിയുമ്പോൾ അവർക്ക് ആഗ്രഹമെങ്കിൽ അവരുടെ അധികാരി ബോധ്യപ്പെടുമെങ്കിൽ പുതിയ ഒരു ആശ്രമം സ്ഥാപിച്ച് വ്യക്തിപരമായി ആശ്രമജീവിതം നയിക്കുന്നതിന് അനുവാദമുണ്ട്. അതു വാങ്ങി അദ്ദേഹം ചായപ്പടി, ചായപ്പടി എന്നും നിലയ്ക്കൽ എന്നും മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് ഹൃദയത്തിൽ നിന്ന് മനസ്സിൽ നിന്ന് മാറ്റിവയ്ക്കാനാവാത്ത ഒരു സ്ഥലമാണ്. ക്രിസ്ത്യാനികൾ ഏറെയുണ്ടായിരുന്ന ഒരു സ്ഥലം, പിൽക്കാലത്തേക്ക് അവിടെ നിന്ന് കൂട്ടമായി ഒഴിഞ്ഞ്പോകേണ്ടി വന്ന സ്ഥലം. അവിടെയാണ് പീലിപ്പോസ് നടമലയിലച്ചൻ തന്റെ സുറിയാനി പൈതൃകത്തിന്റെ ആശ്രമ പ്രതിഷ്ഠ രണ്ടാമത് നടത്തുക.

ഈ ആശ്രമ പ്രതിഷ്ഠയിൽ സ്വന്തമായി ഒരു സന്യാസി അവിടെ ജീവിച്ചു എന്നതിനേക്കാൾ അപ്പുറത്ത് സന്യാസജീവിതത്തിന്റെ അനുഗ്രഹം ഒരു ദേശത്തേക്ക് ഒഴുകി, അതിന് സഭ ആവശ്യമായതെല്ലാം കരുതലോടെയും പരിധികൾ വയ്ക്കാതെയും നൽകി എന്നുള്ളതും ചരിത്രത്തിന്റെ സത്യമായ ഒരു കാലമാണ്.

ചായൽപ്പടിയിൽ എന്നത് ഒരു പുരോഹിതന്റെ നാമമായി പോലും അറിയപ്പെടുവാൻ തക്കവണ്ണം ഒരു ദേശത്തിന്റെ സ്വന്തമായി നമ്മുടെ നടമലയിലച്ചൻ. അവിടെയുള്ള എല്ലാ വിഭാഗ ജനങ്ങൾക്കുമായി, എല്ലാ വിഭാഗീയ ചിന്തകൾക്ക് അതീതമായും നാടിന്റെ സ്വാമി അച്ചനായും കാവി ധരിച്ച നമ്മുടെ ഈ നടമലയിലച്ചൻ അവിടെയെല്ലാവർക്കും സംലഭ്യനായി, ക്രിസ്തീയ സമൂഹത്തിന് സജീവ സാക്ഷ്യ മായി. നിലയ്ക്കൽ എന്ന നമ്മുടെ പൊതു വികാരത്തിന്റെ സൗമ്യമായ ഒരു നാമമായി നടമലയിലച്ചൻ നിലകൊണ്ടു. സംഘർഷങ്ങൾ ഉരുണ്ടുകൂടിയപ്പോൾ നമ്മുടെ ഈ ദേശക്കാരൻ നമ്മുടെ ഈ പീലിപ്പോസച്ചൻ എല്ലാ ബന്ധങ്ങളും കൂട്ടിചേർക്കുന്നതിന് ഭാഗ്യസ്മരണാർഹനായ ഗ്രിഗോറിയോസ് തിരുമേനിയോട് ഒരുമിച്ചു, ആ പ്രദേശത്തുള്ള സകല ക്രൈസ്തവ സഭകളോടും ഒരുമിച്ച് എന്നും ശക്തമായ നേതൃത്വം നൽകി, സ്നേഹത്തിൽ മാത്രം പ്രത്യാശയർപ്പിച്ചുകൊണ്ട്, നീണ്ട വർഷങ്ങൾ മാർ ഗ്രീഗോറിയോസ് തിരുമേനിയോട് ഒന്നിച്ചുകൊണ്ട് തിരുമേനിയുടെ കീഴിൽ ചായപ്പടിയിലെ ശുശ്രൂഷ, ഇടവകയുടെ വികാരിയായും, ആ ദേശത്തിന്റെ സമുദ്ധാരകനായും അദ്ദേഹം പ്രവർത്തിച്ചു. ആതുരശുശ്രൂഷ, പാവപ്പെട്ട കുടുംബങ്ങൾക്ക് കൈതാങ്ങായിട്ടുള്ള ശുശ്രൂഷകൾ. ഇന്ന് നാം ജനകീയാസൂത്രണം എന്ന് 1979–ന് ശേഷം അറിയപ്പെട്ടു വരുന്ന ജനകീയമായ സമുദ്ധാരണ പദ്ധതികൾ തുടങ്ങുന്നതിന് മുൻപ് ഒരു ഗ്രാമത്തിൽ ഇവയെല്ലാം തനതായ രീതിയിൽ ആവിഷ്കരിച്ച് അനേകം കുടുംബങ്ങളെ മുഖ്യ ധാരയിലേക്ക് കൊണ്ടുവന്നതാണ് നമ്മുടെ പ്രിയപ്പെട്ട നടമലയിലച്ചൻ.

അവിടെ വിദ്യാഭ്യാസത്തിന്റെ വലിയ ഉദ്ധാരണം നടന്നതും നമ്മുടെ അച്ചനിലൂടെയാണ്. മാർ ഗ്രിഗോറിയോസ് തിരുമേനി നഗരങ്ങളിലേയും മറ്റു സ്ഥലങ്ങളിലേയും അഭിവൃദ്ധിക്ക് ഹേതുവാകുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനേക്കാൾ അതിനെയേറെ പ്രോത്സാഹനം നൽകിയ സ്ഥലമാണ് ഈ ചായപ്പടി. പിലിപ്പോസ് അച്ചൻ എന്ത് ചോദിച്ചാലും പിതാവ് വളരെ ഔദാര്യത്തോടുകൂടി പ്രോത്സാഹിപ്പിക്കും. ഇപ്പോൾ അവിടെ വലിയ കലാലയങ്ങൾ, വിദ്യാഭ്യാസത്തിന്റെ വലിയ വഴികൾ തുറന്നിട്ടത് അത് വിസ്തൃതമാക്കിയത് നമ്മുടെ അച്ചന്റെ കരങ്ങളിലൂടെയാണ്.

ഭരണാധികാരികളോടുള്ള അദ്ദേഹത്തിന്റെ വിനയമാർന്ന ഇടപെടൽ വഴി അനേകം നന്മകൾ ഏത് സർക്കാർ ഭരിച്ചാലും ആ കാലത്തെല്ലാം ദേശത്തേക്ക് കൊണ്ടുവരുന്നതിന് ഇടയായിട്ടുണ്ട്. എളിയവനായ എന്റെ ശുശ്രൂഷയിൽ അച്ചനോടൊപ്പം ഈ പ്രവർത്തനങ്ങൾ എല്ലാം ഒരു ദിവസം മുഴുവൻ അച്ചൻ കൊണ്ടു നടന്നു എന്നെ കാണിച്ചു. ഞാൻ ചായപ്പടിയിൽ ഒരു ദിവസം മുഴുവൻ ചിലവഴിച്ചു. ആ പ്രദേശത്തെല്ലാമുള്ള ശുദ്ധജലം ആ ഗ്രാമത്തിൽ മുഴുവൻ എത്തിക്കുന്നതിന് എക്കാലത്തും അച്ചൻ നടത്തിയിട്ടുള്ള ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ കലാലയത്തിന്റെ പുരോഗതി, മതസൗഹാർദ്ധമെന്ന് വിശേഷിപ്പിക്കാവുന്ന ഈ കാലഘട്ടത്തിന്റ അനിവാര്യതയെ മറ്റ് പേരുകളിൽ അദ്ദേഹം ആ ദേശത്തെ മുഴുവൻ ഒരു ചരടിൽ കോർത്തിണക്കി.

സ്വാമി അച്ചന്റെ നേതൃത്വത്തിലുള്ള ഒരു പരിപാടിക്കും ക്രിസ്ത്യാനികൾ മാത്രമായി അവിടെ കൂടിയിട്ടില്ല, എല്ലാ വിഭാഗ ജനങ്ങളും അദ്ദേഹത്തിന്റെ കരവലയത്തിൽ സുരക്ഷിതമായിരുന്നു. അദ്ദേഹം നിലയ്ക്കൽ പ്രസ്ഥാനത്തിന്റെ വലിയ കരുത്ത് പകർന്നിട്ടുള്ള വൈദികനാണ്. ആധുനിക ചരിത്രം മാറി മാറി എഴുതുമ്പോൾ ഈ കാവി പുതച്ച നിഷ്പാദുകനായ സന്യാസിയെ ഓർക്കുമോ, ഇനിയും എന്ന് എനിക്ക് നിശ്ചയമില്ല പക്ഷേ നിലയ്ക്കൽ 80–കൾ ഇപ്പുറത്തേക്ക് വരുമ്പോൾ ഉരുണ്ടുകൂടിയ കാർമേഘങ്ങളിൽ ഒലിച്ചുപോകാത്തവിധമുള്ള തടയിണകൾ നിർമ്മിച്ചു നിർത്തിയ ചുരുക്കം ആളുകളിൽ നേതൃനിരയിൽ നിന്ന് തന്റെ സമർപ്പണം നൽകിയ ആളാണ് നടമലയിലച്ചൻ. അദ്ദേഹം അനേകം മനസ്സുകളിൽ ഇപ്പോഴും ജീവിക്കുന്നു. ആശ്രമത്തിന്റെ വളപ്പിൽ നിന്ന് മാറാതെ അദ്ദേഹം ജീവിച്ചു. ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് ബാവാ തിരുമേനിയുടെ അനുഗൃഹീതമായ ശുശ്രൂഷാവേളയിൽ അദ്ദേഹം തന്റെ ജീവിതത്തിന്റെ ആഗ്രഹം പിതാവുമായി പങ്കുവച്ചു. ബഥനി ആശ്രമത്തോട് ചേർന്ന് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ സായാഹ്നം ചിലവഴിക്കുന്നതിന് അദ്ദേഹം വലിയ സന്യാസപരമായ ഒരു സമർപ്പണം നടത്തുകയുണ്ടായി.

മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്രയിൽ എല്ലാവർഷവും വള്ളിക്കുരിശ് തയ്യാറാക്കി, ഈ കഴിഞ്ഞ എല്ലാ വർഷങ്ങളിലും കൊണ്ടുവന്നിരുന്നത് നടമലയിലച്ചനാണ്. പദയാത്ര ആരംഭിച്ചകാലം മുതൽ ഇന്നോളം അദ്ദേഹമാണ് വള്ളിക്കുരിശുമായി ദേവാലയത്തിൽ എത്തുക. അത് അദ്ദേഹത്തിന്റെ ഒരവകാശമായിരുന്നു. അദ്ദേഹം അനുഗ്രഹമായി അത് കരുതി. മാർ ഈവാനിയോസ് പിതാവുമായുള്ള ബന്ധം തന്റെ പദയാത്രയിലും ആ ദേശത്തിന്റെ സമുദ്ധാരണത്തിലും അദ്ദേഹം നിർവഹിച്ചു. ആത്മീയമായ കരുത്തിൽ ജീവിച്ചു നമ്മുടെ ഈ നാട്ടുകാരൻ, ആത്മീയമായ കരുത്തിൽ സമഗ്രമായ പ്രശ്നങ്ങളെ പൗരോഹിത്യത്തിന്റെ എളിമയാർന്ന ശുശ്രൂഷയിലൂടെ ലോകത്തിന് നൽകി എന്നതാണ് നടമലയിലച്ചനെ പ്രതി ദൈവസന്നിധിയിലും മനുഷ്യസമൂഹത്തിലും അച്ചനെ സന്തോഷത്തോടെ ഓർക്കാൻ കഴിയുന്നത്.

രാജ്യത്തിന്റ ഒരു ബഹുമതിയോ, രാജ്യത്തിന്റെ ഭരണത്തിലെ ഒരാവശ്യമോ ഇല്ലാതെ ഒരു ദേശം ഒരാളെ സ്വന്തമാക്കുന്നുവെങ്കിൽ ചായപ്പടിയിലെ സ്വാമി അച്ചൻ അതിന് ജീവിക്കുന്ന ഒരുദാഹരണമാണ്. കാവി പുതച്ച ഈ സന്യാസി, വ്യതിരക്തമായ ഭാഷയിലും അർത്ഥത്തിലും അന്നും ഇന്നും നമ്മോട് സംസാരിക്കുന്ന നമ്മുടെ അച്ചൻ, നമ്മുടെ ദേശത്തിന് തന്നുകൊണ്ടിരിക്കുന്നത് അഭിമാനവും ഒരു ദേശത്തിന്റെ സ്നേഹവും ദൈവത്തിന്റെ അനുഗ്രഹവുമാണ്. ഈ അച്ചൻ

തന്നെ ഒരുക്കിയവന്റെ, തന്നെ ഇങ്ങോട്ട് അയച്ചവന്റെ സന്നിധിയിലേക്ക് പോയിരിക്കുന്നു. അപരിചിതമായ ഒരു സ്ഥലത്തേക്കല്ല, അറിയാത്ത ഒരാളിന്റെ പക്കലേക്കല്ല, അമ്മയുടെ ഉദരത്തിൽ രൂപം കൊള്ളുന്നതിന് മുമ്പ് അറിഞ്ഞവന്റെ അടുത്തേക്ക്. ഉള്ളം കയ്യിൽ സംരക്ഷിച്ചുപോന്ന തമ്പുരാന്റെ അടുത്തേക്ക് വിളിക്കപ്പെട്ടിരിക്കുമ്പോൾ നഷ്ടബോധത്തിന്റെ കണക്ക് നിരത്തേണ്ട ആവശ്യം നമുക്കില്ല.

ദൈവം ഒരുക്കി, രൂപപ്പെടുത്തി നമുക്കു തന്നു, പക്വമായി അത് രൂപപ്പെട്ടു, അനുഗ്രഹമായി അത് വളർന്നു, കൃപയായി അത് പെയ്തിറങ്ങി. ഗോതമ്പ് മണി നിലത്ത് വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും, അഴിയുന്നെങ്കിലോ അത് ഏറെ ഫലം പുറപ്പെടുവിക്കും. ഫലം പുറപ്പെടുവിച്ച് അതിന്റെ കണക്ക് കൊടുക്കാൻ ഈ വിശ്വസ്തനായ സന്യാസി സ്വർഗ്ഗത്തിലേക്ക് പോയിരിക്കുമ്പോൾ ദൈവമേ ഒരായിരം നന്ദി എന്നല്ലാതെ, ഒരായിരം നന്ദി ദൈവമേ എത്രമാത്രം കരുണ മേക്കരിങ്ങാട്ട് കുടുംബത്തോട് കാട്ടുവാൻ തന്റെ ഇടവകയോട് കാട്ടുവാൻ ഈ ദേശത്തോട് കാട്ടുവാൻ, സഭയോട് കാട്ടുവാൻ, മനുഷ്യകുലത്തോട് കാട്ടുവാൻ അവിടുന്ന് എത്രയോ ഉന്നതനാണ്. ഈ വൈദികൻ നമ്മുടെ സഭയുടെ ഭാഗമാണ് എന്ന് പറയുന്നതിൽ ഹൃദയം നിറയെ സന്തോഷമുണ്ട്. ഈ വൈദികൻ നമ്മുടെ സഭയുടെ ശുശ്രൂഷ പൗരോഹിത്യത്തിൽ ചരിത്രം എഴുതിയ പുരോഹിതൻ എന്നു പറയാൻ അനല്പമായ അഭിമാനുമുണ്ട്, ആഹ്ലാദമുണ്ട്. നമ്മുടെ ഈ ദേശത്തുക്കാരൻ എന്നു പറയാൻ വ്യക്തിപരമായി സന്തോഷവും അഭിമാനവുമുണ്ട്.

അച്ചൻ ഇനി സ്വർഗ്ഗത്തിലിരുന്നു പ്രാർത്ഥനയുടെ ശക്തികൊണ്ട് തുടങ്ങിവച്ച കാര്യങ്ങൾ, കണ്ടുമുട്ടിയ നമ്മളെപ്പോലുള്ളവരും കൂടുതൽ ദൈവബന്ധത്തിൽ വളരുന്നതിന് സഹായകരമായി മദ്ധ്യസ്ഥ വഹിക്കട്ടെ. ഈ സമൂഹത്തിൽ അച്ചന്റെ ശുശ്രൂഷ ഏറ്റുവാങ്ങിയ എല്ലാവരുടെയും പേരിൽ ആയിരക്കണക്കിന് മനുഷ്യമക്കൾ സഭാമക്കൾക്ക് എല്ലാവരുടെയും നന്ദി ദൈവമേ അങ്ങയോട് അറിയിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നാമത്തിൽ പ്രത്യേകമായ ഈ സമയത്ത് പ്രിയപ്പെട്ട മേക്കരിങ്ങാട്ട് കുടുംബത്തോട്, കുടുംബാംഗങ്ങളോട് നമ്മുടെ ഈ ഇടവകയോട്, ബഥനി ആശ്രമത്തോട്, അച്ചന്റെ ശുശ്രൂഷ ഏറ്റുവാങ്ങിയ നിലയ്ക്കൽ പ്രദേശത്തിലെ നുറുകണക്കിന് കുടുംബങ്ങളോട്, സഭയുടെ സ്നേഹവും പ്രാർത്ഥനയും ബന്ധവും അറിയിക്കുന്നു. അച്ചൻ നിര്യാതനായതിനുള്ള അനുശോചനം ഞാൻ അറിയിക്കുന്നത് ഉചിതമല്ല. ഇങ്ങനെയൊരു വൈദികനെ നമുക്ക് കർത്താവ് നൽകിയതിൽ അവിടുത്തോട് നന്ദി പറയുന്നു. ഈ അനുഗ്രഹിതമായ പൗരോഹിത്യ സന്യാസ ജീവിതം അനേകം മനസ്സുകളിൽ സന്യാസത്തിന്റേ യഥാർത്ഥമായ ചൈതന്യം പൗരോഹിത്യത്തിന്റേ ഇനിയും തുറക്കപ്പെടേണ്ട സമഗ്രമായ സമർപ്പണ വഴികൾ നിറയ്ക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രിയപ്പെട്ട പിലിപ്പോസച്ചന്റെ ആത്മാവിന് ദൈവം നിത്യ ശാന്തി നൽകട്ടെ. അച്ചന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

അഭിവന്ദ്യനായ നമ്മുടെ അതിരൂപതയുടെ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി സഭയുടെ ശുശ്രൂഷയുമായി ബന്ധപ്പെട്ട് പിതാവ് സന്ദർശനത്തിനായി വിദേശ രാജ്യങ്ങളിലാണ്. വന്ദ്യപിതാവ് ഈ അച്ചനുമായി, നമ്മുടെ ഈ കുടുംബവുമായി വളരെ അടുത്ത ഒരു ബന്ധമുണ്ടല്ലോ. വന്ദ്യ പിതാവിന്റെ പ്രാർത്ഥനയും സ്നേഹവും ബന്ധവും ഈ സമയത്ത് എല്ലാവരേയും ഞാൻ അറിയിക്കുന്നു. ഇവിടെ വന്ന് പ്രാർത്ഥിക്കുന്നതിന് നാളത്തെ കബറടക്ക ശുശ്രൂഷയിൽ എനിക്ക് പങ്കെടുക്കാൻ സാധിക്കാതിരിക്കുന്നതുകൊണ്ടാണ് ഇന്ന് വാസ്തവത്തിൽ ഈ പ്രാർത്ഥനയ്ക്ക് വേണ്ടി മാത്രമാണ് ഞാൻ തിരുവനന്തപുരത്തു നിന്ന് ഇവിടെ എത്തിയത്. അത് എന്റെ കടമയാണ്, ശുശ്രൂഷയാണ്, മാറ്റിവയ്ക്കാനാവാത്ത ഭാഗമാണ് എന്ന് എനിക്ക് ബോധ്യമുള്ളതുകൊണ്ട് കൂടിയാണ് നമ്മുടെ ഈ ദേശത്ത് അച്ചന്റെ മൃതശരീരം കൊണ്ടുവരുമ്പോൾ ഇവിടെ വന്ന് പ്രാർത്ഥിക്കാം. കുടുംബാംഗങ്ങളോടൊപ്പം പ്രാർത്ഥിക്കാം. ഇടവകയോടും ദേശത്തോടുമൊപ്പം പ്രാർത്ഥിക്കാം എന്ന് കരുതിയാണ് ഞാൻ ഇവിടെ വന്നത് പ്രാർത്ഥിച്ചത്.

ഈ ശവസംസ്ക്കാര ശുശ്രൂഷയിൽ എല്ലാ കാര്യങ്ങളും ക്രമീകരിക്കുന്ന നിങ്ങൾക്കെല്ലാവർക്കും പ്രത്യേക നന്ദി. സഭയുടെ കൃതജ്ഞത ഞാൻ അറിയിക്കുന്നു. എല്ലാവരേയും ദൈവമായ കർത്താവ് ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രിയപ്പെട്ട ജനറാളച്ചന്മാരും, തിരുവല്ലാ അതിരൂപതയുടെ വികാരി ജനറാളും അമേരിക്കയിലെ നമ്മുടെ ഭദ്രാസനത്തിന്റെ വികാരി ജനറൽ ചരിവുപുരയിടത്തിൽ അച്ചൻ നമ്മുടെ പ്രിയപ്പെട്ട ആശ്രമത്തിലെ ജനറാളച്ചൻ നമ്മുടെ സഹോദരി സഭകളിലെ പ്രിയപ്പെട്ട വൈദിക സഹോദരങ്ങൾ ജനപ്രതിനിധികൾ നമ്മുടെ ഇടവകയിലെ മക്കൾ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, മേക്കരിങ്ങാട്ട് കുടുംബാംഗങ്ങൾ, മല്ലപ്പള്ളിയിലെ സാമൂഹിക രാഷ്ട്രീയ നേതാക്കൾ എല്ലാവരോടുമുള്ള നമ്മുടെ സഭയുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു. എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.



# ഉപകാരസ്മരണ

ഒരു വിശ്വാസി

അനുസ്മരണം





റവ. സി. ജൂലി എബ്രഹാം ഡി. എം

# സ്നേഹ സ്മരണിക
# സിസ്റ്റർ ഫ്രാൻസീനാ ഡി.എം

അഞ്ചു പതിറ്റാണ്ടുകളോളം, സ്വർഗ്ഗീയ പിതാവിന്റെ മണവാട്ടിയായി ജീവിച്ച് മേരി മക്കൾ സമൂഹത്തിലായിരുന്നു കൊണ്ട് ധന്യമായ സമർപ്പണ ജീവിതത്തിലൂടെ, ഈ ലോകത്തിൽ ദൈവം ഏൽപ്പിച്ച തന്റെ ദൗത്യം പ്രശംസനീയമാം വിധം പൂർത്തിയാക്കി മേരിമക്കളുടെ കൂട്ടായ്മയിൽ നിന്നും, തന്റെ സ്വർഗ്ഗീയ സമ്മാനത്തിനായി, ദൈവസന്നിധിയിലേക്ക് മെയ് മാസം 1-ാം തീയതി പുലർച്ചെ 12.49 ന് ഫ്രാൻസീനാമ്മ എന്ന് വാത്സല്യത്തോടെ ഏവരും വിളിക്കുന്ന സിസ്റ്റർ ഫ്രാൻസീനാ കടന്നുപോയി.

ചങ്ങനാശ്ശേരി അതിരൂപതയിൽ, മാടപ്പള്ളി ഇടവകയിൽ, പള്ളിക്കൽ കുടുംബത്തിൽ, വർഗ്ഗീസ്-മറിയാമ്മ ദമ്പതികളുടെ 6 മക്കളിൽ രണ്ടാമത്തെ മകളായി സിസ്റ്റർ ഫ്രാൻസീന ജനിച്ചു. ഇളയ സഹോദരി സി. ഗ്രിഗറി മേരി മക്കൾസമൂഹത്തിലെ അംഗമാണ്.

ആഴമേറിയ ദൈവ ബന്ധത്തിൽനിന്നും പക്വവും പവിത്രവുമായ മനുഷ്യബന്ധം കാത്തുസൂക്ഷിച്ച ഫ്രാൻസീനാമ്മയുടെ ജീവിതം, വഴിത്താരയിൽ ദൈവം കത്തിച്ചുവച്ച മൺചിരാതായിരുന്നു. ആ വെളിച്ചത്തിലൂടെ നടന്നാണ് സമൂഹത്തിനകത്തും പുറത്തുമുള്ള അനേകം പേർ സ്വർഗ്ഗത്തെ കണ്ടുമുട്ടിയത്. നീണ്ട 34 വർഷക്കാലം മേരിമക്കൾ സമൂഹത്തിന് നോവിസ് മിസ്ട്രസ്സായും, പ്രൊവിൻഷ്യൽ സുപ്പീരിയറായും സുപ്പീരിയർ ജനറലായും നൽകിയ, ആത്മാർത്ഥവും നിസ്വാർത്ഥവും ത്യാഗനിർഭരവുമായ സ്നേഹ ശുശ്രൂഷകൾ വിലമതിക്കാനാവാത്തതാണ്. ആത്മീയ നേതൃത്വം കൊണ്ട് സമൂഹത്തിന്റെയും മലങ്കര കത്തോലിക്കാ സഭയുടെയും വളർച്ചയെ പുഷ്ടിപ്പെടുത്തിയ, കൃപാസമ്പന്നമായ ആത്മീയ വ്യക്തിത്വമായിരുന്നു ഫ്രാൻസീനാമ്മയുടേത്. 13 ബാച്ചുകളിലായി 150 ഓളം സന്യാസിനികളെ പരിശീലിപ്പിച്ച ഗുരുഭൂത. നോവിസ് മിസ്ട്രസ് എന്ന നിലയിൽ ഫ്രാൻസീനാമ്മയെ ഈറൻമിഴികളോടെ എന്നും അനുസ്മരിക്കുന്ന ഒരു ഒരു വലിയ ശിഷ്യ സമൂഹം മേരി മക്കൾ സമൂഹത്തിലുണ്ട്.

സമൂഹത്തിലെ തന്റെ ഔദ്യോഗികമായ ശുശ്രൂഷകൾക്കുശേഷം ജ്വലിക്കുന്ന ദൈവസ്നേഹത്താൽ ദൈവരാജ്യത്തിനുവേണ്ടി സഭയിൽ പ്രവർത്തിക്കാൻ അതിയായി ആഗ്രഹിച്ചു. തന്റെ ആഗ്രഹപ്രകാരം തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ സുവിശേഷ സംഘത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചുവരികെയാണ് ദൈവം തന്റെ സ്വർഗീയ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയത്. സുവിശേഷ സംഘാഗമായതിനുശേഷം ഫ്രാൻസീനാമ്മയുടെ സിരകളിലൂടെ ഒഴുകിയിരുന്നത് 'സുവിശേഷം' മാത്രമായിരുന്നു. അബോധാവസ്ഥയിൽ ആയിരുന്നപ്പോൾ പോലും 'സുവിശേഷ സംഘം' എന്നു പറയുന്നത് കേൾക്കുമ്പോൾ കൈ സ്വർഗ്ഗത്തിലേക്ക് ഉയർത്തി നിശബ്ദതയുടെ ലോകത്തും ദൈവത്തെ സ്തുതിച്ചിരുന്നത് ഓർക്കുന്നു. സുവിശേഷ സംഘത്തിലെ ശുശ്രൂഷയിലൂടെ ജീവിതം മുഴുവൻ സുവിശേഷത്തിന്റെ നേർസാക്ഷ്യമാക്കി മാറ്റിയ, കാർക്കശ്യം നിറഞ്ഞ സന്യാസനിഷ്ഠയുടെ തലം തികഞ്ഞ സന്യാസിനിയായി മാറി. തപസ്സും പ്രാർത്ഥനയും സന്യാസമൂല്യങ്ങളും മുറുകെ പിടിച്ച് സഭയ്ക്ക് ആത്മീയമായ ശക്തി പകരുകയും സഭയുടെ വളർച്ചയിൽ ഭാഗഭക്കാകുകയും ചെയ്തു.

സുവിശേഷസംഘ ശുശ്രൂഷയുടെ ഭാഗമായി ഭാരതത്തിലുടനീളം സഞ്ചരിച്ച്, സ്വർഗ്ഗത്തിനനുയോജ്യമായ ശുശ്രൂഷകളാൽ സഭയെ സമ്പന്നയാക്കിയ വിശ്വസ്ത ദാസി. സ്വതസിദ്ധമായ ലാളിത്യം നിറഞ്ഞ വചന പ്രഘോഷണത്തിലൂടെയും, എഴുത്തുകളിലൂടെയും, സാന്നിധ്യത്തിലൂടെയും, സഞ്ചരിച്ച വഴികളിലെല്ലാം അനേകരെ ദൈവത്തിലേക്ക് അടുപ്പിക്കാൻ ഫ്രാൻസീനാമ്മയ്ക്ക് സാധിച്ചു. ക്രിസ്തുവിനുവേണ്ടി ഏറ്റെടുക്കുന്ന നിലപാടുകളെ പ്രതിയുള്ള സഹനം, സന്തോഷപൂർവ്വം സ്വീകരിച്ചു. സുവിശേഷ സംഘത്തിന്റെ ആരംഭകാലഘട്ടത്തിലെ ക്ലേശനിർഭരമായ ശുശ്രൂഷയിൽ പങ്കുചേർന്ന വ്യക്തി എന്ന നിലയിൽ ഫ്രാൻസീനാമ്മ എന്നും അനുസ്മരിക്കപ്പെടും എന്നതിൽ സംശയമില്ല.

ദൈവത്തിൽനിന്ന് അനേകം നന്മകളും അനുഗ്രഹങ്ങളും സ്വീകരിച്ച ഫ്രാൻസീനാമ്മ താബോറിന്റെ മഹത്വത്തിൽ നിന്നും സമതലങ്ങളിലെ വേദനകളിലേക്ക് ഇറങ്ങാനും, സമതലങ്ങളിൽ നിന്നും താബോർ അനുഭവത്തിലേക്ക് ഉയരാനും കഴിഞ്ഞിരുന്നു. ഹൃദ്യമായ ഇടപെടലിലൂടെ തലമുറകൾ തമ്മിലുള്ള അകലം നികത്തുന്ന ഫ്രാൻസിസ്കൻ സഹോദര്യത്തിന്റെ പാലമായിരുന്നു അമ്മ. അത് സമൂഹത്തിൽ മാത്രമായിരുന്നില്ല. സഭയിലും സഭയ്ക്ക് പുറത്തും ഉള്ളവരെ ബന്ധിപ്പിക്കുന്ന ഒരു കണ്ണി കൂടി ആയിരുന്നു.

ഏവരേയും കേൾക്കുകയും, സ്നേഹപൂർവ്വം ശാസിക്കുകയും, പേരു ചൊല്ലി വിളിച്ച് 'സ്തുതി' പറയുകയും കൈവച്ച് അനുഗ്രഹിച്ച് ദൗത്യത്തിനായി അയക്കുകയും ഞങ്ങളുടെ നിസ്സാരമായ നേട്ടങ്ങളിൽ അഭിനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്തിരുന്നു. മാതൃവാത്സല്യത്തിന്റെ ശൂന്യത അവശേഷിപ്പിച്ചിട്ടാണ് മേരി മക്കളിൽനിന്നും ഫ്രാൻസീനാമ്മ കടന്നുപോയത്

വിജയിക്കുവാൻ അല്ല വിശ്വസ്തരായിരിക്കുവാനാണ് ദൈവം നമ്മെ തിരഞ്ഞെടുത്തത് എന്ന് ആ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേരുവാൻ, ജീവിതം സഹനമാക്കിമാറ്റി ദൈവത്തിന്റെ സ്വപ്നത്തെ സാക്ഷാത്ക്കരിച്ച ഫ്രാൻസീനമ്മയുടെ വിശുദ്ധമായ ഓർമ്മകൾക്ക് മുന്നിൽ ഒരായിരം പ്രണാമം.

കുടുംബസദസ്



# അരുത്; താരതമ്യം ചെയ്യരുത്



അഡ്വ. ചാർളി പോൾ

മറ്റ് കുട്ടികളുമായി സ്വന്തം കുട്ടികളെ താരതമ്യം ചെയ്തു കുറ്റപ്പെടുത്തുകയോ താഴ്ത്തികെട്ടുകയോ ചെയ്യുന്ന മാതാപിതാക്കൾ ശ്രദ്ധിക്കുക.... ആ കുറ്റപ്പെടുത്തലുകൾ നിങ്ങളുടെ കുട്ടികളെ കൊലപാതകികളോ കുറ്റവാളികളോ ആക്കിയേക്കാം. മലപ്പുറം ജില്ലയിലെ എടപ്പാളിലെ പതിനൊന്നുകാരി മരിക്കാനിടയായ സംഭവം വിളിച്ചുപറയുന്നത് അതാണ്.

പഠനത്തിൽ മികവു പുലർത്തിയ അനിയത്തിക്കുട്ടിയെ പുകഴ്ത്തിയും അവളെപ്പോലെയാകണമെന്ന് പറഞ്ഞ് നിരന്തരം വീട്ടുകാർ 14 കാരിയായ കുട്ടിയെ സമ്മർദ്ദത്തിലാക്കി. അടുത്തിട പതിനൊന്നുകാരിക്ക് എൽ.എസ്.എസ്.സ്കോളർഷിപ്പ് ലഭിച്ചപ്പോൾ അഭിനന്ദിച്ച് ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചിരുന്നു. നിരന്തരമുണ്ടായ ഇത്തരം അനുഭവങ്ങൾ പതിനാലുകാരിയുടെ മനം മടുപ്പിച്ചു. ഇതാണ് പതിനൊന്നുകാരിയെ ഇല്ലാതാക്കാനുള്ള മാനസികാവസ്ഥയിലേക്ക് കുട്ടിയെ എത്തിച്ചത്. തുടർന്ന് പതിനാലുകാരി പതിനൊന്നു കാരിയെ കഴുത്തിൽ ഷാൾ മുറുക്കി കൊലപ്പെടുത്തുകയായിരുന്നു. മരിച്ച കുട്ടിയുടെ മാതൃസഹോദരിപുത്രി യാണ് പതിനാലുകാരി. പതിനാലുകാരിയെ ജുവൈനൽ ജസ്റ്റീസ് ബോർഡിനു മുന്നിൽ ഹാജരാക്കി. 2019 ഏപ്രിൽ 27 നാണ് സംഭവം നടന്നത്.

ഒരോ കുഞ്ഞിന്റെയും സാധ്യതകളും പരിമിതികളും മനസ്സും അറിയാതെ പഠനത്തിൽ ഒന്നാമതെത്തണ മെന്ന് വാശിപിടിക്കുന്ന മാതാപിതാക്കളുടെ കണ്ണു തുറപ്പിക്കേണ്ട സംഭവമാണിത്. ഓരോ കുട്ടികളും വ്യത്യസ്തരാണ്. ആ വിഭിന്ന വ്യക്തിത്വത്തെ ആദരിക്കാനും അംഗീകരിക്കാനും കഴിയണം. സ്വന്തം വീട്ടിലെയും അയൽപക്കത്തെയും സ്കൂളിലെയുമെല്ലാം മിടുക്കരായ കുട്ടികളെ ചൂണ്ടിക്കാട്ടി "അവരെക്കണ്ട് പഠിക്ക്, അവരെപ്പോലെയാകണം, നിന്നെയൊക്കെ എന്തിനു കൊള്ളാം, മണ്ടൻ, കഴുത" എന്നൊക്കെ പറഞ്ഞ് ആക്ഷേപിക്കുമ്പോൾ കുട്ടികളുടെ മനസ്സിൽ നീറിപ്പുകയുന്ന അപകർഷബോധത്തെ നാം കാണുന്നില്ല.

ഒരു പാരന്റിംഗ് സിനിമയാണ് സ്ഫടികം. ഈ സിനിമയിൽ ചാക്കോമാഷ് മകനായ ആടുതോമായോട് അടുത്ത വീട്ടിലെ പോലീസുകാരന്റെ മകനെ കണ്ടുപഠിക്കാൻ പറയുന്നുണ്ട്. ആടുതോമ അവനെ വീട്ടിൽ നിന്ന് വിളിച്ചുവരുത്തി അവന്റെ കയ്യിൽ കോമ്പസുകൊണ്ട് കുത്തി മുറിവേല്പിച്ച് നാടുവിടുന്ന സീനുണ്ട്. ഇളയകുട്ടി ജനിച്ചപ്പോൾ അവനോടു കൂടുതൽ സ്നേഹം പ്രകടിപ്പിച്ചതിനാൽ അവഗണിക്കപ്പെടുന്നുവെന്ന തോന്നലിൽ കൊല നടത്തുന്ന 'സിബ്ലിങ്സ് റൈവൽറി'യുടെ കഥ പറയുന്ന സിനിമയും (എന്റെ വീട് അപ്പൂന്റേയും) നമ്മൾ കണ്ടു. താരതമ്യവും അവഗണനയും ആഴമേറിയ മുറിവുകൾ സമ്മാനിക്കുമെന്ന് തിരിച്ചറിയുക.

ഓരോകുട്ടിയും വ്യത്യസ്തങ്ങളായ കഴിവുകളോടെയാണ് പിറന്നു വീഴുന്നത്. ആരും ആരെക്കാൾ താഴെയല്ല (No one is inferior). ആരും ആരെക്കാൾ മുകളിലുമല്ല (No one is Superior). ആരും തുല്യരുമല്ല (No one is equal). എല്ലാ കുട്ടികളും അതുല്യരാണ് (all are unique). കുട്ടികളുടെ വ്യത്യസ്തമായ കഴുവുകളെ പരസ്പരം അംഗീകരിപ്പിക്കുകയും അഭിനന്ദിപ്പിക്കുകയും ചെയ്യുന്ന സമീപനരീതിയാണ് രക്ഷിതാക്കളും അധ്യാപകരും സ്വീകരിക്കേണ്ടത്.

എല്ലാകുട്ടികളും ജീനിയസ്സാണെന്ന് പറഞ്ഞത് ആൽബർട്ട് ഐൻസ്റ്റീൻ ആണ്. പഠനത്തിൽ കഴിവു കുറഞ്ഞ കുട്ടിക്ക് മറ്റ് പലതിനും കഴിവുണ്ടാകും. അവ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും അതിലൂടെ അവരെ ആത്മവിശ്വാസമുള്ളവരാക്കാനുമാണ് ശ്രമിക്കേണ്ടത്. പഠനത്തിൽ ഒന്നാമതെത്താനുള്ള രക്ഷിതാക്കളുടെ മത്സരത്തിന്റെ ഇരകളാക്കി കുട്ടികളെ മാറ്ററുത്. നമ്മുടെ അഭിമാനം കാക്കാനുള്ള വ്യഗ്രതയിൽ കുട്ടികൾക്കും അഭിമാനമുണ്ടെന്ന് മറക്കരുത്.

ഓരോ കുട്ടിയുടെയും ബുദ്ധിശക്തി, അഭിരുചി, അഭിഭാവങ്ങൾ, മറ്റ് പ്രാവീണ്യങ്ങൾ എന്നിവ വ്യത്യസ്ത മാണ്. 1983 ൽ ഹാർവാഡ് സർവകലാശാലയിലെ സൈക്കോളജിസ്റ്റും ന്യൂറോസയൻസ് പ്രൊഫസറുമായ ഹോവാർഡ് ഗാർഡ്നർ മൾട്ടിപ്പിൾ ഇന്റലിജൻസ്' എന്ന ആശയം മുന്നോട്ടുവച്ചു. ബുദ്ധിശക്തിക്ക് പലമേഖല കളിലുമുള്ള പ്രാവീണ്യം ഓരോരുത്തരിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ബുദ്ധിയുടെ ഘടനയുടെ വ്യത്യാസമാണ് ഇതിനുകാരണം. പലതരം ബുദ്ധിശക്തിയുടെ മിശ്രണമാണ് ഓരോരുത്തരിലുമുള്ളത്. ചിലതിന് ചിലരിൽ മുൻതൂക്കം കൂടും. അതനുസരിച്ചാണ് അവരുടെ കഴിവും താല്പര്യവും രൂപപ്പെടുന്നത്. താരതമ്യം ചെയ്യാതെ, അവഗണിക്കാതെ അഭിരുചിക്ക് അനുസൃതമായി പഠിക്കാനും ജോലി തേടാനും കുട്ടികളെ പ്രാപ്തരാക്കു കയാണു വേണ്ടത്.

എഡിറ്റർ :

**ഡോ. തോമസ് കുഴിനാപ്പുറത്ത്**

രചയിതാക്കൾ :

**ഡോ. എ. ജോസഫ് (KIMS)**

**ഡോ. വർഗ്ഗീസ് മാത്യൂ, എടത്വാ**

**പി.കെ.എ. റഷീദ്**

**ഡോ. എം.വി. തോമസ്**

**ഡോ. ബി.രഞ്ജൻ**

**ഡോ. ആൻസി ജയരാജ്**

**കസ്തൂരി ഹരികുമാർ**


**ഫാ. അനു ജോസ് കുന്നിൽ**

**ഡോ. തോമസ് കുഴിനാപ്പുറത്ത്**

**ഡോ. ജിബി ഗീവർഗ്ഗീസ് തോക്കാട്ട്**

**അഞ്ജലി അനിൽകുമാർ**

**ജിനു ജിൻസ്**



മലങ്കര സുറിയാനി
കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും...




ക്രൈസ്തവ
കാഹളം

വായിക്കുക | വരിക്കാരാകുക | പ്രചരിപ്പിക്കുക